2024 MARCH
VOL 23
ISSUE 3
PAGE 48
PRICE ₹50

# കൈറോസ്

കൗമാരക്കാർക്കും യുവജനങ്ങൾക്കുമായുള്ള [illegible] മാസിക

## സ്ത്രൈണ പ്രതിഭയുടെ പ്രസക്തി

### സഭയിലും ആധുനിക ലോകത്തിലും

ഡോ. ബീന മനോജ്



**JESUS YOUTH**
A MISSIONARY MOVEMENT AT THE SERVICE OF THE CHURCH

www.jykairosmedia.org




Statue of the Seven Sorrows of the Blessed Virgin Mary

**നോമ്പിന്റെ ഈ നാളുകളിൽ പരിശുദ്ധ കന്യകാമറിയത്തിന്റെ ഏഴ് വ്യാകുലങ്ങളെ നമുക്ക് ധ്യാനിക്കാം:**

❶ ശിമയോന്റെ പ്രവചനം (ലൂക്കാ 2,34–35) ❷ ഈജിപ്തിലേക്കുള്ള പലായനം (മത്താ 2,13–14) ❸ ബാലനായ യേശുവിനെ ദൈവാലയത്തിൽ കാണാതാകുന്നത് (ലൂക്കാ 2,41–50) ❹ ഈശോയുടെ കുരിശു ചുമക്കൽ (യോഹ 19,17) ❺ ഈശോയുടെ കുരിശുമരണം (യോഹ 19,18–30) ❻ ഈശോയുടെ മൃതദേഹം കുരിശിൽ നിന്നിറക്കി മാതാവിന്റെ മടിയിൽ കിടത്തുന്നത് (യോഹ 19,39–40) ❼ ഈശോയെ കല്ലറയിൽ അടക്കം ചെയ്യുന്നത് (യോഹ 19,39–42)

# വളരാം വിവേകത്തോടെ

**എഡിറ്റേഴ്സ് റൂം - അഡ്വ. കെ.ജെ. ജോൺസൺ**
jjadvocatesjy@gmail.com



വളരെ മിടുക്കനായ വിദ്യാർഥിയായിരുന്നു നെബിൻ. സംഘടനകളിൽ സജീവമായ പങ്കാളിത്തം, മറ്റുള്ളവരോട് നന്നായി പെരുമാറുന്ന രീതി. ഇതെല്ലാം നെബിന് നല്ലൊരു സുഹൃദ്‌വലയം നൽകി. ഡിഗ്രിക്കു പഠിക്കുന്ന സമയത്ത് പല സുഹൃത്തുക്കളും കാറിൽ വരുന്നത് അവനെ ഒരു കാറു വാങ്ങുന്നതിന് പ്രലോഭിപ്പിച്ചു. ഷെയർ ബിസിനസ്സിൽ പണം നിക്ഷേപിച്ചാൽ പെട്ടെന്നു തന്നെ സമ്പാദിക്കാമെന്ന, ഏതോ സുഹൃത്തിന്റെ വാക്കുകൾ അവനെ പ്രചോദിപ്പിച്ചു. ആദ്യം കുറച്ചു ലാഭം കിട്ടിയത് അവനെ ആവേശഭരിതനാക്കി. പലരിൽ നിന്നും നിക്ഷേപങ്ങൾ സ്വീകരിച്ചും, കാറു വാങ്ങിയും, ആർഭാടജീവിതം നയിച്ചും മുന്നോട്ടു നീങ്ങവേ ഷെയർ ബിസിനസ്സിൽ തിരിച്ചടികൾ നേരിട്ടു. മൂന്ന് വർഷത്തിനുള്ളിൽ വലിയ സാമ്പത്തിക വളർച്ച പ്രതീക്ഷിച്ചയാൾ നാലാം വർഷം കോടികളുടെ കടക്കാരനായി. മാനസികമായും ശാരീരികമായും തളർന്നു; സുഹൃത്തുക്കളാൽ ഉപേക്ഷിക്കപ്പെട്ട നെബിൻ ആത്മഹത്യയെക്കുറിച്ച് ചിന്തിച്ചു തുടങ്ങി.

പടിപടിയായുള്ള വളർച്ചയാണ് ജീവന്റെ അടിസ്ഥാനതത്ത്വം. മനുഷ്യന്റെ സമസ്ത മേഖലകളിലും വേണ്ട ഒന്നാണിത്. ഏതൊരു വളർച്ചക്കും വേണ്ടത് അതിനനുസൃതമായ സമയമാണ്. അതിന് മൂന്നു കാര്യങ്ങൾ ജീവിതത്തിൽ പരിശീലിക്കേണ്ടതുണ്ട്.

ക്ഷമാപൂർവം കാത്തിരിക്കണം എന്നതാണ് അതിൽ പ്രധാനപ്പെട്ടത്. ഒരു ചെടി വച്ചാൽ അതിന് ഫലം പുറപ്പെടുവിക്കുന്നതിന് ഒരു സമയക്രമം ആവശ്യമുണ്ട്. ക്ഷമാപൂർവമായ കാത്തിരിപ്പും അതിനടുത്ത പരിചരണവുമാണ് അതിൽ പ്രാഥമികമായത്. വ്യക്തികളുടെ ഏതൊരു പരിശ്രമവും ഫലവത്താകാൻ എടുക്കുന്ന ഒരു സമയമുണ്ട്. അതിനായി ക്ഷമാപൂർവം കാത്തിരിക്കണം. രാജാവാകുമെന്ന് പ്രവചിക്കപ്പെട്ട് അഭിഷിക്തനായ ദാവീദ് വർഷങ്ങൾക്കു ശേഷമാണ് ഇസ്രായേലിന്റെ രാജാവായത്. ആ കാലയളവിൽ അദ്ദേഹം അനുഭവിച്ച ജീവിത യാഥാർഥ്യങ്ങളാണ് അദ്ദേഹത്തെ മഹാനായ രാജാവാക്കി മാറ്റിയത്.

രണ്ടാമതായി വേണ്ടത് ഉറച്ച വിശ്വാസമാണ്. ഒരോ പ്രയത്നങ്ങളും സഫലമാകുമെന്നുള്ള വിശ്വാസം. കൃഷിക്കായി നിലമൊരുക്കുന്ന കർഷകൻ കാലാവസ്ഥയിലുള്ള ഉറച്ച വിശ്വാസത്താലാണ് നയിക്കപ്പെടുന്നത്. പ്രതികൂലമായ കാലാവസ്ഥകളിലും പ്രത്യാശ പുലർത്തലാണ് ആ വിശ്വാസം. ദൈവം സംരക്ഷിക്കും എന്ന വിശ്വാസം.

മൂല്യബോധമാണ് മറ്റൊന്ന്. ഏതൊരു ലക്ഷ്യത്തിന്റെയും അടിത്തറ പണിയേണ്ടത് ഉറച്ച മൂല്യബോധത്തിലാണ്. ID എന്ന ഇഡ്ഡലിമാവ് വ്യവസായത്തിന്റെ ഉടമകളിലൊരാളുടെ അഭിമുഖം കേട്ടിട്ടുണ്ട്. ബാറുകളിൽ സ്നാക്സ് നൽകാൻ കിട്ടിയ ഓർഡർ, വേണ്ടായെന്നു വച്ച അനുഭവം അയാൾ പങ്കുവച്ചു. മൂല്യബോധത്തിൽ ഉറപ്പിക്കപ്പെട്ട ഏതൊരു പ്രയത്നവും നിരന്തരമായി ഫലം പുറപ്പെടുവിപ്പിക്കും.

ഏതൊരു വളർച്ചയ്ക്കും അതിന്റേതായ ഒരു സമയമുണ്ട്. നമുക്കതിനായി കാത്തിരിക്കാം.

എഡിറ്റർ–ഇൻ–ചീഫ്

കെയ്റോസ്
KAIROS ✦ 2024 MARCH ✦ VOL 23 ✦ ISSUE 3 ✦ PAGE 48

Bp. Mar Raphael Thattil
*(Ecclesiastical Advisor, Jesus Youth International)*

**Patrons**
His Beatitude Baselios Cardinal Cleemis
*(Patron, Jesus Youth International)*

His Grace Archbishop Christopher Charles Prowse
*(Patron, Jesus Youth International)*

**Spiritual Director**
Rev. Fr. Simon Cheruvathur *(KJYC Animator)*

**Printer and Publisher**
Reji J. Karot 9447394142

**Executive Director**
Mathew Joseph 9447762273 *(KJYC Coordinator)*

**Editor-in-Chief**
Adv. K.J. Johnson 9447245745

**Executive Editor**
Sajan C.A 9895711718 (kairosmag@jykairosmedia.org)

**Associate Editors**
Sunny Kokkappillil 9446890744
Sujamol Jose 9497166591

**Editorial Board**
Dr. Chackochan Njavallil 9447572513
Arun Antony 9447378547
Shaji Joseph 9895405631
Dr. Nycil Rajesh 9446123934
Joby Thomas 9995213936
Dr. Vineetha Joby 9447499439
Elseena Joseph 9497379891
Jinto John 9495630089
Alfred Wilson 8590834155
Ann Sebastian 7907203851
Chippy Theres Baby 9605895079

**Circulation Co-ordinator**
Anto L Puthur, Cochin, India +91 9605511644

**Associate Circulation Co-ordinators**
***Australia*** Mintu Vijoy, Melbourne +61 452 538 785
***Bahrain*** Neenu Maria Jibin +973 337 15472
***Bangladesh*** Tias Victor Palma +880 1717-152023
***Combodia*** Sophearong Ravy, Phnom Penh +855 96 426 5472
***Canada*** Joby Joseph Ontario +1 2899 686 074
***East Timor*** Sr. Julie Antony +670 77827618 ✆+91 97447 32431
***Germany*** Anna Paul, Berlin +49 176 83495451
***India*** Austin Michael, Mangalore +91 8277405251
***Ireland*** Suresh V Joy +353 87 963 0904
***Israel*** Jaison K Thattil, Tel Aviv +972 55 9974339
***Italy*** Anoop P Varghese +39 3884256258
***Kuwait*** Rajeev J Chacko, Ahmadi +965 66388310
***Malaysia*** Sweety Kamala Prasad +60 162568139
***Netherlands*** Jojo Varghese, Utrecht +31 684974552
***New Zealand*** Derick Daniel, Auckland +642 9127 0650
***Oman*** Jino Joy Ghala +968 953 84654
***Pakistan*** Asif Emmanuel +92 3022534254
***Papua New Guniea*** Abin Michael +675 7479 4368
***Qatar*** Jijomon T C, Doha +974 3045 2347
***Singapore*** Savio Francies +65 9021 9798
***Srilanka*** Sonal Fernando +94 77 3818399
***Switzerland*** Anu Jose +41 799177100
***Thailand*** Vineeth Andrew +66 86 372 6601
***UAE*** Seejo, Dubai +971 502782383
***Uganda*** Mboowa Ronald +256 706844152
***UK*** Mathachen Maduckakuzhy +44 7969 365686
***USA*** Denny Joseph +1 (832) 640-3106

**Finance Manager**
Rani George +91 9446563335 finance@jykairosmedia.org

**Office** Smitha Jose: smitha.jose@jykairosmedia.org

**Mailing Address**
**INDIA:** 8/174, Navodaya Studio Complex,
Thengode P.O, Kochi 682030, Kerala, India.
✉ infoin@jykairosmedia.org
✆ +91 484 2984327

**USA:** Kairos International Inc.,
3010 Mason Grove Ln, Pearland, TX 77584 USA
✉ info@jykairosmedia.org
✆ +1 832 592 3675

www.jykairosmedia.org
Facebook.com/Readkairos
Twitter.com/kairosmalayalam

കെയ്റോസ് മലയാളം/കെയ്റോസ് ഗ്ലോബൽ/
കെയ്റോസ്ബഡ്സ് എന്നിവ ലഭിക്കാൻ:


Cloudcatholic Mobile App

Print (Mal, Eng, Buds)

**Design:** Shaji Joseph Arakkal ✆ +91 98954 05631 ✉ arakkalshaji@gmail.com

contents

06
08
12
14
18
22
24



**കെയ്റോസിന് ബാങ്കുവഴി പണമടക്കുവാൻ:**

KAIROSE TRUST,
A/c No. 14690200009621
IFSC- FDRL0001469
FEDERAL BANK, KAKKANAD,
SEAPORT - AIRPORT ROAD

**ഓഫീസ് വിലാസം:**

കെയ്റോസ് മീഡിയ, 8/174, നവോദയ സ്റ്റുഡിയോ കോംപ്ലക്സ്, തെങ്ങോട് പി.ഒ. കാക്കനാട്, കൊച്ചി 682030
✆ 0484 2984327 ✆ 62382 79115
✉ kairosmag@jykairosmedia.org

# letters

കെയ്റോസിന്റെ ലേഔട്ടും കളറിങ്ങും ഒക്കെ സൂപ്പറാവുന്നുണ്ട്. വെളുത്ത പ്രതലത്തിൽ കറുത്ത അക്ഷരങ്ങൾ ഉള്ളതാണ് വായനാ സുഖം നൽകുന്നത്. മറ്റു നിറങ്ങളിലുള്ള പ്രതലങ്ങളിൽ കറുത്ത അക്ഷരങ്ങൾ വായനാ ക്ലിപ്തത വേണ്ടത്ര നൽകുന്നില്ല, ശ്രദ്ധിക്കുമല്ലോ. കെയ്റോസ് ഒരു മനഃശാസ്ത്ര മാസിക അല്ലല്ലോ. ടീനേജേഴ്സ് വേണ്ടിയുള്ള പേജുകളിൽ അത്തരത്തിൽ ലേഖനങ്ങൾ കൂടിക്കൂടി വരുന്നതായി കാണുന്നു. ഇത്തവണത്തെ കാർട്ടൂൺ വഴുതന മാത്തൻ നന്നായിരുന്നു. അച്ചന്മാരുടെയും സിസ്റ്റേഴ്സിന്റെയും സ്കൂളുകളിലാണ് ഇത്തരത്തിലുള്ള സ്കൂൾ കലോത്സവം കൂടുതൽ അരങ്ങേറുക. മിഷൻ മേഖലയിലെ വാർത്തകളും മിഷൻ മിഷൻ പ്രാധാന്യവും ഒക്കെ കെയ്റോസിനെ ധന്യമാക്കട്ടെ.

**ഫാ. ലൂക് പൂതൃക്കയിൽ**

---

അച്ചന്റെ വളരെ തുറന്ന മനസ്സോടെയുള്ള വിലയിരുത്തലുകൾക്ക് പ്രത്യേകം നന്ദി. നിർദേശങ്ങൾ ശ്രദ്ധിച്ചിട്ടുണ്ട്. ടീനേജേഴ്സ് പേജുകളിൽ മനഃശാസ്ത്ര സംബന്ധിയായ ചില എഴുത്തുകൾ ഉൾപ്പെടുത്തിയത് അവ ആവശ്യപ്പെട്ടുകൊണ്ടുള്ള ചില പ്രതികരണങ്ങൾ ലഭിച്ചതിനാലാണ്. ടീനേജേഴ്സിന്റെ മാതാപിതാക്കൾ ഉൾപ്പെടെയുള്ള മറ്റു വായനക്കാരിൽ നിന്നും ആണ് അത്തരം പ്രതികരണങ്ങൾ ലഭിച്ചത്.

സൂക്ഷ്മമായുള്ള വിലയിരുത്തലുകളും അവ കൃത്യമായി അറിയിക്കുന്നതിലും അച്ചൻ കാണിക്കുന്ന ആത്മാർഥതയും സഹകരണവും വീണ്ടും പ്രതീക്ഷിക്കുന്നു. നന്ദി.

**ചീഫ് എഡിറ്റർ**





വ്യത്യസ്തവും
വിശിഷ്ടവുമായ
ഈ ഉള്ളടക്കങ്ങളും
ചർച്ച് & സയൻസ്
വാർത്താ വിചാരം
സ്മാർട്ട് കിഡ്സ്
വഴുതന മാത്തൻ
തുടങ്ങിയ മറ്റു
സ്ഥിരം പംക്തികളും

# മലമുകളിലെ മാജിക്

**നെറ്റിയിൽ ചാരം പൂശി നോമ്പിലേക്ക് കടക്കുകയാണ് ഞാൻ. വഴിയിൽ കൂടെക്കൂടുന്നോ ഒന്നിച്ചു മലകേറാം നമുക്ക്. കാൽവരിയിലെ വഴിയിൽ അമ്മയും മകനും നമ്മളെ തിരയുന്നു എന്ന തോന്നൽ വല്ലാതെ ഉള്ളുലക്കുന്നു.**

അടുത്തിടെ നടത്തിയ യാത്രക്കിട
യിൽ ഉണ്ടായ അനുഭവം പറയാം.
ശ്രീനഗറിലുള്ള ശ്രീശങ്കരാചാര്യ
ക്ഷേത്രം കാണാൻ കയറിയതാണ്.
ഒരു നിബിഡ വനത്തിനുള്ളിൽ നൂറിലധികം പടികൾ
കയറി ചെല്ലുമ്പോൾ ആകാശവും ഭൂമിയും തമ്മിൽ ഒരു
നേർത്ത അകലമേ ബാക്കിയുള്ളു എന്ന് തോന്നിപ്പിക്കും
വിധമുള്ള മലമുകളിലാണ് പ്രസ്തുത സ്ഥാനമുള്ളത്. പടി
ക്കെട്ട് കേറി മുകളിൽ ചെല്ലാനുള്ള ഏക പ്രേരണ എന്ന്
പറയുന്നത് മുകളിൽ നിന്നാൽ കാണാൻ കഴിയുന്ന
ജമ്മു ശ്രീനഗർ എന്ന ഒറ്റ ക്യാൻവാസാണ്. ഉന്മേഷ
ത്തോടെ പടികയറി മുകളിലെത്തി. ഗുഹയ്ക്കുള്ളിൽ
ശ്രീശങ്കരാചാര്യരുടെ ധ്യാനസ്ഥലം കണ്ടു. അതുകണ്ടിട്ട്
പുറത്തുവന്ന് നേരെ പടികയറി പാറയുടെ മുകളിൽ എത്തി.
കണ്ണുചുറ്റോടും പായിച്ചു. ആർത്തിയോടെ കണ്ടു;
ജമ്മുവും ശ്രീനഗറും ഒരുമിച്ചു ഒഴുകുകയാണ്. രണ്ടുന
ഗരങ്ങൾ സയാമീസ് ഇരട്ടപോലെ ഇഴചേർന്നൊഴുകുന്നു.
മലകളും താഴ്‌വരകളും നിരപ്പുമെല്ലാം ഭൂമിശാസ്ത്ര
ത്തിൽ ഒന്നിച്ചങ്ങനെ വാഴുന്നു. വിശാലമായ ഡാൽ
തടാകത്തിനുള്ളിൽ കൈകുമ്പിളിൽ താമരമൊട്ടു
പോലെ ഒരു സംസ്ഥാനത്തിന്റെ വലിയൊരുഭാഗം
ഇരിക്കുന്നു. അപാരമായ സഹോദര്യത്തോടെ ഇന്ത്യ
യുടെ തല നിൽക്കുന്നു. കൊതിയും കൗതുകവു
മൊക്കെ ചേർന്ന വികാരത്തിൽ കണ്ണുനിറയെ കാഴ്ച
കണ്ടു. എല്ലാം ഒന്നിച്ചു ഒരുപോലെ കാടുംനാടുമൊന്നും
വകഭേദമില്ലാതെ കിടക്കുന്നു. താഴത്തെ ഒരു സംഭവവും
ഒന്നും പ്രത്യേകിച്ച് വ്യക്തമായി കണാനില്ല.

ഇതൊക്കെ വീക്ഷിച് ഒരു പത്തുമിനിറ്റ് അങ്ങനെ നിന്ന്
കാണണം. അതിനിടയിലാണ് മനസ്സിലേക്ക് ഒരു
ബൈബിൾ സംഭവം ഓർമ വരുന്നത്. നാല്പത് രാവും
പകലും ഉപവസിക്കാൻ പോയ ഈശോയെ പരീക്ഷി
ക്കുന്ന തിന്മയുടെ കലാപരിപാടി. മലമുകളിൽ കയറ്റി
നിറുത്തിയിട്ട് തന്നെ ആരാധിച്ചാൽ ഈ ലോകം മുഴുവൻ
ഞാൻ നിനക്ക് നൽകാമെന്ന് പിശാച് കൊടുക്കുന്ന



ഗോൾഡൻ ഓഫർ. നിന്റെ ദൈവമായ കർത്താവിനെ അല്ലാതെ മറ്റൊന്നിനെയും ആരാധിക്കരുതെന്ന കർത്താവിന്റെ കിടിലൻ ഡയലോഗിൽ പിശാചിന് മനസ്സിലായി ഓഫർ ലെറ്റർ അഡ്രസ്സ് മാറിയാണ് പോസ്റ്റ് ചെയ്തതെന്ന്. ഈ സംഭവം മറ്റൊരു കാര്യമാണ് അവിടെവച്ച് എന്നെ ചിന്തിപ്പിച്ചത്. മലമുകളിൽ നിന്നും താഴേക്ക് നോക്കുമ്പോൾ എല്ലാം ഒരുപോലെയാണ് മൃഗവും മനുഷ്യനും കാണാനില്ല. വനവും നഗരവും ഒരുപോലെ. കെട്ടിടങ്ങളും ചതുപ്പുനിലങ്ങളും വേർതിരിച്ചു കാണാനേ കഴിയുന്നില്ല. ആകെ മനസ്സിലാകുന്നത് കരയും കായലുമാണ്. ആ സ്ഥിതിക്ക് ഭൂമിയും അതിലെ സമസ്തവും സൃഷ്ടിച്ച ദൈവപുത്രന് മലമുകളിൽ നിന്ന് നോക്കിയപ്പോൾ കണ്ട ലോകത്തിൽ ആരാധിക്കത്തക്ക വിധം വശ്യത തോന്നിയില്ല എന്നതിൽ അതിശയമില്ല. ഇത്ര നിസ്സാരമായ ഒന്ന് നേടാൻ എന്തിന് ഈ കുട്ടിപ്പിശാചിന്റെ മുൻപിൽ കുമ്പിടണം! പിന്നെ ചിന്തിച്ചു കാടുകേറി കുറച്ചു നേരം. മരിച്ചശേഷം എല്ലാം ശവമാണെന്ന ബോധ്യം മതി അധികാരത്തോട് വിരക്തി തോന്നാൻ, പുറമെ നടത്തുന്ന മേയ്ക്കപ്പ് പുറംമോടി മാത്രമേ നന്നാക്കൂ. കർത്താവ് കണക്കാക്കുന്നത് ആത്മസൗന്ദര്യം ആണെന്ന ചിന്തയിൽ ബ്യൂട്ടിപാർലർ നേരങ്ങൾക്ക് താഴുവീഴും. വീടിനുചുറ്റും വേലികെട്ടി കോട്ടതീർക്കുമ്പോൾ ഓർക്കേണ്ടത് കഴിഞ്ഞ ദിവസം വയനാട്ടിൽ മതിലുചാടി അകത്തുകയറിയ കാട്ടാനയുടെ ശൗര്യമാണ്. വരാനുള്ളത് വഴിയിൽ തങ്ങില്ലെങ്കിൽ പിന്നെതിനു സഹോ ഈ മൽപിടിത്തവും പിടിവാശിയും. താഴെ ഭൂമിയിൽ നിൽക്കുമ്പോൾ കാണുന്ന കാഴ്ചക്ക് എത്രത്തോളം വശ്യത ഉണ്ടോ അതിനെല്ലാം അത്രത്തോളം തന്നെ നിസ്സാരതയുണ്ടെന്ന് മനസ്സിലാക്കാൻ ഒരു കല്ലേറ് ദൂരം മുകളിലേക്ക് കേറി നിന്ന് നോക്കിയാൽ മതി.

ശ്രീനഗരത്തോടു വിടപറയുമ്പോൾ കൂടെ കൂട്ടിയ ധ്യാനം ഇതായിരുന്നു. ആ ചിന്തയോടെ നെറ്റിയിൽ ചാരം പൂശി നോമ്പിലേക്ക് കടക്കുകയാണ് ഞാൻ. വഴിയിൽ കൂടെ കൂടുന്നോ ഒന്നിച്ചു മലകേറാം നമുക്ക്. കാൽവരിയിലെ വഴിയിൽ അമ്മയും മകനും നമ്മളെ തിരയുന്നു എന്ന തോന്നൽ വല്ലാതെ ഉള്ളുലയ്ക്കുന്നു◆

*ലേഖിക ബാംഗ്ലൂർ ക്രൈസ്റ്റ് യൂണിവേഴ്സിറ്റിയിൽ ഗവേഷണ വിദ്യാർഥിനിയാണ്.*





# JY പ്രത്യേകതകൾ

## മേനാംപറമ്പിൽ പിതാവിന്റെ വാക്കുകളിൽ



ആർച്ച്ബിഷപ്പ് തോമസ് മേനാംപറമ്പിലിന് ജീസസ് യൂത്തിനെ അതിന്റെ ആദ്യഘട്ടം മുതലേ അറിയാം. മുന്നേറ്റത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ രണ്ട് അഭിപ്രായങ്ങൾ പ്രസിദ്ധമാണ്. ഈ ദിവസങ്ങളിൽ, അദ്ദേഹം അതിന്റെകൂടെ രണ്ട് വിവരണങ്ങൾകൂടി ചേർത്ത് അതൊന്നുകൂടെ വിപുലമാക്കി.

എന്റെ മനസ്സിൽ തെളിയുന്നത് 1986-ലെ ഞങ്ങളുടെ കണ്ടുമുട്ടലാണ്. ആ വർഷത്തെ ദേശീയ കരിസ്മാറ്റിക് കൺവെൻഷൻ മുംബൈയിലായിരുന്നു. കേരളത്തിൽ നിന്നുള്ള വലിയൊരു സംഘം ഇതിൽ പങ്കെടുത്തു. മലയാളം യുവജന വർക്ക്ഷോപ്പ് ചുമതല എനിക്കായിരുന്നു. ബാന്ദ്രയിലെ ഒരു ഹാളിൽ ഈ വലിയ യുവജന ഗ്രൂപ്പിനോട് സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ, ഒരു പുരോഹിതൻ ഹാളിന്റെ പിൻഭാഗത്ത് ഇരുന്നുകൊണ്ട് പ്രസംഗം ശ്രദ്ധാപൂർവം കേൾക്കുന്നുണ്ടായിരുന്നു. അവരെ ചെറിയ ഗ്രൂപ്പുകളായി ചർച്ചയ്ക്ക് അയച്ച ശേഷം ആ വൈദികന്റെ അടുത്തേയ്ക്ക് ഞാൻ ചെന്നു. 'ദിബ്രുഗഡിൽ നിന്നുള്ള ബിഷപ്പ് തോമസ് ആണ് ഞാൻ' അദ്ദേഹം പരിചയപ്പെടുത്തി. ആ തുടക്കം ഊഷ്മളമായ സൗഹൃദമായി വളർന്നു. കേരളത്തിലെ യുവജന പ്രവർത്തനത്തെക്കുറിച്ച് കേട്ടപ്പോൾ, അത് കാണാൻ വരണമെന്ന് അദ്ദേഹം പറഞ്ഞു.

ഏതാനും മാസങ്ങൾക്കുശേഷം പിതാവ് എറണാകുളത്ത് വന്ന് ഒരാഴ്ച താമസിച്ചു. പല മീറ്റിംഗുകൾ നടന്നു. തൃശൂർ, കോട്ടയം, അർത്തുങ്കൽ എന്നിവിടങ്ങളിലെ ജെ.വൈ ഗ്രൂപ്പുകൾ സന്ദർശിക്കാൻ ഞാൻ അദ്ദേഹത്തെ കൊണ്ടുപോയി. മുന്നേറ്റ വളർച്ചയുടെ ആദ്യ നാളുകൾ അദ്ദേഹം നേരിൽ കണ്ടു, വടക്കുകിഴക്കൻ ഇന്ത്യയിൽ അദ്ദേഹം ചെയ്തുകൊണ്ടിരുന്ന മിഷണറി പ്രവർത്തനങ്ങളെക്കുറിച്ച് ഏറെ പങ്കുവയ്ക്കുകയും ചെയ്തു.

അദ്ദേഹം പിന്നീട് ഒരു നിർദേശം മുന്നോട്ടു വച്ചു. ജീസസ് യൂത്ത് തെയ്സെ സമൂഹത്തിന്റെ ആത്മീയതയും ശൈലിയും അടുത്തറിയണം. അങ്ങനെ 1988-ൽ ഞാൻ ഫ്രാൻസിലെ തെയ്സെയിൽ പോയി. രണ്ടുമാസം അവിടെ ചെലവഴിച്ചു. ആ സമൂഹ സ്ഥാപകനായ ബ്രദർ റോജറുമായി ബിഷപ്പ് തോമസിന് പ്രത്യേക അടുപ്പമുണ്ടായിരുന്നു. ഇന്ത്യയിലെ യുവജന കമ്മീഷൻ ചെയർമാനെന്ന നിലയിൽ, ഇന്ത്യയിൽ പ്രവർത്തിക്കാൻ പിതാവ് തെയ്സെയെ ക്ഷണിച്ചിരുന്നു, അങ്ങനെ 1985ലും 88ലും ഇന്ത്യയിൽ രണ്ട് വലിയ തെയ്സെ സമ്മേളനങ്ങൾ സംഘടിപ്പിച്ചു. ഏതായാലും ബിഷപ്പ് തോമസ് എന്നെ അയച്ചതുകൊണ്ട് തെയ്സെയിൽ എനിക്ക് വലിയ സ്വീകരണമായിരുന്നു. ദിവസവും എന്റെ ഇരിപ്പിടം ബ്രദർ റോജറിന്റെ അരികിലായിരുന്നു. എല്ലാത്തിലുമുപരി അത് ജീസസ് യൂത്തും തെയ്സെയും തമ്മിലുള്ള അടുത്ത ബന്ധത്തിന്റെ തുടക്കമായി. അന്നുമുതൽ എല്ലാ വർഷവും രണ്ട് ജെ.വൈ യുവാക്കളെ തെയ്സെയിലേക്ക് അയയ്ക്കാനും തുടങ്ങി.

**ജെ.വൈ സംസ്കാരത്തിന്റെ രണ്ട് സവിശേഷതകളായി പിതാവ് കണ്ടത് മത്സരമില്ലാത്ത നേതൃശൈലിയും ഭീഷണി ഉയർത്താത്ത സുവിശേഷ വത്ക്കരണ രീതിയുമാണ്.**

## തുടരുന്ന ബന്ധം

പിതാവ് ദിബ്രുഗഢിൽ നിന്ന് പിന്നീട് ആർച്ച് ബിഷപ്പായി ഗുവാഹത്തിയിലേക്ക് മാറി. മേനാംപറമ്പിൽ പിതാവിന്റെ മിഷണറി തീക്ഷ്ണത, സാംസ്കാരിക പഠനങ്ങൾ, ഗോത്ര വിഭാഗങ്ങളുമായുള്ള ഇടപെടലുകൾ എന്നിവയെല്ലാം ലോകമെമ്പാടും അറിയപ്പെടുന്നതാണ്. ഏഷ്യൻ മെത്രാൻ സമിതിയുടെ അധ്യക്ഷൻ എന്ന നിലയിൽ പല പരിശീലനങ്ങളും സംഘടിപ്പിക്കുമ്പോൾ അദ്ദേഹം ജീസസ് യൂത്തിനെയും ക്ഷണിക്കും. കൂടാതെ മിക്ക പ്രധാന ജീസസ് യൂത്ത് സമ്മേളനങ്ങൾക്കും പരിശീലനങ്ങൾക്കും എത്താൻ അദ്ദേഹവും സമയം കണ്ടെത്തും.

തായ്‌ലാൻഡിൽ നടന്ന വിവിധ രാജ്യങ്ങളിലെ മെത്രാന്മാർക്കായുള്ള ഒരു പരിശീലന മധ്യേയാണ് ജീസസ് യൂത്ത് ഗ്രൂപ്പുകളിൽ താൻ ശ്രദ്ധിച്ച അനിതര സാധാരണമായ രണ്ട് കാര്യങ്ങൾ ആർച്ച് ബിഷപ്പ് പങ്കുവച്ചത്. ജെ.വൈ സംസ്കാരത്തിന്റെ രണ്ട് സവിശേഷതകളായി പിതാവ് കണ്ടത് മത്സരമില്ലാത്ത നേതൃശൈലിയും ഭീഷണി ഉയർത്താത്ത സുവിശേഷവത്ക്കരണ രീതിയുമാണ്. ഈ പരാമർശങ്ങൾ പിന്നീട് ഏറെ ശ്രദ്ധിക്കപ്പെട്ടു.

## ഒരു സമീപകാല സന്ദർശനം

ഈ വർഷം ജനുവരിയിൽ, ആർച്ച് ബിഷപ്പ് തോമസിനൊപ്പം ഒരു വാരാന്ത്യം ചെലവഴിക്കാൻ എനിക്ക് വീണ്ടും അവസരം ലഭിച്ചു. രണ്ട് സർവകലാശാലകളുടെ ക്ഷണം സ്വീകരിച്ച് ചില പ്രഭാഷണങ്ങൾക്കായാണ് അദ്ദേഹം വന്നത്. അതിനിടെ ജീസസ് യൂത്തിനും രണ്ട് ദിവസം മാറ്റിവച്ചു. ഞങ്ങളോട് കുറേ മിഷൻ ചിന്തകളും സംസ്കാരങ്ങൾ അടുത്തറിയേണ്ടതിനെ കുറിച്ചും സംഘർഷ പരിഹാര വഴികളെ പറ്റിയും ഒക്കെ അദ്ദേഹം പങ്കുവച്ചു. അതെല്ലാം ഏവർക്കും പുത്തൻ അറിവുകളുമായിരുന്നു.

ഞങ്ങളിൽ പലരും ഈ ദിവസങ്ങൾ നന്നായി വിനിയോഗിച്ചു. ഭക്ഷണ മേശയ്ക്ക് ചുറ്റും നീണ്ട സമയം ചർച്ച തുടരുമായിരുന്നു. ഇതിനിടെയാണ് പിതാവ് താൻ മുമ്പ് പറഞ്ഞുവച്ച ആ ജീസസ് യൂത്ത് വിവരണങ്ങൾ ഒന്ന് കൂടെ വിപുലമാക്കിപറഞ്ഞത്.

കഴിഞ്ഞ വർഷം ഇന്ത്യയിൽ നടന്ന ജാഗോ കോൺഫറൻസിൽ താൻ ശ്രദ്ധിച്ച കാര്യങ്ങളെക്കുറിച്ച് സൂചിപ്പിച്ചുകൊണ്ടാണ് അദ്ദേഹം തുടങ്ങിയത്. 'ജീസസ് യൂത്തിനെ വ്യത്യസ്തമാക്കുന്നത് എന്താണ്? അതിന് പ്രധാന സ്ഥാപകരോ വലിയ നേതാക്കളോ ഇല്ല, മറിച്ച് അതിൽ എല്ലാവർക്കും പ്രാധാന്യമുണ്ട് ഏവരെയും അത് സ്വാഗതം ചെയ്യുന്നു." മറ്റ് ചില വലിയ പ്രസ്ഥാനങ്ങളിലെ നേതാക്കളുടെ വ്യക്തി പ്രഭാവവും അതിന്റെ തിക്ത ഫലവും അദ്ദേഹം സൂചിപ്പിച്ചു. ജീസസ് യൂത്തിൽ അദ്ദേഹം കാണുന്ന മറ്റൊരു പ്രത്യേകത, 'എല്ലാവരെയും പോലെ, ജീസസ് യൂത്തും തങ്ങൾക്ക് ചുറ്റുമുള്ള പ്രശ്നങ്ങൾ കാണുന്നു; എന്നാൽ, ഈ വെല്ലുവിളികളോടുള്ള അവരുടെ പ്രതികരണം വളരെ വ്യത്യസ്തവും മിക്കവാറും ഏറെ പോസിറ്റീവുമാണ്. സഭയിലെ പലരും നാട്ടിൽ നടക്കുന്ന കാര്യങ്ങളിൽ അസ്വസ്ഥരാകുകയും ദേഷ്യപ്പെടുകയും നിഷേധാത്മകമാവുകയും ചെയ്യുന്നു; എന്നാൽ, ഈ ചെറുപ്പക്കാർ ക്രിയാത്മകമായ പ്രതികരണങ്ങളുമായി മുന്നോട്ട് വരുന്നു.

## ഇവയൊന്ന് സംഗ്രഹിച്ചാൽ

പ്രശസ്തമായ ആവേ മരിയ യൂണിവേഴ്സിറ്റിയിൽ ഒരു മദർ തെരേസ മ്യൂസിയമുണ്ട്. ആർച്ച് ബിഷപ്പിന് മദറുമായി ഏറെ അടുപ്പം ഉണ്ടായിരുന്നതിനാൽ അതേക്കുറിച്ചു കേൾക്കാൻ അവർക്ക് ഏറെ താത്പര്യമായിരുന്നു. അങ്ങോട്ടേയ്ക്ക് പോകുന്ന വഴിയിൽ വീണ്ടും ജീസസ് യൂത്ത് പ്രത്യേകതകളെ കുറിച്ച് സംസാരിക്കാൻ കുറേ സമയം കിട്ടി. തന്റെ നിരീക്ഷണങ്ങൾ പിതാവ് നാല് പരാമശങ്ങളിൽ ചുരുക്കി.

## എന്തൊക്കെയാണ് ജെ.വൈ പ്രവർത്തന ശൈലിയുടെ പ്രത്യേക അടയാളങ്ങൾ?

**മത്സരമില്ലാത്ത നേതൃശൈലി:** എല്ലായിടത്തും, മത്സരത്തിന്റെയും പ്രകടനാത്മകതയുടെയും സംസ്കാരം വളരുന്നു. എന്നാൽ, ജീസസ് യൂത്തിൽ കുറേ വ്യത്യസ്തയുണ്ട്. ഇവിടെ, ആളുകൾ സ്വന്തം ദുർബലതയും ബലഹീനതയും എടുത്തു പറയാനും മറ്റുള്ളവരിൽ നിന്ന് പഠിക്കാനും തയ്യാറാകുന്നു. ഒപ്പം യേശുവും അവന്റെ പ്ലാനുകളും പ്രധാന ശ്രദ്ധാ കേന്ദ്രമാകുന്നു. പിന്നെ, ചുറ്റുമുള്ള മറ്റ് ഗ്രൂപ്പുകളുമായി മത്സരിക്കാൻ ജീസസ് യൂത്ത് ആഗ്രഹിക്കുന്നില്ല. മറിച്ച്, ഇവിടെ ഊന്നൽ ഇങ്ങനെ എല്ലാവരുമായി സഹകരിക്കാം എന്നതിലാണ്.

**ഭീഷണി ഉയർത്താത്ത സുവിശേഷവത്ക്കരണം:** പലർക്കും, 'ദൗത്യം' എന്നത് തങ്ങൾ വിശ്വസിക്കുന്നത് നിർബന്ധപൂർവം മറ്റുള്ളവരുടെ മേൽ അടിച്ചേൽപ്പിക്കുക എന്നതാണ്. എന്നാൽ, ജീസസ് യൂത്തിൽ കാണുന്ന നന്മ എല്ലാവരോടും ബന്ധം സ്ഥാപിക്കാനുള്ള തീക്ഷ്ണതയും അവരിലെ നന്മ കണ്ട് അംഗീകരിച്ച് സഹകരിക്കാനുള്ള സന്മനസ്സുമാണ്. ഈ സ്നേഹവും, സന്തോഷവും സൗഹൃദവും മറ്റുള്ളവർക്ക് ഈശോയുടെ അടുത്തേയ്ക്ക് വരുന്നതിനുള്ള വഴി തുറക്കുകയും ചെയ്യുന്നു. അതോടൊപ്പം അവർ താത്പര്യപൂർവം മറ്റുള്ളവർക്കുവേണ്ടി പ്രാർഥിക്കുകയും ചെയ്യുന്നു.

**സ്വയം താഴ്ന്ന് മറ്റുള്ളവരെ ഉയർത്തുന്ന നേതാക്കൾ:** പ്രസ്ഥാനങ്ങളും സംഘടനകളും വളരുന്നതിനൊപ്പം അതിലെ വ്യക്തിആരാധനയും കൂടാറുണ്ട്. വലിയ നേതാക്കൾ ആർക്കും സമീപിക്കാനാവാത്തവരായി മാറുന്നു. ഇതിൽ നിന്നും വ്യത്യസ്തമായ ജെ.വൈ ശൈലിയിൽ മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുന്നതിനായി പ്രധാന നേതാക്കൾ ബോധപൂർവം അപ്രത്യക്ഷരാകുന്നു. താഴ്മയിലും സേവനത്തിലും യേശുവിന്റെ മാതൃകയിൽ അവർ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. എല്ലാത്തരം ആളുകൾക്കും അവരുടെ കഴിവുകൾക്കും വളരാനുള്ള പ്രോത്സാഹനവും ഇടവും മുന്നേറ്റത്തിലുണ്ട്.

**ജെ.വൈ ശൈലിയിൽ മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുന്നതിനായി പ്രധാന നേതാക്കൾ ബോധപൂർവം അപ്രത്യക്ഷരാകുന്നു. താഴ്മയിലും സേവനത്തിലും യേശുവിന്റെ മാതൃകയിൽ അവർ ശ്രദ്ധ കേന്ദ്രീകരിക്കുന്നു.**

**ക്രിയാത്മക സാമൂഹിക പ്രതികരണം:** സമൂഹത്തിൽ വർധിച്ചുവരുന്ന പ്രശ്നങ്ങളെക്കുറിച്ച് പൊതുവേ എല്ലാവരും ആശങ്കാകുലരാണ്. ചെറുപ്പക്കാർ, പ്രത്യേകിച്ച്, അപചയത്തിന്റെ എല്ലാ ലക്ഷണങ്ങളും കാണിക്കുന്നു, അത് എല്ലാ നേതാക്കളെയും അസ്വസ്ഥരാക്കുന്നു. ഇത്തരം സാമൂഹിക വെല്ലുവിളികളോടുള്ള ജീസസ് യൂത്ത് സമീപനം ഏറെ പോസിറ്റീവും ഫലപ്രദവുമാണ് എന്നാണ് പിതാവിന്റെ അഭിപ്രായം. യുവാക്കളുടെ താത്പര്യങ്ങൾ കണ്ടറിഞ്ഞ് അവർ ചെറുപ്പക്കാരോട് അടുക്കുകയും ക്രമേണ അവരെ യേശുവിനായി നേടുകയും ചെയ്യുന്നു. നല്ല സൗഹൃദം, പാർട്ടികൾ, പിക്നിക്കുകൾ, കല, കളികൾ, അങ്ങനെ പലതും പ്രശ്നബാധിതരായ യുവാക്കളുടെ അടുത്തായിരിക്കാൻ ഇവർ ഉപയോഗിക്കുന്നു. ഈ ജീസസ് യൂത്ത് മിഷൻ സമീപനത്തെ അദ്ദേഹം ഏറെ അഭിനന്ദിച്ചു.

## നിങ്ങൾ ആരെന്നറിഞ്ഞ് അതായി മാറുക

ജീസസ് യൂത്ത് മുന്നേറ്റത്തിന്റെ സുന്ദര മുഖം കണ്ട് അഭിനന്ദിക്കുന്ന മേനാംപറമ്പിൽ പിതാവിന്റെ വാക്കുകൾ ഞങ്ങൾക്കെല്ലാം ഏറെ സന്തോഷവും ആത്മാഭിമാനവും പകരുന്നതായിരുന്നു. ഇതുകേട്ടപ്പോൾ എന്റെ മനസ്സിൽ ഒരു ചിന്ത ഉയരുന്നു. അദ്ദേഹം കാണുകയും ഏറെ സ്നേഹിക്കുകയും ചെയ്യുന്ന ഇത്തരം ഒരു സുന്ദര ജീസസ് യൂത്ത് ആകുക എന്നതാണ് യഥാർഥ വെല്ലുവിളി. ഈ മനോഹരമായ പ്രതിച്ഛായയിലേക്ക് വളരാൻ കർത്താവിന്റെ പരിശുദ്ധാത്മാവ് നമുക്ക് കൃപ നൽകട്ടെ◆

ജീസസ് യൂത്ത് മുന്നേറ്റത്തിന്റെ തുടക്കക്കാരിൽ പ്രധാനിയായ ലേഖകൻ അന്തർദേശീയ പ്രഭാഷകനും എഴുത്തുകാരനുമാണ്. 2018ൽ ഷെവലിയർ പട്ടം ലഭിച്ചു.



# ലാളിത്യം ജീവിതശൈലിയാകുമ്പോൾ

**കവർസ്റ്റോറി** - പ്രൊഫ.സി സി ആലീസുകുട്ടി

ജീവിതത്തിൽ അത്യാവശ്യം, ആവശ്യം, ആഢംബരം, അനാവശ്യം എന്നിങ്ങനെ പല ഗണത്തിൽ പെടുന്ന കാര്യങ്ങളുണ്ട്. അനാവശ്യമായവ കണ്ടെത്തി അവ ഒഴിവാക്കിയാൽത്തന്നെ ജീവിതത്തിന്റെ ഭാരം ഏറെ കുറയും. അത്യാവശ്യവും ആവശ്യവുമായവയെപ്പറ്റിയുള്ള കൃത്യമായ ധാരണയും വളരെ സഹായിക്കും. ലക്ഷ്യബോധം ആഢംബരത്തിൽനിന്നു നമ്മെ സ്വതന്ത്രരാക്കും. സുവിശേഷഭാഗ്യങ്ങളിൽ ക്രിസ്തുനാഥൻ പറയുന്നു, ദൈവരാജ്യാനുഭവത്തിലേയ്ക്കു വന്നവർക്കു ദാരിദ്ര്യാരൂപി ഉണ്ടായിരിക്കുമെന്ന്. പൗലോസ് ശ്ലീഹാ ചോദിക്കുന്നു: "നിനക്ക് എന്തു പ്രത്യേക മാഹാത്മ്യമാണുള്ളത്? ദാനമായി ലഭിച്ചതല്ലാതെ നിനക്കെന്തുണ്ട്? എല്ലാം ദാനമായിരിക്കെ ദാനമല്ല എന്ന മട്ടിൽ എന്തിനു നീ അഹങ്കരിക്കുന്നു?" (1 കോറി 4,7). ഇന്നു നമ്മുടെയൊക്കെ ജീവിതത്തിൽ ഉള്ളതും ഉണ്ടാകണമെന്നാഗ്രഹിക്കുന്നതും ഇല്ലല്ലോ എന്നു ദുഃഖിക്കുന്നതുമായ അനേകം കാര്യങ്ങൾ ജീവിതധന്യതയ്ക്ക് ആവശ്യമല്ല, എന്നു പരിശോധിച്ചാൽ മനസ്സിലാകും. നമുക്കൊന്നു പരിശോധിച്ചാലോ? ആ ലിസ്റ്റിൽ അത്യാവശ്യം, ആവശ്യം, ആഢംബരം, അനാവശ്യം എന്നൊന്ന് അടയാളപ്പെടുത്താം.

ദൈവത്തിനു നമ്മെക്കുറിച്ചൊരു പദ്ധതിയുണ്ട്... "നാം ദൈവത്തിന്റെ കരവേലയാണ്. നാം ചെയ്യാൻവേണ്ടി ദൈവം മുൻകൂട്ടി ഒരുക്കിയ സത്പ്രവൃത്തികൾക്കായി യേശുക്രിസ്തുവിൽ സൃഷ്ടിക്കപ്പെട്ടവരാണ്" (എഫേ 2,10). "സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ ഇഷ്ടം സ്വർഗത്തിലേപ്പോലെ ഭൂമിയിലും ആകണമേ" എന്നു പ്രാർഥിക്കാൻ ഈശോ നമ്മെ പഠിപ്പിച്ചു. ഫ്രാൻസീസ് പാപ്പാ ഈ നാളുകളിൽ ആവർത്തിച്ചു നമ്മെ ഓർമപ്പെടുത്തുന്നു: 'ഫ്രത്തേലി തൂത്തി' (സകലരും സഹോദരർ), ഭൂമി നമ്മുടെ പൊതുഭവനം എന്ന വസ്തുത. ഗാന്ധിജി പറഞ്ഞു: ഈ ലോകത്തിൽ സകല മനുഷ്യരുടെയും ആവശ്യങ്ങൾ നിറവേറ്റാനുള്ള വിഭവങ്ങളുണ്ട്; എന്നാൽ, ഒരാളുടെ അത്യാഗ്രഹം തീർക്കാനുള്ള വകയില്ല എന്ന്. സകലരും ലോകത്തെ പൊതുഭവനമായും മനുഷ്യവംശം മുഴുവനെയും ദൈവകുടുംബമായും പരസ്പരം സഹോദരരായും തിരിച്ചറിഞ്ഞു പങ്കുവച്ചു ജീവിക്കാൻ തയ്യാറായാൽ അന്ന് ഇവിടെ ദൈവരാജ്യം സമാഗതമാകും. ഇന്നത്തെ നിന്റെ ആവശ്യത്തിൽ കവിഞ്ഞ് ഇന്നു നിന്റെ പക്കലുള്ളതെല്ലാം ഇന്ന് ആവശ്യത്തിലിരിക്കുന്ന നിന്റെ സഹോദരർക്ക് അവകാശപ്പെട്ടതാണ് എന്നുള്ള വിശുദ്ധ ബേസിലിന്റെ വാക്കുകൾ സമ്പത്തിനെക്കുറിച്ചുള്ള ദൈവിക ലക്ഷ്യം വ്യക്തമാക്കുന്നു. ഫ്രിഡ്ജിലിരിക്കുന്ന ഭക്ഷണം, അലമാരിയിലിരിക്കുന്ന വസ്ത്രങ്ങൾ, ചെരിപ്പുകൾ, ബാങ്കിലിട്ടിരിക്കുന്ന പണം, അടച്ചിട്ടിരിക്കുന്ന മുറികൾ, വീടുകൾ... അങ്ങനെ എന്തെല്ലാം?! സ്നേഹം, പങ്കുവയ്ക്കൽ, കൂട്ടായ്മയിലുള്ള വളർച്ച, സന്തോഷം, ആഘോഷം എല്ലാം ഉറപ്പാകുന്നൊരു ദൈവരാജ്യം നമ്മുടെ കരങ്ങളിൽ!

**കേൾക്കാൻ സുഖമുള്ളൊരു വാക്കാണ് ലാളിത്യം എന്നത്. അങ്ങനെ ജീവിക്കുന്നവരെ കണ്ട് നമുക്ക് സന്തോഷവും ബഹുമാനവും തോന്നാറുമുണ്ട്. ഒരു വിശകലനത്തിലൂടെ ലാളിത്യമാർന്ന ജീവിതം നമുക്കും സ്വന്തമാക്കാം.**


"നിങ്ങൾക്ക് ആവശ്യമുള്ളതെല്ലാം സദാ സമൃദ്ധമായി ഉണ്ടാകാനും സത്കൃത്യങ്ങൾ ധാരാളമായി ചെയ്യാനും വേണ്ട എല്ലാ അനുഗ്രഹങ്ങളും സമൃദ്ധമായി നല്കാൻ കഴിവുറ്റവനാണു ദൈവം" (2 കോറി 9,8). കാലിത്തൊഴുത്തിൽ പിറന്ന്, പരദേശിയായി ജീവിച്ച്, തല ചായ്ക്കാനിടമില്ലാതെ വഞ്ചിയുടെ അമരത്തു തലവച്ചുറങ്ങി, കിടന്നു മരിക്കാൻ ഭൂമിയിൽ ഇടം നിഷേധിക്കപ്പെട്ട് കുരിശിൽ മരിച്ച്, സ്വന്തമല്ലാത്ത കല്ലറയിൽ അടക്കപ്പെട്ട്, മൃതശരീരം പൊതിഞ്ഞിരുന്ന തുണിയും ഉപേക്ഷിച്ച് സ്വർഗാരോഹണം ചെയ്ത ക്രിസ്തുനാഥൻ നമ്മെ ആഹ്വാനം ചെയ്യുന്നു, തന്നെ അനുഗമിക്കാൻ. ഈ ചിന്തകളോടെ നമ്മുടെ ജീവിതത്തെ ഒന്നു പരിശോധിച്ച്, നമ്മുടെ ആവശ്യത്തിൽ കവിഞ്ഞുള്ളവയെല്ലാം പങ്കുവച്ച് ഒരു ലളിതജീവിതത്തിനു നമുക്കു തയ്യാറാകാം.

ലാളിത്യം, എല്ലാ കാര്യങ്ങളിലും ഒരു സ്വാഭാവികത, കൃത്രിമത്വങ്ങളില്ലാത്ത ശൈലി അത്ര എളുപ്പമല്ല. ഉറച്ച വിശ്വാസവും നല്ല ബോധ്യങ്ങളും മാറ്റമില്ലാത്ത നിലപാടും അപാരമായ ധീരതയും ഉള്ളവർക്കു മാത്രമേ ലാളിത്യം തങ്ങളുടെ മുഖമുദ്ര ആയിരിക്കുകയുള്ളൂ. പ്രലോഭനങ്ങളിൽ പതറാതെ, നാടോടുമ്പോൾ നടുവേ ഓടാതെ, ഈ ലോകത്തിന് അനുരൂപരാകാതെ, ദൈവമക്കളായി ജീവിക്കാൻ 'ഞാനല്ല, ക്രിസ്തു എന്നിൽ ജീവിക്കുന്നു' എന്ന ബോധ്യം ആവശ്യമാണ്.

ആത്മനിയന്ത്രണം പരിശുദ്ധാത്മാവിന്റെ ദാനമാണ്. യേശുവിനെ രക്ഷകനും കർത്താവുമായി സ്വീകരിച്ച്, ജീവിതം ക്രിസ്തുവിനു സമർപ്പിക്കുമ്പോൾ പരിശുദ്ധാത്മാഭിഷേകം ലഭിക്കുന്നു (cf Jn 1,12). ദൈവമക്കളായി ലളിതജീവിതം നയിക്കാൻ പരിശുദ്ധാത്മാവു നമ്മെ പ്രാപ്തരാക്കുന്നു. ലാളിത്യം നമ്മുടെ ജീവിതശൈലി ആകുമ്പോൾ പങ്കുവയ്ക്കാൻ നമുക്ക് ഏറെയുണ്ടാകും. പന്തക്കുസ്താദിനത്തിൽ പരിശുദ്ധാത്മാവു വന്നുനിറഞ്ഞ ശിഷ്യഗണവും വിശ്വാസീസമൂഹവും ഒരു മനസ്സും ഒരു ഹൃദയവുമായുള്ള കൂട്ടായ്മയായി വളർന്നു. 'സ്വർഗരാജ്യം ബലവശ്യമാണ്" എന്നുള്ള ക്രിസ്തുനാഥന്റെ വാക്കുകൾ നമുക്കോർക്കാം. തങ്ങളുടെ ഇച്ഛകളുടെയും വികാരങ്ങളുടെയും മേൽ വിജയം വരിച്ചവർക്കു മാത്രമേ പ്രലോഭനങ്ങളുടെ മുമ്പിൽ പതറാതെയും പ്രകോപനങ്ങളുടെ സമയത്ത് അക്രമാസക്തരാകാതെയും ശാന്തതയും ലാളിത്യവും കാത്തു സൂക്ഷിക്കാനാവൂ. നമ്മൾ ഉടമകളല്ല കാര്യസ്ഥരാണ് എന്നുള്ള തിരിച്ചറിവ്, സമ്പത്ത് സ്വന്തമായി കാത്തുസൂക്ഷിക്കാനും ആഢംബരമായി ജീവിക്കാനുമുള്ള ആഗ്രഹത്തിൽ നിന്നു നമ്മെ പിന്തിരിപ്പിക്കും. സ്വാർഥതയുടെ മേലുള്ള വിജയം, സ്വാഭാവിക വികാരങ്ങളുടെ മേലുള്ള വിജയം, സഹോദരസ്നേഹം, പങ്കുവയ്ക്കൽ, ലളിതജീവിതം... എല്ലാം നമുക്ക് എളുപ്പമാകും. സ്നേഹത്തിന്റെ പൂർണതയായ ദൈവം നമ്മെ സ്നേഹിക്കുന്ന പിതാവാണെന്നും (ജറെ 31, 3) അന്ധകാരത്തിന്റെ ആധിപത്യത്തിൽ നിന്ന് നമ്മെ മോചിപ്പിച്ച് അവിടത്തെ പ്രിയ പുത്രന്റെ രാജ്യത്തിലേയ്ക്കു നമ്മെ ആനയിച്ചു (കൊളോ 1,13) സ്വർഗത്തിൽ അവനോടുകൂടെ ഇരുത്തുകയും ചെയ്തു (എഫേ 2,6); മാത്രമല്ല, എല്ലാ മനുഷ്യരും രക്ഷപ്രാപിക്കണമെന്ന് അവിടന്ന് ആഗ്രഹിക്കുന്നു (തിമോ 2, 4) എന്നും അറിയുന്നതിനാൽ ലക്ഷ്യ-ദൗത്യ ബോധത്തോടെ രക്ഷയുടെ സന്ദേശം സകലരേയും അറിയിക്കാൻ നമ്മൾ പ്രതിജ്ഞാബദ്ധരാകുന്നു. ലൗകിക മോഹങ്ങൾക്കൊന്നും പ്രലോഭിപ്പിക്കാനാവാത്ത ആത്മനിയന്ത്രണത്തോടെ ലാളിത്യത്തിന്റെ മുഖമുദ്രയോടെ ക്രിസ്തുവിന്റെ പ്രേഷിത ശിഷ്യരായി ദിവ്യഗുരുവിനെ നമുക്ക് അനുഗമിക്കാം. 'അവർണനീയമായ ദാനത്തിനു ദൈവത്തിനു സ്തുതി' (2 കോറി 9,15)◆

---

*(ലേഖിക ജീസസ് യൂത്തിന്റെയും കരിസ്മാറ്റിക് നവീകരണത്തിന്റെയും തുടക്കക്കാരിലൊരാൾ. പാലക്കാട് മേഴ്സി കോളേജിലെ ഇംഗ്ലീഷ് വിഭാഗം മേധാവിയായി റിട്ടയർ ചെയ്തു)*





# അവൾ ഭാവിയെ നോക്കി പുഞ്ചിരിക്കുന്നു

(സുഭാ 31, 25)

മാർച്ച് 8 അന്താരാഷ്ട്ര വനിതാ ദിനം ആണ്. 1975 മുതലാണ് ഐക്യ രാഷ്ട്ര സംഘടന ഔദ്യോഗികമായി ഈ ദിനം ആചരിച്ചു തുടങ്ങിയത്. "സ്ത്രീകളുടെ സാമ്പത്തിക ശക്തികരണവും ജൻഡർ സമത്വവും" എന്നതാണ് ഈ വർഷത്തെ പ്രമേയമായി സ്വീകരിച്ചിരിക്കുന്നത്. തുടക്കം മുതൽ സ്ത്രീകളുടെ സാമ്പത്തിക ശക്തികരണത്തിൽ ഊന്നൽ നൽകികൊണ്ടാണ് പ്രവർത്തനപദ്ധതികൾ ആവിഷ്കരിച്ചത്. അതിന്റെ പിന്നിൽ ചരിത്രപരമായ പശ്ചാത്തലമുണ്ട്.

**പഠനവും പശ്ചാത്തലവും:** ലോകമെമ്പാടുമുള്ള സ്ത്രീകളുടെ അവസ്ഥയെ കുറിച്ച് പഠിക്കാൻ ഐക്യരാഷ്ട്രസംഘടന ഒരു പഠനദശകം (1975–85) പ്രഖ്യാപിച്ചു. തുടർന്ന് ലഭ്യമായ പഠന റിപ്പോർട്ടിൽ പരാമർശിക്കപ്പെട്ട സാമ്പത്തിക അസമത്വം ലോകമനഃസാക്ഷിയെ ഞെട്ടിച്ചു. അത് ഇപ്രകാരമായിരുന്നു. ലോകജനസഖ്യയിൽ അമ്പത് ശതമാനത്തിലധികവും സ്ത്രീകളാണ്. ലോക തൊഴിൽഭൂമികയിൽ മൂന്നിൽ രണ്ട് ഭാഗവും ചെയ്യുന്നത് സ്ത്രീകളാണ്. ഇതിൽ ഗാർഹികജോലിയും ഉൾപ്പെടുന്നു. പക്ഷേ, ലോക വരുമാനത്തിന്റെ പത്തിലൊന്നു മാത്രമേ സ്ത്രീയുടെ കൈയിൽ എത്തുന്നുള്ളൂ. എന്നാൽ, റിപ്പോർട്ട് ഏറെ ഞെട്ടിപ്പിച്ചത് ലോക സ്വത്തിന്റെ നൂറിലൊന്നും

പോലും സ്ത്രീയുടെ പേരിൽ ഇല്ല എന്നതിലാണ്. ഒരു പിതൃദായക സംവിധാനത്തിൽ ഇത് മനസ്സിലാക്കാനോ ഉൾക്കൊള്ളാനോ ബുദ്ധിമുട്ടാണ്. തുടർന്ന് ഈ അസമത്വം ഇല്ലാതാക്കാൻവേണ്ടി പല ക്രമീകരണങ്ങളും ചെയ്തു. വനിതാ കമ്മീഷൻ, വനിതാ വികസന കോർപ്പറേഷൻ, വനിതാ വികസന മന്ത്രി തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു.

**സ്ത്രീകളും സമ്പത്തും**: സ്ത്രീകളും കൂടി തൊഴിൽ ചെയ്യാൻ തുടങ്ങിയത് ഈ അടുത്ത കാലത്താണ് എന്നാണ് പലരും ധരിച്ചിരിക്കുന്നത്. അതാണ് എല്ലാ ഗാർഹികപ്രശ്നത്തിന്റെയും കാരണം എന്ന് ചിന്തിക്കുന്നവരെയും കണ്ടുമുട്ടിയിട്ടുണ്ട്. എന്നാൽ, ക്രിസ്തുവിനു മുമ്പ് ബി.സി. രണ്ടാം നൂറ്റാണ്ടിൽ രചിച്ചുവെന്ന് കരുതപ്പെടുന്ന സുഭാഷിതങ്ങളിൽ ഉത്തമയായ സ്ത്രീയുടെ ലക്ഷണങ്ങൾ ഇപ്രകാരമാണ്. "അവൾ നല്ല നിലം നോക്കി വാങ്ങുന്നു. സ്വന്തം സമ്പത്തുകൊണ്ട് അവൾ മുന്തിരിതോട്ടം നട്ടുപിടിപ്പിക്കുന്നു. അവൾ അരമുറുക്കി കൈചുറുക്കോടെ ജോലി ചെയ്യുന്നു. തന്റെ വ്യാപാരം ലാഭകരമാണോ എന്ന് അവൾ പരിശോധിച്ചറിയുന്നു. രാത്രിയിൽ അവളുടെ വിളക്ക് അണയുന്നില്ല. അവൾ ദണ്ഡും തക്ലിയും ഉപയോഗിച്ച് നൂൽ നൂൽക്കുന്നു. അവൾ ദരിദ്രർക്ക് ദാനംചെയ്യുകയും പാവങ്ങളെ സഹായിക്കുകയും ചെയ്യുന്നു. മഞ്ഞുകാലത്ത് കുടുംബാംഗങ്ങൾക്ക് തണുപ്പേൽക്കുമെന്ന് അവൾ ഭയപ്പെടുന്നില്ല; അവർക്ക് ധരിക്കാൻ ഇരട്ട വസ്ത്രങ്ങൾ ഉണ്ട്. അവൾ സ്വയം വിരിപ്പുകൾ നിർമിക്കുന്നു; മൃദുലവും ധൂമ്രവർണവുമായ പട്ടുവസ്ത്ര ങ്ങളാണ് അവൾ ധരിക്കുന്നത്. ശ്രേഷ്ഠന്മാരോടൊപ്പം ഇരിക്കുമ്പോൾ നഗരകവാടത്തിൽ അവളുടെ ഭർത്താവ് ശ്രദ്ധേയനാകുന്നു. അവൾ ചണവസ്ത്രങ്ങളുണ്ടാക്കി വില്ക്കുകയും അരപ്പട്ടകൾ വ്യാപാരിക്ക് എത്തിച്ചുകൊടുക്കുകയും ചെയ്യുന്നു. അവൾ കഴിവും അന്തസ്സും അണിയുന്നു. അവൾ ഭാവിയെ നോക്കി പുഞ്ചിരിക്കുന്നു" (സുഭാ 31, 18 –25).

**സ്ത്രീകളും തൊഴിൽ രംഗവും**: ഏറെ ജനപ്രീതി നേടിയ ഹൃദയം എന്ന സിനിമയിലെ നായിക തന്റെ അച്ഛനോട് പറയുന്ന ഡയലോഗ് വളരെ ശ്രദ്ധിക്കപ്പെട്ടു. അവളുടെ പ്രണയത്തെ അച്ഛൻ എതിർത്തതിന്റെ കാരണമായി പറഞ്ഞത് അവനു സ്ഥിരവരുമാനമുള്ള നല്ല ജോലി ഇല്ല എന്നതായിരുന്നു. അതുകൊണ്ടു അവൻ എങ്ങനെ നിന്നെ നോക്കും? ഇതായിരുന്നു അച്ഛനെ വിഷമിപ്പിച്ചത്. അതിനു മകൾ കൊടുത്ത മറുപടി ആണ് "അവൻ എന്തിനാ എന്നെ നോക്കുന്നത്, എന്നെ നോക്കാൻ എനിക്ക് അറിയാം. ഇനി വേണമെങ്കിൽ ഞാൻ അവനെയും നോക്കാം."

കുടുംബബന്ധങ്ങളും അവയുടെ സമവാക്യങ്ങളും ഏറെ മാറിക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിലൂടെയാണ് നമ്മൾ കടന്നുപോകുന്നത്. പുരുഷൻ അന്നദാതാവും (ബ്രഡ് വിന്നർ) സ്ത്രീ കുടുബിനിയുമായ (ഹോം മേക്കർ) അവസ്ഥയിൽനിന്ന് നമ്മൾ ഏറെ മുന്നോട്ടുപോയി. ആത്മവിശ്വാസവും നിശ്ചയദാർഢ്യവുമുള്ള പെൺകുട്ടികൾ ധാരാളമായി വളർന്നുവരുന്നു. സ്ത്രീകൾ പുറത്തുപോയി ജോലിചെയ്തു ജീവിക്കേണ്ട ആവശ്യമൊന്നും ഞങ്ങളുടെ കുടുംബത്തിനില്ല എന്ന് ചിന്തിക്കുന്ന പുരുഷന്മാരുടെ എണ്ണവും കുറഞ്ഞു. വിദ്യാഭ്യാസത്തിന്റെയും വിവര സാങ്കേതിക വിദ്യയുടെയും വളർച്ച, നിയമം, സാമ്പത്തിക ശാസ്ത്രം, വൈദ്യശാസ്ത്രം, ഐ.ടി, മാനേജ്മെന്റ്, മാധ്യമ പ്രവർത്തനം തുടങ്ങിയ പുതിയ തൊഴിൽ മേച്ചിൽപുറങ്ങളിലേക്കു നയിച്ചു.

## രക്ഷകർത്താക്കൾക്കും പങ്കുണ്ട്

സാമ്പത്തിക മേഖലയിൽ സ്ത്രീകളുടെ സംഭാവനയെക്കുറിച്ചും തൊഴിലിടങ്ങളിൽ അവർ നേരിടുന്ന സേവന വേതന വ്യവസ്ഥകളിലെ ലിംഗ അസമത്വങ്ങളെക്കുറിച്ചുമുള്ള പഠനത്തിന് 2023 ലെ സാമ്പത്തികശാസ്ത്ര നോബൽ സമ്മാനജേതാവായ പ്രൊഫസർ ക്ലോഡിയ ഗോൾഡിന്റെ അഭിപ്രായത്തിൽ ജെൻഡർ അസമത്വങ്ങൾക്കു കാരണം വ്യവസ്ഥാപിത സംവിധാനങ്ങൾ മാത്രമല്ല രക്ഷകർത്താക്കളും കൂടിയാണ്. അതുകൊണ്ടു സാമ്പത്തിക സാമൂഹ്യമേഖലകളിൽ തന്റേതായ ഇടം കണ്ടെത്താൻ ആഗ്രഹിക്കുന്ന സ്ത്രീകൾ അറിഞ്ഞിരിക്കേണ്ട ചില വസ്തുതകളെ മനസ്സിലാക്കുന്നത് ഉചിതമായിരിക്കും:

- സ്ത്രീകൾ ജോലിക്കു പോകുന്നത് സാമ്പത്തികത്തിനുവേണ്ടി മാത്രമല്ല, ഉദ്യോഗസ്ഥരായ സ്ത്രീകളിലാണ് കൂടുതൽ പോസിറ്റീവ് ആയ ആത്മാഭിമാനം അഥവാ സെൽഫ് എസ്റ്റീം പ്രകടമാകുന്നത്.
- ഉദ്യോഗസ്ഥരായ അമ്മമാരുടെ മക്കളിലാണ് നിയതമായ ജീവിതാഭിമുഖ്യവും സ്വയം പര്യാപ്തതയും കൂടുതലായി കണ്ടുവരുന്നത്.
- സംഖ്യാപരമായി അളന്നു തിട്ടപ്പെടുത്താവുന്ന ശക്തീകരണ സൂചികകളായ വരുമാനം, സമ്പാദ്യം, നിക്ഷേപം എന്നിവയും അങ്ങനെ അളക്കാനാവാത്ത ഘടകങ്ങളായ ആശയവിനിമയം, തീരുമാനങ്ങൾ എടുക്കുക, സാമൂഹിക ഇടപെടലുകൾ നടത്തുക തുടങ്ങിയ കഴിവുകളും ഉദ്യോഗസ്ഥരായ സ്ത്രീകളിൽ ഏറെ പ്രകടമാണ്.
- കുടുംബം സ്ത്രീകൾക്ക് ഏറ്റവും പ്രധാനപ്പെട്ട ഇടമാകയാൽ അതുപേക്ഷിക്കാൻ തയ്യാറാകേണ്ടിവരുക എന്നത് വേദനിപ്പിക്കുന്നതായതുകൊണ്ട് സ്ത്രീകൾക്ക് അനുകൂലമായ 'വർക്ക് കൾച്ചർ' ലഭ്യമല്ലായെങ്കിൽ അത് സൃഷ്ടിക്കാനാവണം.

## ഇഷ്ടപ്പെട്ടും കഷ്ടപ്പെട്ടും നേടിയത്

ഇഷ്ടപ്പെട്ടും കഷ്ടപ്പെട്ടും ആർജിച്ചെടുത്ത വിദ്യാഭ്യാസം ഉപയോഗിക്കാതിരിക്കുന്നത് ദൈവത്തോടും രാഷ്ട്രത്തോടും ചെയ്യുന്ന അനീതിയാണ്. കാരണം വിദ്യാഭ്യാസ പ്രക്രിയയിൽ രാഷ്ട്രത്തിന്റെ സംഭാവന വളരെ വലുതാണ്. സാമൂഹിക ശാസ്ത്രജ്ഞരുടെ അഭിപ്രായത്തിൽ ഉച്ചയൂണ് കഴിഞ്ഞ് വഴിയിൽ സ്കൂൾബസ് വരുന്നതുംനോക്കി ബിരുദാനന്തര ബിരുദധാരികളായ സ്ത്രീകൾ നിൽക്കുന്നത് കേരളത്തിലെമാത്രം കാഴ്ചയാണ്. അതുകൊണ്ടു എവിടെയെങ്കിലുംവച്ച് മുറിഞ്ഞുപോയതോ നിന്നുപോയതോ ആയ വിദ്യാഭ്യാസപരമോ തൊഴിൽപരമോ ആയ തലങ്ങൾ പുനരാരംഭിക്കാൻ ശ്രമിക്കണം. കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (കെ.ഡി.എസ്.സി) പ്രകാരം വിവാഹം മൂലമോ വ്യക്തിപരവും കുടുംബപരവുമോ ആയ കാരണങ്ങളാൽ കരിയർ ഉപേക്ഷിക്കേണ്ടിവന്ന അഞ്ച് ലക്ഷം സ്ത്രീകൾ കേരളത്തിലുണ്ട്. അവർക്ക് ഉപകാരപ്രദമായ 'ബാക് ടു വർക്ക്' സ്കീമുകളുണ്ട്.

**മിതവ്യയത്തിന്റെ സ്വാതന്ത്ര്യം**: "ഈ കടയിലെ ഏറ്റവും വില കുറഞ്ഞ സാരികൾ ഒന്ന് കാണിച്ചുതരാമോ?" ഒരു സ്ത്രീ തുണിക്കടയിലേക്ക്

ഇരച്ചു കയറിച്ചെന്ന് ചോദിച്ചു. "എന്റെ മക ളുടെ വിവാഹമാണ്. വീട്ടിൽ വേലക്ക് നിൽ ക്കുന്ന സ്ത്രീക്ക് കൊടുക്കാനാണ്" എന്ന് പറഞ്ഞു. കുറച്ചു കഴിഞ്ഞപ്പോൾ മറ്റൊരു സ്ത്രീ കടയിലേക്ക് കയറി വന്നിട്ട് ചോദിച്ചു. "ഇവിടത്തെ നല്ല വിലയുള്ള സാരികൾ ഒക്കെ ഒന്ന് കാണിക്കാമോ, ഞാൻ ജോലി ചെയ്യുന്ന വീട്ടിലെ പെങ്കൊച്ചിന്റെ കല്യാണമാണ് സമ്മാ നമായി നൽകാനാണ്." അപ്പോൾ യഥാർഥ ത്തിൽ ആരാണ് ദരിദ്രൻ? സമ്പത്ത് ഉണ്ടാക്കു ന്നതും സമ്പത്തിനെ മാന്യമായി കൈകാര്യം ചെയ്യുന്നതിലുമാണ് വിവേകം അടങ്ങിയി രിക്കുന്നത്.

പഴയ നിയമത്തിലെ തോബിത്തിന്റെ ഭാര്യ അന്ന ഈ വിഷയത്തിൽ എന്നെ അതിശയി പ്പിച്ച സ്ത്രീയാണ്. തോബിത് തനിക്ക് കിട്ടാ നുള്ള കടം തിരിച്ച് മേടിച്ചുകൊണ്ടുവരാൻ മകനായ തോബിയാസിനെ ദൂരദേശത്തേക്ക് അയച്ചു. എന്നാൽ, മകൻ പോയിക്കഴിഞ്ഞ പ്പോൾ അമ്മയ്ക്ക് വിഷമമായി. അപ്പോൾ അവർ ഭർത്താവിനോട് പറയുന്ന വരികൾ ഇപ്രകാരമാണ്: "നിങ്ങളെന്തിനാണ് മകനെ ഇത്രയും ദൂരേക്ക് അയച്ചത്? നമുക്ക് അവൻ താങ്ങായിരുന്നില്ലേ? പണമല്ല പ്രധാനം; അതു നമ്മുടെ മകനെക്കാൾ വിലപ്പെട്ടതുമല്ല. കർത്താവ് തന്ന ജീവിതസൗകര്യങ്ങൾകൊണ്ടു തൃപ്തിപ്പെട്ടുകൂടേ?" (തോബി 5, 18–19). ഇതിൽ രണ്ടു കാര്യങ്ങൾ അടങ്ങിയിരിക്കുന്നു. നമുക്കുള്ളതെല്ലാം ദൈവം നൽകിയതാണ്. അതിൽ സംതൃപ്തി കണ്ടെത്തുക എന്നുള്ളത് വളരെ പ്രധാനപ്പെട്ടതാണ്. കൂടുതൽ ശേഖ രിച്ചവർക്ക് കുറവോ, കുറവ് ശേഖരിച്ചവർക്ക് കൂടുതലോ അനുഭവപ്പെടാൻ ഇടയാകാത്ത വിധത്തിലുള്ള ഒരു സാമ്പത്തിക വിനിമയ ക്രമീകരണം ദൈവം പലരുടെയും ജീവിത ത്തിൽ കൊണ്ടുവരാറുണ്ട്.

പണം ദൈവത്തിന്റെ ഉദാരതയുടെ അടയാ ളമാകയാൽ (നിയ 8, 18) മിഷണറിചൈതന്യ ത്തോടെ വേണം സമീപിക്കേണ്ടത്. സാമ്പത്തിക ആസൂത്രണമില്ലായ്മയാണ് പല കുടുംബങ്ങ ളെയും കടക്കെണിയിൽ പെടുത്തുന്നത്. പണം കൃത്യമായ സൃഷ്ടിക്കാനും പരിപാലി ക്കാനും സാധിക്കുക എന്നത് സാമ്പത്തിക അച്ചടക്കത്തിന്റെ പ്രധാന തലമാണ്. ഇൻസ്റ്റാൾ മെൻറ് ആയി കിട്ടിയാൽ ആനയെയും മേടിക്കാൻ തയ്യാറാണ് മലയാളികൾ എന്ന രീതിയിലാണ് ചിലരുടെ ചെലവുകൾ മുന്നേറു ന്നത്. ഇവിടെ ഒരു സ്ത്രീയുടെ തെരഞ്ഞെ ടുപ്പുകൾ വളരെ പ്രധാനപ്പെട്ടവയാണ്.

**സഭാ പഠനങ്ങളിൽ**: സഭയിലും സമൂഹത്തിലും ഉണ്ടാകേണ്ട ശക്തമായ സ്ത്രീസാന്നിധ്യ ത്തിന്റെ ആവശ്യകതയെകുറിച്ചാണ് സഭാപഠ നങ്ങൾ നമ്മളോട് ആഹ്വാനം ചെയ്യുന്നത്. "സ്ത്രീകളുടെ ദൗത്യം പരിപൂർണമാകുന്ന സമയം ആസന്നമായിരിക്കുന്നു എന്നല്ല അത് വന്നുകഴിഞ്ഞു. അവർ ഇന്നോളം കൈവരിച്ചി ട്ടില്ലാത്ത സ്വാധീനവും ശക്തിയും പ്രവർത്തന ശേഷിയും നേടിയെടുക്കുന്ന സമയമാണിത്. മനുഷ്യവർഗം മുഴുവൻസമൂലമായ ഒരു പരി വർത്തനത്തിന് വിധേയമായിക്കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ സുവിശേഷ ചൈതന്യ ത്താൽ പൂരിതരായ സ്ത്രീകൾക്ക് മനുഷ്യ രാശി അധഃപതിച്ചു പോകാതിരിക്കാൻവേണ്ടി വളരെയേറെ ചെയ്യുവാൻ സാധിക്കുന്നതാണ്" (സ്ത്രീകൾക്കുള്ള കൗൺസിൽ സന്ദേശം 13–14) അതുകൊണ്ട് സ്ത്രീകളുടെ അന്ത സ്സിന്റെയും വിളിയുടെയും മാഹാത്മ്യം മനസ്സി ലാക്കാൻ സഹായിക്കുന്ന അടിസ്ഥാന വസ്തു തകളിൽനിന്ന് ചിന്തിച്ചു തുടങ്ങിയാൽമാത്രമേ സഭയിലും സമൂഹത്തിലും ഉണ്ടായിരിക്കേണ്ട അവരുടെ സജീവമായ സാന്നിധ്യത്തെക്കുറിച്ച് മനസ്സിലാക്കാനാകൂ (സ്ത്രീത്വത്തിന്റെ മഹനീയത1).

മുഴുവൻ സമയവും സ്വന്തം കുടുംബത്തിനു വേണ്ടി നീക്കി വയ്ക്കപ്പെടുമ്പോഴും അവരുടെ അന്തസ്സിന് കോട്ടംവരാത്തവിധം സമൂഹഘടന സജ്ജമാക്കണം. ഇക്കാര്യത്തിൽ ബെനഡിക്ട് പതിനാറാമൻ മാർപാപ്പയുടെ സ്വരം വേറിട്ട് നിൽക്കുന്നു. "കുടുംബത്തിൽ സ്ത്രീകൾ ശ്രദ്ധേയവും സജീവമായ വിധത്തിൽ സന്നി ഹിതരായിരിക്കണം. കാരണം, കുടുംബത്തി ലാണ് ഒരു ജനതയുടെ സവിശേഷ സ്വഭാവ ങ്ങൾ രൂപപ്പെടുന്നത്. എന്നാൽ, തൊഴിലിന്റെ ലോകത്തിലും സമൂഹത്തിന്റെ സംഘാടന ത്തിലും സ്ത്രീകൾ സന്നിഹിതരായിരിക്കണം. ഉത്തരവാദിത്വപ്പെട്ട സ്ഥാനങ്ങളിലേക്ക് സ്ത്രീ കൾക്ക് പ്രവേശനം ഉണ്ടായിരിക്കണം. അത് രാഷ്ട്രങ്ങളുടെ നയങ്ങളെ പ്രചോദിപ്പിക്കുവാ നും സാമ്പത്തികവും സാമൂഹികവുമായ പ്രശ്നങ്ങൾക്ക് നവീകരണപരമായ പരിഹാര ങ്ങളെ വളർത്താനും അവരെ അനുവദി ക്കുന്നു. എന്നാൽ, യഥാർഥത്തിൽ കുടുംബ ത്തിനുള്ളിൽ സ്ത്രീകൾ ചെയ്യുന്ന തൊഴി ലിനെ സംബന്ധിച്ച് നീതിപൂർവകമായ വിലയി രുത്തൽ ആവശ്യമാണ്. കാരണം, അവർക്ക് സ്വതന്ത്രമായി സമൂഹത്തിൽനിന്ന് അപമാനം സഹിക്കാൻ ഇടവരാതെയും സാമ്പത്തിക മായി ശിക്ഷിക്കപ്പെടാതെയും മുഴുവൻ സമയവും ഗൃഹജോലികളിൽ ഏർപ്പെടാൻ കഴിയണം. സ്ത്രീകളുടെ തനിമയുടെ കേന്ദ്ര മായ ഒരു ഘടകം മാതൃത്വമാണ് എന്നാൽ, ശാരീരിക പ്രത്യുത്പാദനത്തിന്റെ വീക്ഷണ ത്തിലൂടെ മാത്രം സ്ത്രീയെ പരിഗണിക്കണ മെന്ന് ഇതിനർഥമില്ല (സ്ത്രീ പുരുഷ സഹക രണം സഭയിലും സമൂഹത്തിലും 13,14).

ഫ്രാൻസിസ് മാർപാപ്പയുടെ വാക്കുകളിൽ, "പുരുഷന്മാരെക്കാൾ കൂടുതൽ സ്ത്രീകൾ ക്കുള്ളതായി കാണപ്പെടുന്ന സംവേദനക്ഷ മത, അന്തർജ്ഞാനം എന്നിവയിലൂടെ അവർ സമൂഹത്തിന് നൽകുന്ന സവിശേഷമായ സംഭാവനകളെ സഭ അംഗീകരിക്കുന്നു. ഉദാ ഹരണത്തിന് മറ്റുള്ളവരോടുള്ള കരുതൽ അനന്യമല്ലെങ്കിൽപോലും സവിശേഷരീതി യിൽ മാതൃത്വത്തിൽ ആവിഷ്കരിക്കപ്പെ ടുന്നു. സഭയിൽ സ്ത്രീകളുടെ നിർണായക മായ സാന്നിധ്യത്തിന് വേണ്ടി കൂടുതൽ വിശാലമായ അവസരങ്ങൾ സൃഷ്ടിക്കേണ്ടതാ വശ്യമാണ്. സമൂഹത്തിന്റെ എല്ലാ തലങ്ങ ളിലും സ്ത്രൈണ പ്രതിഭ അഥവാ ഫെമിനിൻ ജീനിയസ് ആവശ്യമുണ്ട്. ജോലിസ്ഥലത്തും സഭയിലും സാമൂഹികഘടനകളിലും സുപ്ര ധാന തീരുമാനങ്ങൾക്കുള്ള പശ്ചാത്തലങ്ങ ളിൽ സ്ത്രീകളുടെ സാന്നിധ്യം ഉറപ്പാക്കേണ്ട താണ് (സുവിശേഷത്തിന്റെ സന്തോഷം 103).

സ്നേഹിക്കാൻ മാത്രമറിയാവുന്ന ദൈവ ത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടി ക്കപ്പെട്ട സ്ത്രീയുടെ ആത്മഛായയും ഈ സ്നേഹം സ്വീകരിക്കുന്നതിലും നൽകുന്ന തിലും ഉൾക്കൊണ്ടിരിക്കുന്നു. മാറുന്ന കാല ഘട്ടത്തിനനുസരിച്ച് ഈ അടിസ്ഥാനവിളിക്ക് മാറ്റം വരാൻ പാടില്ല. കാരണം, ജീവൻ ഭര മേൽപ്പിക്കാൻ തക്കവിധം ദൈവം സ്ത്രീയെ മഹത്വമുള്ളവളായി കണ്ടു. ആത്യന്തികമായി അവൾ ജീവദാതാവാണ്. യൂദിത്തിനെക്കുറിച്ച് വായിക്കുന്നതുപോലെ "എന്നാൽ, സർവശ ക്തനായ ദൈവം ഒരു സ്ത്രീയുടെ കൈയിൽ ശത്രുവിന്റെ പദ്ധതികൾ തകിടം മറിച്ച് ഇസ്രാ യേൽ ജനത്തെ രക്ഷിച്ചു" (യൂദിത്ത് 16, 6).

അതുകൊണ്ട് ഐക്യരാഷ്ട്ര സംഘടന ആഹ്വാനം ചെയ്തിരിക്കുന്ന ജൻഡർ സമത്വം സാധ്യമായില്ലെങ്കിൽ സംജാതമാകുന്ന നിര ന്തരമായ മാനസിക സംഘർഷം മാനസിക സന്തുലിതാവസ്ഥയുടെമേലും കുടുംബത്തിന്റെ ഐക്യത്തിന്മേലും നിഷേധാത്മകഫലങ്ങൾ ഉളവാക്കുന്നതാണ്. വീട്ടമ്മമാരുടെ വർധിച്ചു വരുന്ന ഒളിച്ചോട്ടത്തിന്റെയും ശാരീരിക, മാനസിക രോഗങ്ങളുടെയും ഒരു കാരണം വൈകാരിക പിരിമുറുക്കമാണ്. ജൻഡർ സമത്വം എന്നത് സംഘാതാത്മകമായി നേടിയെ ടുക്കേണ്ടതാണ് എന്ന് സഭ പഠിപ്പിക്കുന്നു. അതിനുള്ള ഉണർത്തുപാട്ടാണ് ഉയരേണ്ടത്. കാരണം ഒരു സമൂഹത്തിന്റെ വളർച്ചയും ചൈതന്യവും അവിടത്തെ സ്ത്രീകളുടെ അന്ത സ്സുമായി അഭേദ്യം ബന്ധപ്പെട്ടിരിക്കുന്നു◆

*(ലേഖിക തൃക്കാക്കര ഭാരത മാതാ കോളേജിൽ ഇക്കണോമിക്സ് വിഭാഗം മേധാവിയായി റിട്ടയർ ചെയ്തു. ഇപ്പോൾ ജീവിതപങ്കാളി കെ.കെ ജോസഫിനോടൊപ്പം കൊച്ചിയിൽ താമസം)*

# സ്ത്രൈണ പ്രതിഭയുടെ പ്രസക്തി

**കവർസ്റ്റോറി** - ഡോ. ബീന മനോജ്

## സഭയിലും ആധുനിക ലോകത്തിലും

പിന്നിലേക്ക് തിരിഞ്ഞു നോക്കുമ്പോൾ ഒരു ജീസസ് യൂത്ത് എന്ന നിലയിലുള്ള എന്റെ യാത്ര ആരംഭിച്ചിട്ട് നാല് പതിറ്റാണ്ട് ആകുന്നു. സുദീർഘമായ ഈ കാലയളവിലൂടെ ജീസസ് യൂത്ത് മൂവ്മെന്റ് എന്നെ സഭാ ഹൃദയത്തിലേക്ക് ചേർത്തുവയ്ക്കുകയും സ്ത്രീ എന്ന നിലയിലുള്ള എന്നിലെ സ്വത്വത്തെ രൂപപ്പെടുത്തുന്നതിൽ നിർണായക പങ്ക് വഹിക്കുകയും ചെയ്തിട്ടുണ്ട്. പഠനകാലത്ത് അല്പം അജ്ഞതയോടെയാണെങ്കിലും യുവത്വത്തിന്റെ ആവേശത്തോടെ തന്നെയാണ് ജീസസ് യൂത്ത് എന്ന മഹാ പ്രവാഹത്തിലേക്ക് ചുവടുവച്ചത്. വൈകാതെ ആത്മവിശ്വാസത്തോടെ ആ തിരകൾക്കൊപ്പം നീങ്ങാൻ എനിക്ക് സാധിച്ചു. ജീസസ് യൂത്ത് മൂവ്മെന്റ് എന്നെ ആശ്ലേഷിച്ചപ്പോൾ ഞാൻ അത്രമാത്രം സ്വാതന്ത്ര്യവും ശാക്തീകരണവും അനുഭവിച്ചറിഞ്ഞുവെന്ന് മാത്രമല്ല എനിക്ക് വളരാനുള്ള ഇടവും മൂവ്മെന്റ് ഒരുക്കിത്തന്നു. എന്നിലെ സർഗാത്മക വാസനകളെ ക്രിയാത്മകമായി ഉപയോഗിക്കുവാനും കൂട്ടായ്മയുടെ സൗരഭ്യം അനുഭവിക്കുവാനും എനിക്ക് കഴിഞ്ഞത് ജീസസ് യൂത്ത് മൂവ്മെന്റിലൂടെയാണ്. കഴിഞ്ഞ കാലങ്ങളിലെല്ലാം ഒരു ഭാര്യ, അമ്മ, അധ്യാപികയെന്ന നിലയിലെല്ലാമുള്ള എന്റെ വിളിയിൽ ദിശാബോധം പകർന്നത് മൂവ്മെന്റ് ആണ്. വാസ്തവത്തിൽ ഇത് എന്റെ മാത്രം കഥയല്ല. ജീസസ് യൂത്തിലെ ഓരോ സ്ത്രീയുടെയും കഥയാണ്.

### തുല്യമഹത്വം.. വ്യത്യസ്ത സിദ്ധികൾ

സ്ത്രീയും പുരുഷനും തങ്ങളുടെ കഴിവുകളിൽ വ്യത്യസ്തരാണ് എന്നത് യാഥാർഥ്യമാണ്. എന്നാൽ, ഇരുകൂട്ടർക്കും തുല്യമഹത്വമാണുള്ളത്. ഇന്ന് സ്ത്രീ എന്നതിന്റെ അർഥമെന്താണ്? ഒരു സ്ത്രീക്ക് എങ്ങനെ ഒരേ സമയം യഥാർഥ കത്തോലിക്കയും അതേ സമയം സ്ത്രൈണ പ്രതിഭയും ആകാൻ കഴിയും? വീട്ടിലും തൊഴിലിടങ്ങളിലും സംസ്കാരത്തിലും അവൾ എങ്ങനെയാണ് തന്റെ ജീവിതം ക്രമപ്പെടുത്തുന്നത്? സ്ത്രീത്വമെന്ന പദത്തിന്റെ ഏറ്റവും സമഗ്രമായ വിശകലനം നമുക്ക് കാണാൻ കഴിയുക 'Mulieris Dignitatem' എന്ന വി.ജോൺ പോൾ രണ്ടാമന്റെ സ്ത്രീത്വത്തിന്റെ മഹനീയതയെക്കുറിച്ച് പ്രതിപാദിക്കുന്ന അപ്പസ്തോലിക പ്രബോധനത്തിലാണ്. 'സ്ത്രൈണ പ്രതിഭ'എന്ന മനോഹരമായ പദപ്രയോഗം സമ്മാനിച്ചതും ആ അപ്പസ്തോലിക പ്രബോധനം ആണ്.

തന്റെ ഛായയിലും സാദൃശ്യത്തിലും ദൈവം മനുഷ്യനെ സൃഷ്ടിച്ചു എന്ന അടിസ്ഥാനസത്യത്തിലൂന്നിക്കൊണ്ട് സ്ത്രീത്വത്തിന്റെ മഹത്വത്തെക്കുറിച്ച് ആധികാരികമായ ഒരു കാഴ്ചപ്പാട് ഈ അപ്പസ്തോലിക പ്രബോധനം സമ്മാനിക്കുന്നുണ്ട്. തുല്യ മഹത്വമുള്ള സ്ത്രീയും പുരുഷനും തങ്ങളുടെ സിദ്ധികളിൽ വ്യത്യസ്തരാകാം. ഈ വ്യതിരിക്തമായ കാഴ്ചപ്പാടിനെ ഉൾക്കൊള്ളുന്ന പദമാണ് സ്ത്രൈണ പ്രതിഭ എന്നത്. വ്യക്തിത്വവും ദൗത്യവും വ്യക്തമാക്കുവാനായി മൂന്ന് സ്ത്രീവ്യക്തിത്വങ്ങളെ മാർപാപ്പ ചൂണ്ടികാണിക്കുന്നുണ്ട്. ഹവ്വ, പരിശുദ്ധ കന്യകാ മറിയം, തിരുസഭ. ഹവ്വ സ്ത്രീത്വത്തിന്റെ ഉത്ഭവത്തെയും പിതാവായ ദൈവം അവൾക്ക് നൽകിയ സ്ത്രൈണ ഹൃദയത്തെയും കുറിച്ചു സൂചിപ്പിക്കുന്നു. അതോടൊപ്പം സ്ത്രീക്ക് ലഭിച്ച സ്വീകാര്യതയെ അവൾ എങ്ങനെ തെറ്റായി ഉപയോഗിച്ചുവെന്നതിനെയും തിന്മയുടെ മാർഗം അവൾ തെരഞ്ഞെടുത്തതിനെയും പ്രതിനിധീകരിക്കുന്നു. തിന്മയേശാത്ത പരിശുദ്ധ കന്യകാമറിയം സ്ത്രീത്വത്തിന്റെ പരിപൂർണതയുടെ ഫലപ്രാപ്തി വ്യക്തമാക്കുന്നു. മണവാട്ടിയും അമ്മയുമായ തിരുസഭയെ അറിയുന്നതിലൂടെ സ്ത്രൈണ പൂർണതയുടെ ആഴവും അർഥവും നമുക്ക് കണ്ടെത്താനാകും. ഈ മൂന്നു പ്രതിരൂപങ്ങളെ അടുത്തറിയുകവഴി പിതാവായ ദൈവം സ്ത്രീത്വത്തെ എത്ര മനോഹരമായാണ് രൂപപ്പെടുത്തിയിരിക്കുന്നതെന്ന് മനസ്സിലാക്കാൻ കഴിയും.

### ജീസസ് യൂത്തിന്റെ തുറന്ന വാതായനങ്ങൾ

'സ്ത്രീകളുടെ വിളി അതിന്റെ പൂർണതയിൽ അംഗീകരിക്കപ്പെടുന്ന സമയം വരുന്നു, വാസ്തവത്തിൽ അത് വന്നു കഴിഞ്ഞു, ഇന്നുവരെ ലോകത്ത് സ്ത്രീകൾ കൈവരിച്ചിട്ടില്ലാത്ത സ്വാധീനവും ശക്തിയും ആർജിച്ചെടുക്കുന്ന സമയം. അതുകൊണ്ടുതന്നെയാണ് മനുഷ്യരാശി ആഴത്തിലുള്ള പരിവർത്തനത്തിന് വിധേയമായിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ, സുവിശേഷ ചൈതന്യമുള്ള സ്ത്രീകൾക്ക് മാനവരാശിയുടെ പതനത്തെ ചെറുക്കാൻ കഴിയുന്നത്."

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ സമാപന സന്ദേശത്തിൽ



നിന്നുള്ള ഈ പരാമർശം സ്ഥിരതയോടെ ദശാബ്ദങ്ങളായി പിന്തുടർന്ന് വരുന്നതിന് കാരണം സഭയ്ക്കും ലോകത്തിനും അതുല്യമായ സംഭാവനകൾ സമ്മാനിക്കാൻ സ്ത്രീത്വത്തിന് കഴിയും എന്ന സഭയുടെ ബോധ്യത്തിൽ നിന്നുമാണ്. ജീവന്റെ സംസ്കാരം പടുത്തുയർത്തുന്ന സ്ത്രൈണ പ്രതിഭയെക്കുറിച്ചുള്ള ജോൺപോൾ രണ്ടാമൻ മാർപാപ്പയുടെ പ്രബോധനങ്ങൾ അദ്ദേഹത്തിന്റെ കാലശേഷം പിൻഗാമികളായ ബെനഡിക്ട് പതിനാറാമൻ മാർപാപ്പയിലൂടെയും ഫ്രാൻസിസ് മാർപാപ്പയിലൂടെയും തങ്ങളുടേതായ രീതിയിൽ പ്രതിധ്വനിക്കുന്നത് സ്ത്രൈണ പ്രതിഭയ്ക്കുള്ള പ്രോത്സാഹനമായി നമുക്ക് കാണാൻ കഴിയും.

പരിശുദ്ധാത്മാവിന്റെ ശക്തമായ ഇടപെടൽ ആരംഭം മുതൽ തന്നെ ജീസസ് യൂത്ത് മൂവ്മെന്റിൽ നമുക്ക് കാണാൻ കഴിയും. തുടക്കം മുതൽ ഇന്നുവരെ മൂവ്മെന്റിൽ സ്ത്രീകൾക്ക് അർഥവത്തായ സ്ഥാനം നൽകി വരുന്നുണ്ട്. ഇതെല്ലാം പരിശുദ്ധാത്മ സാന്നിധ്യത്തിന്റെ പ്രതിഫലനമാണ്. ദൈവരാജ്യത്തോടുള്ള തീക്ഷ്ണതയാലും ദൈവസ്നേഹത്താലും നിറഞ്ഞ യുവത്വത്തിന്റെ ഒരു പ്രവാഹം തന്നെ ജീസസ് യൂത്തിന്റെ തുടക്കം മുതൽ മൂവ്മെന്റിൽ നമുക്ക് കാണാൻ കഴിയുന്നുണ്ട്. ലിംഗ ഭേദമില്ലാതെയാണ് അവർ തോളോട് തോൾചേർന്ന് മിഷണറി പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതും തങ്ങളുടെ ജീവിതംകൊണ്ട് ക്രിസ്തുവിന് സാക്ഷ്യം വഹിക്കുന്നതും.

കാലക്രമേണ ജീസസ് യൂത്ത് മൂവ്മെന്റ് പുതിയ തീരങ്ങളിലേക്ക് വ്യാപിച്ചു. ഏതാണ്ട് 40വർഷങ്ങൾ കൊണ്ട് നാൽപതോളം രാജ്യങ്ങളിൽ സാന്നിധ്യം അറിയിക്കാൻ മൂവ്മെന്റിനു കഴിഞ്ഞു. ഇതിന് പ്രധാന കാരണമെന്ന് പറയുന്നത് പഠനത്തിനും ജോലിക്കുമായി, വിവിധ രാജ്യങ്ങളിലേക്ക് മൂവ്മെന്റിലൂടെ ലഭിച്ച മിഷൻ ചൈതന്യവും പേറി കുടിയേറിയ നമ്മുടെ ചെറുപ്പക്കാരാണ്. എന്നാലും, വർഷങ്ങൾ കഴിഞ്ഞപ്പോൾ സ്ത്രീകളുടെ നേതൃത്വപരമായ ഇടപെടലുകൾക്ക് ചില പരിമിതികൾ കടന്നുവന്നു. വിവാഹ ജീവിതവും കുഞ്ഞുങ്ങളുടെ പരിപോഷണവും കുടുംബത്തിന്റെ സംരക്ഷണവുമെല്ലാം ഏറ്റെടുക്കേണ്ടി വന്നതോടെയായിരുന്നു ഇത്.

ജീസസ് യൂത്ത് മൂവ്മെന്റിലെ ലോകത്താകമാനമുള്ള സ്ത്രീകളുടെ പ്രാതിനിധ്യത്തെയും സാന്നിധ്യത്തെയും കുറിച്ച് പരിശോധിച്ചാൽ അത് 40% മുതൽ 60% വരെയാണെന്ന് കാണാൻ കഴിയും. വിവാഹത്തിനു മുമ്പ് ഏറ്റവും തീക്ഷ്ണതയോടെ പ്രവർത്തിക്കുന്നത് പെൺകുട്ടികളാണെന്ന് ഇതിൽ നിന്ന് വ്യക്തമാകും. ഒരുപക്ഷേ നമ്മുടെ ആൺകുട്ടികളെക്കാൾ കൂടുതൽ ആക്ടീവ് ആയിപ്രവർത്തിക്കുന്നതും പെൺകുട്ടികളാണെന്ന് കാണാൻ കഴിയും. എന്നാൽ, വിവാഹിതരായ സ്ത്രീകളുടെ മൂവ്മെന്റിലെ പ്രവർത്തനവും സാന്നിധ്യവും അവരുടെ സാഹചര്യം അനുസരിച്ച് വ്യത്യസ്തമാണ്. എന്നിരുന്നാലും സഭയിലും സമൂഹത്തിലും കുടുംബത്തിലും മൂവ്മെന്റിലും വിവാഹിതരായ സ്ത്രീകളുടെ ശക്തമായ സാന്നിധ്യം ഉണ്ടെന്നുള്ളത് നിസ്സംശയം പറയാൻ കഴിയും.

'മനുഷ്യഹൃദയത്തിന് സാധ്യമായ ഏറ്റവും ഉന്നതമായ ഭാവങ്ങളെ പ്രതിഫലിപ്പിക്കുന്ന ഒരു സൗന്ദര്യം: സ്വയം സമർപ്പിക്കുന്ന സ്നേഹത്തിന്റെ പൂർണത, ദുഃഖത്തിന്റെ പാരമ്യതയിലും പിടിച്ചുനിൽക്കാനുള്ള ശക്തി. തന്റെ ദൗത്യത്തിലുള്ള അതിരുകളില്ലാത്ത വിശ്വസ്തതയും വിശ്രമമില്ലാത്ത പ്രതിബദ്ധതയും, ചൂഴ്ന്നിറങ്ങുന്ന അന്തർജ്ഞാനവും പ്രോത്സാഹനവും, കരുതലോടുകൂടിയ വാക്കുകളും ഇവയെല്ലാം ഒരുമിച്ചു സമന്വയിപ്പിക്കാനുള്ള കഴിവ്" (Redemptoris Mater, John Paul II). സ്ത്രീത്വത്തിന്റെ മഹനീയമായ ചിത്രമാണ് തന്റെ വാക്കുകളിലൂടെ ജോൺപോൾ രണ്ടാമൻ മാർപാപ്പ വരച്ചു കാണിക്കുന്നത്.

## അതുല്യ സ്ത്രീ സാന്നിധ്യമാകാനുള്ള വിളി

'സുവിശേഷത്തിന്റെ ആനന്ദം' എന്ന ഫ്രാൻസിസ് മാർപാപ്പയുടെ അപ്പസ്തോലിക പ്രബോധനത്തിലൂടെ സ്ത്രീത്വത്തിന്റെ മഹനീയതയെക്കുറിച്ച് സഭ ഇങ്ങനെ ഊന്നി പറയുന്നു. 'സംവേദന ക്ഷമത, അന്തർജ്ഞാനം, മറ്റു വ്യതിരിക്തങ്ങളായ കഴിവുകൾ എന്നിവയിലൂടെ സ്ത്രീകൾ സമൂഹത്തിന് നൽകുന്ന നിസ്തുല സേവനങ്ങൾ പുരുഷനേക്കാൾ കൂടുതലാണ്.' അതോടൊപ്പം ചൂണ്ടിക്കാണിക്കുന്ന മറ്റൊരു കാര്യം 'ഇനിയും കൂടുതൽ വിശാലമായ അവസരങ്ങൾ അതുല്യമായ സ്ത്രൈണ സാന്നിധ്യത്തിനായി സഭയിൽ ഉണ്ടാകണമെന്നതാണ്.'

സ്ത്രീയുടെ ഈ വിളിക്കുള്ള പ്രത്യുത്തരമെന്നവണ്ണം ജീസസ് യൂത്തിന്റെ ഫോർമേഷൻ പ്രോഗ്രാമുകൾ കൃപയിൽ നിറഞ്ഞ് ക്രിസ്തുവിന്റെ  അപ്പസ്തോലരാകാൻ ചെറുപ്പക്കാരായ സ്ത്രീകളെ പ്രാപ്തരാക്കുന്നതിൽ അതീവശ്രദ്ധ പുലർത്തുന്നു. കുടുംബത്തിലും അയൽപക്കത്തും ഇടവകയിലും തൊഴിലിടങ്ങളിലും മാത്രമല്ല എവിടെയെല്ലാം കർത്താവ് അവരെ അയക്കുന്നുവോ അവിടെയെല്ലാം ക്രിസ്തു സാന്നിധ്യമാകാൻ  അവർക്ക് കഴിയണം. 'ഹൃദയം തകർന്നവരെ ആശ്വസിപ്പിക്കാനും തടവുകാർക്കു മോചനവും ബന്ധിതർക്കു സ്വാതന്ത്ര്യവും  പ്രഖ്യാപിക്കാനും കർത്താവിന്റെ കൃപാവത്സരവും നമ്മുടെ ദൈവത്തിന്റെ പ്രതികാരദിനവും പ്രഘോ



ഷിക്കാനും വിലപിക്കുന്നവർക്കു സമാശ്വാസം നൽകാനും എന്നെ അയച്ചിരിക്കുന്നു' (ഏശ 61,2 ).

വചനം പറയുന്ന ഇക്കാര്യങ്ങളെല്ലാം ആനന്ദത്തോടെ നിറവേറ്റുവാനുള്ള വിളിയാണ് സ്ത്രീകളുടേത്. സ്ത്രൈണ സവിശേഷതകളെയും ജീവന്റെ സംസ്കാരം കെട്ടിപ്പടുക്കാനുള്ള അവളുടെ കഴിവിനെയും സഭ വിസ്മയിപ്പിക്കുന്ന പ്രാധാന്യത്തോടെയാണ് കാണുന്നത്. കൂടാതെ Mulieris Dignitatem സ്ത്രീകൾക്ക് അവരുടെ പ്രതിഭയെ ചുറ്റുമുള്ള ലോകത്തിന് സമ്മാനിക്കാനുള്ള പ്രായോഗിക നിർദേശങ്ങൾ ചൂണ്ടിക്കാണിക്കുന്നു. 'സ്ത്രൈണ പ്രതിഭയുടെ അഭിവാജ്യ ഘടകങ്ങളായ സ്വീകാര്യത, സംവേദനക്ഷമത, ഉദാരമനസ്കത, മാതൃഭാവം, തുടങ്ങിയ മഹനീയ ഗുണങ്ങൾ മാനവരാശിയുടെ പതനത്തെ ചെറുക്കുന്നു' എന്ന് കത്തോലിക്ക മാധ്യമപ്രവർത്തകയും പ്രഭാഷകയുമായ മേരി ജോ ആൻഡേഴ്സൺ പറയുന്നു. ഈ ഗുണങ്ങളെല്ലാം പൂർണമായും ഒരു സ്ത്രീയിൽ നിറയുമ്പോൾ വ്യക്തിപരമായി അവൾ പൂർണത അനുഭവിക്കുന്നുവെന്ന് മാത്രമല്ല അവളുടെ ചുറ്റുമുള്ളവരിലേക്ക് ഇത് വ്യാപിക്കുകയും അവരെല്ലാം പ്രത്യേക ആനന്ദം അനുഭവിക്കുകയും തങ്ങളുടെ ജീവിതത്തിന് അർഥങ്ങൾ കണ്ടെത്തുകയും ചെയ്യുന്നു.

'സ്വീകാര്യത'യാണ് എല്ലാ സ്ത്രൈണ ഗുണങ്ങളുടെയും അടിസ്ഥാനമെന്നുകൂടി ആൻഡേഴ്സൺ കൂട്ടിച്ചേർക്കുന്നു. പുതുജീവനെ പേറുന്നതാണ് സ്ത്രീയുടെ ശരീരം; എന്നാൽ, അവളുടെ ഹൃദയത്തിന്റെയും മനസ്സിന്റെയും സ്വീകാര്യതയാണ് അവളെ പൂർണതയിലേക്ക് എത്തിക്കുന്നത്. സംവേദനക്ഷമതയെന്നത് ഒരു ശക്തിയും സിദ്ധിയുമാണ് .

പുറംകാഴ്ചകൾക്കപ്പുറം മനുഷ്യന്റെ ആന്തരിക ത്വരകളെയും തിരിച്ചറിയാൻ അവൾക്ക് ഇതിലൂടെ സാധിക്കുന്നു. ഉദാരമനസ്കതയിലൂടെ സമൂഹത്തിലും തൊഴിലിലും അവൾ സംലഭ്യയാകുന്നു. മാതൃത്വം ഒത്തൊരുമയുള്ള ജീവിതങ്ങളെ ഊട്ടി ഉറപ്പിക്കുന്ന സമൂഹത്തിന് രൂപം കൊടുക്കുന്നു. മാതൃത്വത്തിന്റെ സ്വാധീനം കുടുംബത്തിൽ ഐക്യവും മാനവരാശിയിൽ സമാധാനവും ഉളവാക്കുന്നു. സ്ത്രൈണതയുടെ ഈ എല്ലാ ഗുണവിശേഷങ്ങളും അപ്പസ്തോലന്മാരുടെ രാജ്ഞിയായ പരിശുദ്ധ അമ്മയിൽ സമ്മേളിച്ചിരിക്കുന്നു. അവൾ കന്യകയും ഭാര്യയും ആയിരുന്നു.

**സ്ത്രൈണപ്രതിഭയുടെ അഭിവാജ്യ ഘടകങ്ങളായ സ്വീകാര്യത, സംവേദനക്ഷമത, ഉദാരമനസ്കത, മാതൃഭാവം, തുടങ്ങിയ മഹനീയ ഗുണങ്ങൾ മാനവരാശിയുടെ പതനത്തെ ചെറുക്കുന്നു**

വീട്ടമ്മയും മിഷണറിയും ആയിരുന്നു. ആദ്യത്തെ ശിഷ്യയും ഈശോയെ പിഞ്ചെന്ന സ്ത്രീകളുടെ മെന്ററുമായിരുന്നു. എല്ലാ കാലഘട്ടത്തിലും സ്ത്രീകൾ അനുഭവിക്കേണ്ടിവരുന്ന സകല അവസ്ഥകളിലൂടെയും അവൾ കടന്നു പോയിട്ടുണ്ട്. ഇതിലൂടെയെല്ലാം സ്ത്രീത്വത്തിന്റെ അസ്തിത്വത്തിനും നിലനിൽപ്പിനും ആദരവ് കൊണ്ടുവരാൻ പരിശുദ്ധ അമ്മയ്ക്ക് കഴിഞ്ഞു. പരിശുദ്ധ അമ്മയുടെ ജീവിതം ഒരു സാധാരണ ജീവിതമായിരുന്നു, എന്നാൽ, എല്ലാ സ്ത്രീകളെയും അപേക്ഷിച്ച് അതൊരു അസാധാരണ ജീവിതവുമായിരുന്നു. ഒരോ സ്ത്രീയിലും വെല്ലുവിളി ഉയർത്തുന്ന അസാധാരണ ജീവിതം. പശ്ചാത്തലമോ, നേട്ടങ്ങളോ, ശക്തിയോ, ബലഹീനതയോ, എന്തുമാകട്ടെ പരിശുദ്ധ അമ്മയെ അനുകരിക്കുകയെന്ന വെല്ലുവിളി.

## സാമൂഹിക മാറ്റത്തിന്റെ പ്രഭവകേന്ദ്രം

ഈ കാലഘട്ടത്തിൽ സഭ സ്ത്രീകളുടെ പങ്കാളിത്തത്തിന് കൂടുതൽ ഊന്നൽ നൽകുന്നുണ്ട്. ലോകത്തിന് സ്ത്രീക്ക് സമ്മാനിക്കാൻ കഴിയുന്ന ഏറ്റവും മഹത്തായ കാര്യം എന്നത് ജീവനെ സ്നേഹിച്ചും വ്യക്തികളെ ആദരിച്ചും ആത്മാർഥമായി തങ്ങളുടെ സ്ത്രൈണതയിൽ ജീവിക്കുക എന്നതാണ്. സുവിശേഷവത്ക്കരണം, നവീകരണം, പുനഃസ്ഥാപനം, പുനരുജ്ജീവനം എന്നിവയുടെ ഏജന്റുമാരായി സ്ത്രീകൾ വർത്തിക്കുന്നു എന്നത് പ്രത്യാശപകരുന്നതാണ്.

'ചരിത്രത്തിലേക്ക് നോക്കിയാൽ മുൻകാലങ്ങളിലൊന്നും ഇല്ലാത്തതുപോലെ പൊതുവിടങ്ങളിൽ സ്ത്രീകൾ ഉന്നത സ്ഥാനങ്ങൾ വഹിക്കുന്നു. സാംസ്കാരികമായും തൊഴിൽപരമായുമുള്ള അവളുടെ നേട്ടങ്ങൾ അവളെയും അവളിലെ സ്ത്രൈണ പ്രതിഭയെയും സാമൂഹിക മാറ്റത്തിന്റെ പ്രഭവ കേന്ദ്രമായി മാറ്റിക്കഴിഞ്ഞു. തങ്ങളിലെ പ്രതിഭയെ തിരിച്ചറിഞ്ഞ സ്ത്രീകൾ ആണ് ഈ നേട്ടത്തിന് പിന്നിൽ' (ആൻഡേഴ്സൺ)

സൗഖ്യത്തിന്റെയും പ്രത്യാശയുടെയും അനുരഞ്ജനത്തിന്റെയും വക്താക്കളെന്ന നിലയിൽ ഹൃദയപരിവർത്തനത്തിലും സാംസ്കാരിക രൂപാന്തരത്തിലും പ്രധാന പങ്കു വഹിക്കുന്നവരാണ് സ്ത്രീകൾ. എന്നിരുന്നാലും നാം ജാഗ്രത പുലർത്തേണ്ട വസ്തുത ഇതാണ്. സ്ത്രീ പുരുഷനോ, പുരുഷൻ സ്ത്രീക്കോ പകരം ആകുന്നില്ല. സ്ത്രീകളും പുരുഷന്മാരും ഒരുപോലെ ആദരവർഹിക്കുന്നു. ഇരുവർക്കും തങ്ങളുടേതായ സവിശേഷതകളുണ്ട്.

## ക്രിസ്തുവിന്റെ ദൗത്യത്തിന്റെ ഹൃദയത്തിൽ

അവസാനമായി, സ്ത്രൈണ പ്രതിഭ ക്രിസ്തുവിന്റെ രക്ഷാകര പ്രവൃത്തികളിൽ കേന്ദ്രീകൃതമാകണം. ജീവന്റെയും സ്നേഹത്തിന്റെയും സംസ്കാരം കെട്ടിപ്പടുക്കുവാൻ ആഗ്രഹിക്കുന്ന സ്ത്രീകൾ തങ്ങളുടെ പ്രവൃത്തികളെല്ലാം ദിവ്യകാരുണ്യ ഈശോയിൽ അർപ്പിക്കേണ്ടതുണ്ട്. (Mulieris Dignitatem 26). ഇക്കാരണങ്ങളെല്ലാം കൊണ്ടുതന്നെ നമുക്ക് ജീസസ് യൂത്തിലെ എല്ലാ സ്ത്രീകൾക്കും വേണ്ടി പ്രാർഥിക്കാം. ദിവ്യകാരുണ്യ ഈശോയോട് ചേർന്ന് തങ്ങളുടെ സ്ത്രൈണ പൂർണതയിൽ ജീവിക്കാനും ആത്മസംയമനത്തോടെ സമൂഹത്തിന്റെ വീണ്ടെടുപ്പിൽ തങ്ങളുടേതായ ശൈലിയിൽ, പങ്കുചേരാനും എല്ലാ സ്ത്രീകൾക്കും സാധിക്കുന്നതിനും വേണ്ടിയും പ്രാർഥിക്കാം◆

*എറണാകുളം സെന്റ് തെരേസാസ് കോളേജിലെ ഇംഗ്ലീഷ് വിഭാഗം മേധാവിയായിരുന്ന ഡോ. ബീനാ മനോജ് ജീസസ് യൂത്തിന്റെ മുൻനിര വനിതാ സാന്നിധ്യമാണ്.*



 - ജെസ്സി മരിയ

സ്ത്രീ എത്ര മനോഹരമായ വാക്ക്. സൃഷ്ടിയുടെ ആരംഭം മുതൽ അമ്മയായും മകളായും ഭാര്യയായും സ്നേഹിതയായും ഏറ്റവും മനോഹരമായ റോളുകൾ ചെയ്യുകയാണവൾ. അവൾ രാജ്ഞിയെപ്പോലെ, രാജകുമാരിയെപോലെ വാഴേണ്ടവൾ. സാമൂഹിക, സാമ്പത്തിക, സാംസ്കാരിക, രാഷ്ട്രീയ രംഗങ്ങളിലെ സ്ത്രീകളുടെ നേട്ടങ്ങൾ പ്രോത്സാഹിപ്പിക്കുകയും ആഘോഷിക്കുകയും, അതോടൊപ്പം വീടിന്റെ അകത്തളങ്ങളിലും അടുക്കളകളിലും ജോലി സ്ഥലങ്ങളിലും ഒതുങ്ങിപ്പോയ സ്ത്രീകളെ കുറച്ചുകൂടി ശ്രേയസ്സാർന്ന ജീവിത സാഹചര്യങ്ങളിലേക്ക് കൈപിടിച്ചുയർത്താനും വേണ്ടിയുള്ള ഒരോർമപ്പെടുത്തലാണല്ലോ വനിതാദിനത്തിൽ നമുക്ക് ലഭിക്കുന്നത്. ഈ ഒരു ദിവസത്തെ ആഘോഷം കൊണ്ടും പ്രോത്സാഹനം കൊണ്ടും സ്ത്രീകളോടുള്ള കടമകൾ തീർന്നോ? നമ്മുടെ കുടുംബങ്ങളിലെ, സമൂഹത്തിലെ സ്ത്രീകളെക്കുറിച്ച് ചെറിയൊരു ചിന്ത.

നമ്മുടെ അമ്മമാരിൽ നിന്നു തുടങ്ങാം. ഇന്ന് നാം ഓരോരുത്തരും എന്തായിരിക്കുന്നുവോ അതിന്റെ പിന്നിൽ തീർച്ചയായും നമ്മുടെ അമ്മമാരുടെ സ്നേഹവും കരുതലുമാണ്. ഒരു കുഞ്ഞ് ഉള്ളിൽ ഉരുവാകുന്നതു മുതൽ ഒരു സ്ത്രീ കടന്നുപോകുന്ന അവസ്ഥകൾ

# സ്നേഹംകൊണ്ട് കീഴടക്കാം

നമുക്കറിയാം. അവളുടെ ഇഷ്ടങ്ങൾ മാറുകയും കുഞ്ഞിന്റെ ഇഷ്ടങ്ങൾക്കുവേണ്ടി അവൾ ജീവിക്കാൻ തുടങ്ങുകയും ചെയ്യുന്നു. മക്കൾക്കുവേണ്ടി, കുടുംബത്തിനുവേണ്ടി അവളുടെ താത്പര്യങ്ങൾ ഓരോന്നായി അവൾ മാറ്റിവയ്ക്കുകയാണ്. അടിസ്ഥാനപരമായി ആർദ്രതയുള്ള മനസ്സാണ് സ്ത്രീകളുടേത്. അവൾ സ്നേഹം കൊണ്ടും കരുണകൊണ്ടും കുടുംബത്തെ ചേർത്തു നിറുത്തുന്നു. കുടുംബം ചിതറാതെ ചേർത്തു നിറുത്തുന്നത് സ്ത്രീകളാണ്. അവളുടെ കണ്ണീരിന്റെയും വിയർപ്പിന്റെയും ഉപ്പുരസമല്ലേ വീടിന്റെ സന്തോഷത്തിന്റെയും സമാധാനത്തിന്റെയും അടിത്തറ.

മാധവിക്കുട്ടിയുടെ കോലാട് എന്ന ചെറുകഥയിൽ നാല്പത്തിമൂന്നുകാരിയായ അമ്മയോട് മകൻ പറയുന്നുണ്ട്: അമ്മേ നിങ്ങളെ കാണുമ്പോൾ ഒരു കോലാടിനെ

**സ്ത്രീകൾ വിചാരിച്ചാൽ തീരാവുന്നതാണ് പല പ്രശ്നങ്ങളും. സ്നേഹം കൊണ്ടും കരുണ കൊണ്ടും അനുകമ്പകൊണ്ടും കീഴടക്കാൻ പറ്റാത്തതായി എന്തെങ്കിലുമുണ്ടോ?**

യാണ് ഓർമ വരുന്നതെന്ന്. അതേ, കുടുംബത്തിനുവേണ്ടി പണിയെടുത്തും ഓടി നടന്നും അവൾ കോലാട് പോലെയായി തീർന്നു. പ്രായമെത്തുന്നതിനുമുമ്പേ അവളുടെ യൗവനം മാഞ്ഞു; കവിളുകൾ ഒട്ടി, കണ്ണുകുഴിഞ്ഞു, എല്ലുന്തി. അളവില്ലാത്ത സ്നേഹാർദ്രതയാൽ, കരുണയാൽ അവൾ അവളെ മറന്ന് എല്ലാവർക്കുംവേണ്ടി ജീവിക്കുകയാണ്.

ഇതിനു വിഘാതമായി ജീവിക്കുന്ന സ്ത്രീകളുണ്ട്. ജീവിതവും സീരിയലുകളും തമ്മിലുള്ള വ്യത്യാസം തിരിച്ചറിയാതെ മായാലോകത്തിൽ ജീവിക്കുന്ന ധാരാളം സ്ത്രീകളുമുണ്ട്.

ഇനി നമ്മുടെ പുതിയ തലമുറയെക്കുറിച്ച്. നമ്മുടെ യുവതയ്ക്ക് മൂല്യബോധം നഷ്ടപ്പെടുന്നുണ്ടോ? നല്ല സാമൂഹിക ബോധവും രാഷ്ട്രീയ ബോധ്യവും ഉള്ളവരാണ് ഭൂരിപക്ഷം ചെറുപ്പക്കാരും. പക്ഷേ, സ്വാർഥ ലാഭത്തിനുവേണ്ടി, സ്വന്തം നിലനിൽപ്പിനുവേണ്ടി ആരുമായും കൂട്ടുകൂടാൻ ഇവർക്ക് മടിയില്ല എന്നൊരു വശം കൂടിയുണ്ട്. എന്തുവിലകൊടുത്തും തള്ളേണ്ടതിനെ തള്ളിക്കളയാനും നല്ലവയെ ഉൾക്കൊള്ളാനുമുള്ള ആർജവത്വം ചെറുപ്പക്കാർക്ക് വേണം. ഏത് സാഹചര്യത്തിലും ഉള്ളിലെ അഗ്നി നഷ്ടപ്പെടുത്താതിരിക്കാൻ കഴിയണം. ആർദ്രതയും സ്നേഹവും കരുതലും സ്ത്രീയുടെ സത്തയുടെ ഭാഗമാണ്. അതുകൊണ്ടാണ് എത്ര തള്ളിപ്പറഞ്ഞവരും വീണ്ടും സ്നേഹത്തോടെ വന്നാൽ അവൾ അവരെ സ്വീകരിക്കുന്നത്. നമുക്ക് ഈ സ്നേഹവും ആർദ്രതയുംമൊക്കെ എവിടെയങ്കിലും നഷ്ടപ്പെട്ടു പോയിട്ടുണ്ടെങ്കിൽ അത് വീണ്ടെടുക്കണം. തലമുറകൾ മാറുമ്പോൾ ചിന്തകളിലും പ്രവൃത്തികളിലും സ്വാഭാവികമായും മാറ്റങ്ങൾ സംഭവിക്കും. പക്ഷേ, കാതലായ നന്മകൾ കൈവിടാതിരിക്കാൻ ശ്രമിക്കണം. സർവം സഹിക്കുന്ന സ്ത്രീ എന്ന സങ്കല്പമൊക്കെ മാറി; എന്നിട്ടും സഹിച്ചു ജീവിക്കുന്ന, നീറി നീറി കഴിയുന്ന ധാരാളം സ്ത്രീകൾ ചുറ്റുമുണ്ട്. ഒപ്പം സ്ത്രീകൾ തന്നെ സ്ത്രീകളെ നിസ്സഹായരാക്കുന്ന സംഭവങ്ങളും. ധാരാളം കൗമാരക്കാരും യുവതികളും കെണികളിൽ പെടുന്ന വാർത്തകൾ നാം നിരന്തരം

കാണുന്നുണ്ട്. ഭൂരിഭാഗം കെണികൾക്ക് പിന്നിലും സ്ത്രീകൾ ഉണ്ടെന്നുള്ളത് ഞെട്ടിപ്പിക്കുന്നതാണ്. സ്ത്രീ അവളുടെ ഉറവിടങ്ങളിലേക്ക് തിരിച്ചു നടക്കണം. അവളുടെ സ്വാഭാവികമായ നന്മകളെ, സവിശേഷതകളെ കൈവിടാതെ  കുടുംബത്തിന്റെ, സമൂഹത്തിന്റെ, ലോകത്തിന്റെ നന്മയ്ക്കായി പ്രവർത്തിക്കണം.

കഴിഞ്ഞദിവസം നൂറ്റമ്പതോളം അമ്മമാർ താമസിക്കുന്ന ഒരു ശരണാലയത്തിൽ പോയി. കുടുംബത്തിനുവേണ്ടി ജീവിച്ച്, വിശ്രമിക്കേണ്ട വാർധക്യത്തിൽ ആർക്കും വേണ്ടാതായിത്തീർന്നവർ. കിടപ്പായവർ, മനസ്സിന്റെ താളം കുറച്ച് തെറ്റിയവർ, പുറന്തള്ളപ്പെടലിലും ചിരിച്ചുകൊണ്ട് ജീവിക്കുന്നവർ. അങ്ങനെ നൂറ്റമ്പതോളം അമ്മമാർ. നമ്മുടെ നാട്ടിൽ വൃദ്ധസദനങ്ങൾ ദിവസേന കൂടിക്കൊണ്ടിരിക്കുകയാണ്. ആർക്കും വേണ്ടാതാവുക എന്നതിൽപരം മറ്റൊരു സങ്കടമുണ്ടോ? സ്നേഹം നിഷേധിക്കപ്പെടുന്നതല്ലേ ഏറ്റവും വലിയ സങ്കടം? മാതാപിതാക്കളെ തെരുവിൽ ഇറക്കിവിട്ടിട്ട് എന്തു ജീവിതമാണ് നിങ്ങൾ ആഘോഷിക്കുന്നത്? വീട്ടിലെ സ്ത്രീകൾ മനഃസാക്ഷിയുള്ളവരാകുമ്പോൾ ഒരച്ഛനും അമ്മയും അനാഥരാവുന്നില്ല. സ്ത്രീകൾ വിചാരിച്ചാൽ തീരാവുന്നതാണ് പല പ്രശ്നങ്ങളും. സ്നേഹം കൊണ്ടും കരുണ കൊണ്ടും അനുകമ്പകൊണ്ടും കീഴടക്കാൻ പറ്റാത്തതായി എന്തെങ്കിലുമുണ്ടോ? ഇല്ല,  ഒന്നുമില്ല. അതുകൊണ്ട് പ്രിയപ്പെട്ട സഹോദരിമാരേ, നമ്മുടെ ഈ ജന്മം, സ്ത്രീജന്മം വളരെ വളരെ വിലപ്പെട്ടതാണ്. ഏറ്റവും നിർമലയായ, ഹൃദയാർദ്രതയുള്ള, കരുണയുള്ള ഒരമ്മയുടെ, പരിശുദ്ധ അമ്മയുടെ മക്കളാണ് നമ്മൾ. ഈ അമ്മയുടെ നൈർമല്യവും സ്നേഹവും കരുണയും ജീവിതത്തിൽ പ്രാവർത്തികമാക്കാം. ചെറിയൊരു ജീവിതമാണെന്നേ. സ്നേഹംകൊണ്ട് നമുക്ക് കുടുംബത്തെ, സമൂഹത്തെ, ലോകത്തെ തന്നെ കീഴടക്കാം◆

*(സോഷ്യോളജിയിൽ ബിരുദാനന്തര ബിരുദമുള്ള ലേഖിക ഇരുപത് വർഷമായി വിഷ്വൽ മീഡിയയിൽ സജീവമാണ്. എഴുത്തുകാരിയും സംവിധായികയുമായ ജെസ്സി എറണാകുളത്ത് താമസിക്കുന്നു)*

# അപകർഷത വഴിമാറിയപ്പോൾ

**യുവ\മൈസ്റ്റോറി -**
**ജോയ്സി ജയ്സൻ, അബുദാബി**

വിശ്വാസത്തോടെ തിരുവചനങ്ങൾ ഏറ്റു ചൊല്ലുമ്പോൾ ഞാൻ അറിയാതെ ദൈവിക സ്നേഹത്തിന്റെ നീളവും വീതിയും ഉയരവും ആഴവും എന്നെ വലയം ചെയ്യുന്നത് സന്തോഷത്തോടെ തിരിച്ചറിഞ്ഞിട്ടുണ്ട്. വിശുദ്ധ ഗ്രന്ഥത്തിലെ ഓരോ വചനങ്ങളും എന്റെ ജീവിതത്തിലെ തളർച്ചകളിലും പതർച്ചകളിലും എന്നോട് വ്യക്തിപരമായി സംസാരിച്ച് എന്റെ മനസ്സിനെ ബലപ്പെടുത്തുന്നത് അനുഭവിച്ചറിഞ്ഞിട്ടുണ്ട് . അത്തരത്തിൽ വചനം എന്നെ വഴിനടത്തിയ ഒരു അനുഭവം പങ്കുവയ്ക്കട്ടെ..

എന്റെ നഴ്സിംഗ് അഡ്മിഷന്റെ സമയത്ത്, നഴ്സിംഗ് പ്രവേശനത്തിനുള്ള അഭിമുഖത്തിനായി നഗരത്തിലെ പ്രശസ്തമായ ഒരു ആശുപത്രിയിൽ വന്നതായിരുന്നു ഞാൻ. അന്നുതന്നെ വേറൊരു ഹോസ്പിറ്റലിലും ഇന്റർവ്യൂ ഉണ്ട്. ആദ്യത്തെ ഹോസ്പിറ്റലിലെ അഭിമുഖം കഴിഞ്ഞതിനുശേഷം വേണം അടുത്തതിന് പോകാൻ. ദാരിദ്ര്യം നിറഞ്ഞ ഒരു ചുറ്റുപാടിൽ നിന്നാണ് വരുന്നത് എന്നുള്ള അനാവശ്യമായ ഒരു അപകർഷതാബോധം അന്നെനിക്ക് ഉണ്ടായിരുന്നു. ആശുപത്രിയിൽ മനോഹരമായ വസ്ത്രങ്ങൾ ധരിച്ച് ആത്മവിശ്വാസത്തോടെ സംസാരിക്കുന്ന വിദ്യാർഥിനികൾ അഭിമുഖത്തിനായുള്ള ക്യൂവിൽ ഇരിക്കുന്നത് കണ്ടപ്പോൾതന്നെ ഈ ഹോസ്പിറ്റലിൽ എനിക്ക് അഡ്മിഷൻ കിട്ടുകയില്ല എന്ന നിരാശ എന്നെ പൊതിഞ്ഞു. ആരുടെയും മുഖത്ത് നോക്കാതെ കുനിഞ്ഞ ശിരസ്സോടെ ഞാൻ അവിടെയിരുന്നു. കൈയിലെ പ്ലാസ്റ്റിക് കവറിനുള്ളിൽ പ്രസംഗ മത്സരങ്ങളുടെ സർട്ടിഫിക്കറ്റുകൾ എന്നെ നോക്കി കൊഞ്ഞനം കുത്തുന്നത് പോലെ തോന്നി.  തികട്ടി വന്ന കരച്ചിൽ അടക്കാനായി പാടുപെട്ട് പതുക്കെ കണ്ണടച്ചപ്പോൾ അതാ എന്റെ പേര് വിളിക്കുന്നു.

ആ സമയത്ത് പെട്ടെന്ന് ഒരു തിരുവചനം ഓർമ വന്നു. 'ഞാൻ കർത്താവിനെ എപ്പോഴും കൺമുമ്പിൽ ദർശിച്ചിരുന്നു. ഞാൻ പതറിപ്പോകാതിരിക്കാൻ അവിടന്ന് എന്റെ വലതുവശത്തുണ്ട്" (അപ്പ പ്രവ 2, 25). ആ വചനം ഏറ്റു ചൊല്ലിക്കൊണ്ട് ഇന്റർവ്യൂ ഹാളിലേക്ക് നടന്നു.

അകത്ത് നിരന്നിരുന്ന ചോദ്യകർത്താക്കളുടെ മുന്നിലേക്ക് വിറയാർന്ന കൈകളോടെ എല്ലാ രേഖകളും നൽകിയപ്പോൾ പൊടുന്നനെ ഒരു ചോദ്യം വന്നു. പ്ലേഗിനെ കുറിച്ച് പ്രസംഗിക്കാമോ? പ്ലേഗിനെ കുറിച്ച് ഒന്നും തന്നെ അറിയാത്തതുകൊണ്ട് രോഗം ബാധിച്ച മനുഷ്യർക്ക് കൈത്താങ്ങ് ആവണം എന്ന ആശയമാണ് ഞാൻ ഒരു വിധം പറഞ്ഞു ഒപ്പിച്ചതെന്ന് ഓർക്കുമ്പോൾ ഇന്നും ചിരി വരാറുണ്ട്. ഇന്റർവ്യൂ കഴിഞ്ഞു സർട്ടിഫിക്കറ്റുകളും വാരിയെടുത്ത് ഞാൻ തിരിച്ച് ഓടുകയായിരുന്നു. പോകുമ്പോൾ ഒരു കാര്യം എനിക്ക് ഉറപ്പായിരുന്നു, ഇവിടെ എന്തായാലും അഡ്മിഷൻ കിട്ടാൻ പോകുന്നില്ല.

വൈകാതെ അടുത്ത ഹോസ്പിറ്റലിലെ ഇന്റർവ്യൂവിന് പുറപ്പെട്ടു. അവിടത്തെ ഓഫീസിൽ സർട്ടിഫിക്കറ്റുകൾ ഓരോന്നായി നൽകുമ്പോഴാണ് ഞാൻ അത് തിരിച്ചറിഞ്ഞത്. പ്രീ ഡിഗ്രിയുടെ ഒറിജിനൽ സർട്ടിഫിക്കറ്റ് കാണാനില്ല. എന്റെ കണ്ണിൽ ഇരുട്ട് കയറുന്നത് പോലെ തോന്നി. ഒരു മണിക്കൂറിനുള്ളിൽ ഇന്റർവ്യൂവിന് കയറണം. എവിടെയായിരിക്കും സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടത്? നടന്നുവന്ന വഴിയിലോ? ഇടയ്ക്ക് ചായകുടിക്കാൻ കയറിയ കാന്റീനിലോ? ബസ്സിലോ? മുൻപ് പോയ ഹോസ്പിറ്റലിലോ? വഴിയിൽ ആണെങ്കിൽ എങ്ങനെ കണ്ടുപിടിക്കും?

ആശുപത്രി വരാന്തയിൽ വിഷമിച്ചിരിക്കുന്ന അപ്പച്ചനെ കൂടി കണ്ടപ്പോൾ എന്റെ സങ്കടം ഇരട്ടിയായി. എന്ത് ചെയ്യണമെന്നറിയില്ല. അപ്പോൾ മനസ്സിലേക്ക് വീണ്ടും അപ്പ 2, 25ലെ വചനം കയറി വരുന്നു. അനേകതവണ കണ്ണീരോടെ ആ വചനം ഏറ്റുചൊല്ലി. വല്ലാത്തൊരു ശാന്തത അപ്പോൾ മനസ്സിൽ നിറയുന്നത് ഞാനറിഞ്ഞു. എന്റെ അടുത്ത് ഒരു വലിയ സഹായി ഉള്ളതുപോലെ ഒരു തോന്നൽ.

പെട്ടന്ന് ആദ്യം ഇന്റർവ്യൂ കഴിഞ്ഞുവന്ന ഹോസ്പിറ്റലിലേക്ക് വിളിച്ചു നോക്കാൻ ഒരു പ്രേരണകിട്ടി. പബ്ലിക് ബൂത്തിൽ പോയി ആ ആശുപത്രിയിലേക്ക് വിളിച്ച് ഇന്റർവ്യൂ നടക്കുന്ന റൂമിലേക്ക് കോൾ കണക്ട് ചെയ്യാൻ പറഞ്ഞു. അത്ഭുതം! എന്റെ സർട്ടിഫിക്കറ്റ് ഇന്റർവ്യൂ ബോർഡിന്റെ മേശപ്പുറത്തുണ്ട്. പ്രസംഗം പറഞ്ഞു കഴിഞ്ഞ വെപ്രാളത്തിൽ അത് എടുക്കാൻ വിട്ടു പോയതാണ്. അപ്പച്ചൻ സന്തോഷത്തോടെ ഉടൻ തന്നെ

അവിടെ പോയി സർട്ടിഫിക്കറ്റും എടുത്ത് കൃത്യസമയത്തുതന്നെ തിരിച്ചെത്തി. ഇന്റർവ്യൂവിന് വളരെ നല്ല പ്രകടനം കാഴ്ച വയ്ക്കാൻ എനിക്ക് സാധിക്കുകയും തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. തിരിച്ചു പോന്നപ്പോൾ കൂടെയുണ്ടായിരുന്ന കൂട്ടുകാരിയുടെ ആഗ്രഹപ്രകാരം ആദ്യത്തെ ഹോസ്പിറ്റലിൽ വെറുതെ ഒന്ന് ഇറങ്ങി. അവിടെ സെലക്റ്റഡ് ആയ ആളുകളുടെ പേരുകൾ നോക്കിയപ്പോൾ ഞാൻ ഞെട്ടിപ്പോയി! നോട്ടീസ് ബോർഡിൽ തെരഞ്ഞെടുക്കപ്പെട്ടവരുടെ ലിസ്റ്റിൽ എന്റെ പേരും. വീട്ടിൽനിന്ന് ദൂരം കുറവായതുകൊണ്ട് ഞാൻ അവിടെത്തന്നെ ചേരാൻ തീരുമാനിച്ചു. ദൈവത്തിന്റെ വഴികൾ എത്ര മനോഹരമാണ്! അതെ, എന്റെ നിസ്സഹായതയെ, അറിവില്ലായ്മയെ, പരിഗണിക്കാതെ വിജയം തരുന്ന ഒരു ദൈവം എന്റെ കൂടെയുണ്ട്. എന്റെ പ്രിയ നസറായാ നന്ദി! ഞാൻ പതറി പോകാതിരിക്കാൻ നീ എന്റെ വലതുഭാഗത്ത് തന്നെ ഉണ്ടായിരുന്നല്ലോ...◆




STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT KAIROS

| | | |
|---|---|---|
| Title of Newspaper | : | Kairos |
| Registration No. | : | RNI No. KERMAL/2002/12027 |
| Language | : | Malayalam |
| Periodicity of Publication | : | Monthly |
| Single Subscription | : | Rs 50.00 |
| Printer & Publisher | : | Reji J. Karot |
| Nationality | : | Indian |
| Address | : | Kairos Media, 8/174, Navodaya Studio Complex, Thengode P.O, Kochi 682030 |
| Editor's Name | : | Adv. K.J. Johnson |
| Nationality | : | Indian |
| Address | : | Kairos Media, 8/174, Navodaya Studio Complex, Thengode P.O, Kochi 682030 |
| Owner's Name | : | Kairos Trust, Chevayur P.O, Kozhikode |

I Reji J. Karot here by declare that the particular given above are true to the best of my knowledge and belief

# ഒരു റോളർ കോസ്റ്റർ മിഷൻ റൈഡ്

***എന്താ പറയാ... എന്താ ഇപ്പൊ ചെയ്യാ..***
***കൃപയെന്നല്ലാതെ എന്നാ പറയാനാണ്ണേ..***
***യേശുവെണ്ണേ വിളിച്ചു...***

ഒട്ടും വിചാരിക്കാത്ത രീതിയിൽ ഈശോ എന്നെ വഴിനടത്തിയ ഒരു ഇമ്മിണി ബല്യ അനുഭവത്തെ കുറിച്ചല്ലാതെ എന്നാ പറയാനാണ്ണെ... ഞാൻ ഒരു കാര്യം ചെയ്തു, ഇടം വലം നോക്കാതെ ഇശോപ്പേടെ പ്ലാൻസിന് കണ്ണും പൂട്ടി Yes പറഞ്ഞു; പിന്നെ ഒരു roller coaster യാത്ര പോലെയായിരുന്നു എല്ലാം.

2022ലെ പിയാത്തയുടെ (എറണാകുളം സോണിന്റെ മലയാറ്റൂർ തീർഥയാത്ര) അന്ന് കുർബാന മധ്യേയാണ് MMJ എന്ന മിഷൻ യാത്രയെ കുറിച്ച് കേൾക്കുന്നത്. അന്ന് ഞാൻ ജീസസ് യൂത്തിൽ സജീവമാകുന്നതെയുള്ളു. ഒത്തിരി യാത്രയൊന്നും ചെയ്തിട്ടില്ല, പ്ലസ്ടുവിന് പഠിക്കുന്നു. എന്തെങ്കിലും പരിപാടിക്ക് പോകണമെങ്കിൽ വീട്ടിൽ നിന്ന് അനുവാദം കിട്ടാനൊക്കെ വല്ല്യ ബുദ്ധിമുട്ടായിരുന്നു. എങ്കിലും ആ മിഷൻ യാത്രയുടെ കാര്യങ്ങൾ എന്നെ വളരെ ആകർഷിച്ചു. സംഗതി നേരേ ചൊവ്വേ നടക്കില്ലെന്ന് ഉറപ്പായിരുന്നു. കണ്ണും പൂട്ടി ഈശോയോട് പറഞ്ഞു: "അപ്പാ, നീ ആഗ്രഹിക്കുന്നുവെങ്കിൽ എന്നെ ഈ മിഷന് കൊണ്ടുപോകണം" എങ്ങനെ ഇത് നടക്കുമെന്ന് ഒരു പിടിയുമില്ലായിരുന്നു. രണ്ടാഴ്ചത്തെ യാത്ര. അതും ബിഹാറിലേക്ക്. പക്ഷേ, ഈശോ വളരെ മനോഹരമായി എല്ലാം ക്രമീകരിച്ചു. അറിയാവുന്ന ചേച്ചിമാരെക്കൊണ്ടൊക്കെ വീട്ടിലേക്ക് വിളിപ്പിച്ചു. ഇശോയോട് പറഞ്ഞ് എല്ലാം സെറ്റാക്കി. വീട്ടിൽ നിന്ന് മിഷന് പോകാനുള്ള അനുവാദം കിട്ടി. അങ്ങനെ ഒരു കടമ്പ കടന്നു. സമയമടുക്കുന്തോറും കാര്യങ്ങൾ വഷളാകാൻ തുടങ്ങി. യാത്രക്ക് ഒരു ആഴ്ച മാത്രമുള്ളപ്പോളും പ്ലസ് ടു പ്രാക്ടിക്കൽ എക്സാമിന്റെ ഡേറ്റ് അനൗൺസ് ചെയ്തിട്ടില്ല. മാത്രമല്ല എനിക്ക് ശക്തമായ പനിയും ഛർദിയും തളർച്ചയും ചുമയുമൊക്കെ പിടിപെട്ടു. ആരോഗ്യം വളരെ മോശമായി. ഇതിനിടെ ടീൻസ് ടീമിന്റെ ഭാഗമായിരുന്ന എനിക്ക് എന്റെ ടീം നടത്തുന്ന ഒരു പ്രോഗ്രാമിന് പോകാൻ പറ്റാതെയും വന്നു. ആ പരിപാടിയുടെ പ്രധാന ഉത്തരവാദിത്വങ്ങൾ പലതും എനിക്കായിരുന്നു. പക്ഷേ, എന്റെ അസാന്നിധ്യം ഈശോ ഏറ്റെടുത്തു. പനി പിടിച്ച ഞാൻ വീട്ടിലിരുന്ന് പ്രാർഥിച്ചു. പരിപാടി ഏറ്റവും മനോഹരമായി ഈശോ നടത്തി.

ഇതൊക്കെ എനിക്ക് വലിയ പ്രത്യാശ തന്നു. ഈശോയോടുള്ള സ്നേഹവും വിശ്വാസവും കൂടുതൽ വളരാൻ ഈ സംഭവങ്ങൾ കാരണമായി. ഈശോയുടെ പദ്ധതികളോട് കണ്ണടച്ച് 'യെസ്" പറയാൻ ഇതെനിക്ക് ധൈര്യം തന്നു. അപ്പോഴും പ്രാക്ടിക്കൽ എക്സാമിന്റെ ഡേറ്റും എന്റെ ആരോഗ്യവും അനശ്ചിതാവസ്ഥയിൽ ആയിരുന്നു. പക്ഷേ, എനിക്ക് ടെൻഷൻ ഇല്ല. വളരെ സമാധാനം അനുഭവപ്പെട്ടു. മുന്നോട്ട് എന്താകുമെന്ന് ഒരു പിടിയുമില്ല. എങ്കിലും ഈശോയ്ക്ക് കാര്യങ്ങൾ അറിയാല്ലോ എന്ന് സമാധാനിച്ചു. വൈകാതെ എക്സാം ഡേറ്റ് അനൗൺസ് ചെയ്തു. മെയ് 25ന് ആയിരുന്നു എക്സാം. എന്റെ യാത്ര മെയ് 26നും; 'കൃപയെന്നല്ലാതെ എന്നാപറയാനാണ്ണെ...'

ഈശോയോടുള്ള സ്നേഹത്താൽ എന്റെ കണ്ണുകൾ നിറയുന്നുണ്ടായിരുന്നു. മെയ് 25ന് എക്സാം എഴുതി വൈകിട്ട് എറണാകുളത്ത് എമ്മാവൂസിലേക്ക് ബാഗ് പാക്ക് ചെയ്തു പോന്നു. 26ന് രാവിലെ 7:30 ന് ബീഹാറിലേക്ക് യാത്ര. വീട്ടിൽനിന്ന് പുറപ്പെടുമ്പോഴും നല്ല ചുമയുണ്ടായിരുന്നു. ആരോഗ്യത്തിന്റെ കാര്യത്തിൽ വീട്ടിൽ എല്ലാവർക്കും നല്ല പേടിയുണ്ടായിരുന്നു. അവിടെ പോയി ഇനി വല്ലതും പറ്റിയാലോ എന്നൊക്കെ വലിയ ഉത്ക്കകണ്ഠയായിരുന്നു അവർക്ക്. പക്ഷേ, ട്രെയിനിൽ കയറിയ ശേഷം ഞാൻ ഒരുതവണ പോലും ചുമച്ചില്ല എന്നതാണ് സത്യം. ശേഷം നടന്നത് ചരിത്രം.

മറ്റുള്ളവർ നോക്കുമ്പോൾ വലിയ കാര്യമൊന്നുമില്ല എന്ന് തോന്നും. എങ്കിലും. ഈശോ പറഞ്ഞാൽ എന്തും ചെയ്യാൻ ഇത് എന്നെ പാകപ്പെടുത്തി. എന്റെ പൊട്ടത്തരത്തിനെല്ലാം ഈശോ കട്ടയ്ക്ക് കൂടെ നിന്നു. നല്ലൊരു മിഷൻ അനുഭവം ആ ചെറു പ്രായത്തിൽ എനിക്ക് ലഭിച്ചു. ഈശോയ്ക്കായി ആത്മാക്കളെ നേടാനുള്ള ആഗ്രഹം എന്നിൽ കൂടുതൽ ശക്തമായി. ഈശോയോടൊപ്പമുള്ള എന്റെ എല്ലാ ഓട്ടങ്ങളുടെയും ആരംഭമായിരുന്നു ആ മിഷൻ യാത്ര.

അപ്പോ, പറഞ്ഞുവരുന്നത് എന്താന്ന് വച്ചാ.. കണ്ണും പൂട്ടി ഈശോയോട് 'യെസ്" പറഞ്ഞോട്ടാ ഗയ്സ്. അവന് നിന്റെ ലൈഫിനെ കുറിച്ച് വലിയ വലിയ പ്ലാൻസ് ഉണ്ട്. നീ ഒരിക്കലും ചിന്തിക്കാത്ത രീതിയിൽ ഈശോപ്പ നിന്നെ ഉപയോഗിക്കും. സങ്കടമാണെങ്കിലും സന്തോഷമാണെങ്കിലും, എല്ലാം ആ യാത്രയുടെ ഒരുക്കമാണെന്ന് കരുതിയാൽ മതി. ' എനിക്ക് നിന്നെക്കുറിച്ച് ഒരു പദ്ധതിയുണ്ട്, അത് നിന്റെ നാശത്തിന് വേണ്ടിയല്ല. നിനക്ക് ശുഭമായ ഭാവിയും പ്രത്യാശയും നൽകുന്ന പദ്ധതി. All the best for the Roller coaster ride with ഈശോപ്പ. ചുമ്മാ ഒരു Yes അങ്ങ് പറയെടോ◆

*(എറണാകുളം സെന്റ് ആൽബർട്ട്സ് കോളേജിൽ രണ്ടാം വർഷ ഇംഗ്ലീഷ് സാഹിത്യ വിദ്യാർഥിനിയാണ് മരിയ. ഒപ്പം ജീസസ് യൂത്ത് എറണാകുളം സോണൽ ടീൻസ് മിനിസ്ട്രി കോർഡിനേറ്റർ കൂടിയാണ്)*

ഈശോയോടുള്ള സ്നേഹവും വിശ്വാസവും കൂടുതൽ വളരാൻ ഈ സംഭവങ്ങൾ കാരണമായി. ഈശോയുടെ പദ്ധതികളോട് കണ്ണടച്ച് 'യെസ്' പറയാൻ ഇതെനിക്ക് ധൈര്യം തന്നു.





# ടെക്കിയിൽ നിന്നും വൊക്കേഷൻ പ്രൊമോട്ടറിലേക്ക്

ഒരു കർമലീത്ത ആശ്രമത്തിൽ പിറന്നാൾ ദിനം ചെലവഴിക്കാൻ സാധിച്ചതാണ് എന്റെ ജീവിതത്തിൽ വഴിത്തിരിവായത്. അവിടെയുള്ള സിസ്റ്റേഴ്സിന്റെ ആനന്ദം നിറഞ്ഞ ജീവിതം കണ്ടപ്പോൾ എന്റെ ജീവിതവും പൂർണമായും ക്രിസ്തുവിനായി നൽകണമെന്നുള്ള ചിന്ത എന്നിൽ നിറഞ്ഞു

സി. ക്രിസ്റ്റി ബാബു MSMI

ഞാൻ സി. ക്രിസ്റ്റി ബാബു എം.എസ്.എം.ഐ. (മിഷണറി സിസ്റ്റേർസ് ഓഫ് മേരി ഇമ്മാക്കുലേറ്റ്) വീട് തൃശ്ശൂർ ആണ്. അപ്പച്ചൻ സി.ജെ. ബാബു, കോളേജിൽ പ്രൊഫസറായിരുന്നു. അമ്മ ലിസി, ബാങ്കിൽ ഉദ്യോഗസ്ഥയും. എനിക്കൊരു ചേട്ടനും ചേച്ചിയുമുണ്ട്.

അടിയുറച്ച കത്തോലിക്കാ വിശ്വാസത്തിലാണ് എന്റെ മാതാപിതാക്കൾ എന്നെ വളർത്തിയത്. എന്റെ കുട്ടിക്കാലത്ത് ബൈബിളും വിശുദ്ധരുടെ ജീവിത കഥകളടങ്ങിയ പുസ്തകങ്ങളുമായിരുന്നു കൂട്ടുകാർ. ഒരു സിസ്റ്റർ ആവണമെന്ന ചിന്തയൊന്നും അക്കാലത്തുണ്ടായിരുന്നില്ല. പ്ലസ്ടു പഠനശേഷം എഞ്ചിനീയറിങ് പഠിക്കാൻ ചെറുതുരുത്തി ജ്യോതി എഞ്ചിനീയറിങ് കോളേജിലെത്തി.


ജീസസ് യൂത്ത് പ്രാർഥനാ ഗ്രൂപ്പ് കോളേജിൽ ഉണ്ടാകണേയെന്ന പ്രാർഥനയോടെയാണ് ഞാൻ അവിടെ എത്തിയത്. കാരണം എന്റെ കസിൻ ചേട്ടനിൽ നിന്നും ജീസസ് യൂത്തിനെക്കുറിച്ച് ഞാൻ ധാരാളം കേട്ടിരുന്നു. ഒരു ജീസസ് യൂത്തായ ചേട്ടനാണ് എന്നെ ഈശോയുമായി കൂടുതൽ അടുപ്പിച്ചത്. വ്യക്തിപരമായ പ്രാർഥനയുടെ ആവശ്യകതയും ആനന്ദവുമെല്ലാം ഞാൻ അറിഞ്ഞത് ചേട്ടനിൽ നിന്നായിരുന്നു. വൈകാതെ ഞാൻ കോളേജിലെ ജീസസ് യൂത്തിന്റെ ഭാഗമായി. അങ്ങനെ ഈശോയെ അറിഞ്ഞും സ്നേഹിച്ചും പങ്കുവച്ചും മനോഹരമായ ഒരു ക്യാമ്പസ് കാലം. ജീസസ് യൂത്ത് ട്രെയിനിങ്ങുകളും പ്രോഗ്രാമുകളും എന്റെ ആത്മീയ വളർച്ചയ്ക്ക് വളക്കൂറേകി.

പഠനം പൂർത്തിയായപ്പോൾ ക്യാമ്പസ് പ്ലേസ്മെന്റ് വഴി ഇൻഫോസിസിൽ ജോലി കിട്ടി. എന്റെ പ്രായത്തിലുള്ള ഒരാൾക്ക് സ്വപ്നം കാണാവുന്നതിൽ വച്ച് ഏറ്റവും മനോഹരമായ ജോലികളിൽ ഒന്ന്. ജോലിയിൽ പ്രവേശിക്കുമ്പോൾ എന്റെ ജീസസ് യൂത്ത് പ്രാർഥനാ കൂട്ടായ്മ എനിക്ക് നഷ്ടം വരുമോ എന്നചിന്ത എന്നെ അലട്ടിക്കൊണ്ടിരുന്നു. എന്നാൽ, അവിടെ എത്തിയപ്പോൾ എന്റെ ആശങ്കകളെല്ലാം അസ്ഥാനത്തായി. ടെക്നോപാർക്ക് ജീസസ് യൂത്ത് അത്രയും ശക്തമായിരുന്നു. ആ കാലഘട്ടത്തിലാണ് ഞാൻ ജീസസ് യൂത്തിനെ കൂടുതൽ അറിയുന്നതും സ്നേഹിക്കുന്നതും. അവിടത്തെ കൂട്ടായ്മ എന്നെ ദൈവത്തോട് കൂടുതൽ അടുപ്പിച്ചു.

2019 മേയ് മാസം ഒരു കർമലീത്ത ആശ്രമത്തിൽ പിറന്നാൾ ദിനം ചെലവഴിക്കാൻ സാധിച്ചതാണ് എന്റെ ജീവിതത്തിൽ വഴിത്തിരിവായത്. അവിടെയുള്ള സിസ്റ്റേഴ്സിന്റെ ആനന്ദം നിറഞ്ഞ ജീവിതം കണ്ടപ്പോൾ എന്റെ ജീവിതവും പൂർണമായും ക്രിസ്തുവിനായി നൽകണമെന്നുള്ള ചിന്ത എന്നിൽ നിറഞ്ഞു. അങ്ങനെ സന്യാസ ജീവിതം സ്വീകരിക്കുന്നതിനെക്കുറിച്ച് ഗൗരവമായി ചിന്തിക്കുന്ന നാളുകളിലാണ്, ജോലിയുടെ ഭാഗമായി അമേരിക്ക, ഓസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങളിലേക്ക് അയക്കാമെന്ന കമ്പനിയുടെ മോഹന വാഗ്ദാനങ്ങൾ ഉണ്ടായത്. എന്നാൽ, എന്നെക്കുറിച്ചുള്ള ദൈവത്തിന്റെ പദ്ധതിക്ക് സ്വയം വിട്ടുകൊടുക്കാനുള്ള തീരുമാനത്തിൽ ഞാൻ ഉറച്ചുനിന്നു. ഏതാണ്ട് ഒരു വർഷം നീണ്ട ആലോചനകൾക്കും പ്രാർഥനയ്ക്കും ശേഷം ജോലി രാജിവച്ച് MSMI സന്യാസ സഭയിൽ ചേരുകയായിരുന്നു. ആദ്യമെല്ലാം വീട്ടിൽ നിന്നും ശക്തമായ എതിർപ്പുണ്ടായിരുന്നു. വീട്ടുകാർ വിവാഹാലോചനകൾ തുടങ്ങിയിരുന്നു. മാനസികമായി വലിയ സംഘർഷത്തിലൂടെ കടന്നുപോയപ്പോഴെല്ലാം എനിക്ക് പ്രാർഥനയിലൂടെയും ഉപദേശങ്ങളിലൂടെയും എല്ലാം കരുത്ത് പകർന്നത് എന്റെ ജീസസ് യൂത്ത് കൂട്ടായ്മയായിരുന്നു. പ്രത്യേകിച്ച് എന്റെ സെൽ ഗ്രൂപ്പ് കൂട്ടുകാരും, ജീസസ് യൂത്ത് ചേച്ചിമാരും ചേട്ടന്മാരും ആത്മീയ ഗുരുക്കന്മാരും ആ നാളുകളിൽ എന്നെ ഒരുപാട് സപ്പോർട്ട് ചെയ്തിരുന്നു. പ്രത്യേകിച്ച് ഷോജി വെച്ചൂരക്കാട്ടച്ചൻ. അവരുടെയെല്ലാം പ്രാർഥനയുടെയും സ്നേഹത്തിന്റെയും കരുത്തിലാണ് എന്റെ തീരുമാനത്തിൽ ഉറച്ചുനിൽക്കാൻ എനിക്ക് ശക്തി ലഭിച്ചത്. ജീസസ് യൂത്ത് ഫോർമേഷന്റെ സ്റ്റഡി ഗ്രൂപ്പുകളും കൂട്ടായ്മകളും എന്റെ ജീവിതത്തിൽ വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്.

ഞാൻ കോൺവെന്റിൽ ചേർന്നപ്പോഴും ജീസസ് യൂത്ത് കൂട്ടായ്മയുടെ പ്രാർഥനയുടെ വലിയ താങ്ങ് എനിക്കുണ്ടായിരുന്നു. സിസ്റ്റർ ആയ ശേഷം ടെക്നോപാർക്കിലെ എന്റെ പ്രാർഥനാ കൂട്ടായ്മയിൽ തിരികെ ചെന്ന് അവരോട് എന്റെ നന്ദി അറിയിക്കാൻ കഴിഞ്ഞത് വലിയ അനുഗ്രഹമായി ഞാനിന്നും കാണുന്നു. എന്റെ സന്യാസസമൂഹവും ഏറെ സ്നേഹത്തോടെയാണ് ജീസസ് യൂത്തിനെ കാണുന്നത്. അതിലുപരി എന്റെ ജീസസ് യൂത്ത് സ്വഭാവത്തിനു ഏറ്റവും യോജിച്ച സന്യാസസഭയാണ് MSMI എന്നു എനിക്കു പറയാൻ പറ്റും. Praise and worship ഉം, Group prayer ഉം, യൂത്തിനും, ടീൻസിനും, വേണ്ടിയുള്ള പരിപാടികളും ഒക്കെ ഞങ്ങളുടെ അനുദിന ജീവിതത്തിന്റെ ഭാഗമാണ്. കുടുംബ പ്രേഷിതത്വവും, വരങ്ങൾ ഉപയോഗിച്ചുള്ള കൗൺസലിങ്ങും വചനപ്രഘോഷണവും ആണ് ഞങ്ങളുടെ സന്യാസസമൂഹത്തിന്റെ പ്രധാന ക്യാരിസം. അതുകൊണ്ടുതന്നെ ജീസസ് യൂത്തിനോട് വളരെ തുറന്ന സമീപനമാണ് ഞങ്ങൾക്കുള്ളത്. ഇപ്പോഴും ഞാൻ സാധിക്കുന്നിടത്തോളം ജീസസ് യൂത്ത് പ്രവർത്തനങ്ങളോട് ചേർന്ന് നിൽക്കുന്നു. ദൈവത്തിന് സമർപ്പിക്കപ്പെട്ട ജീവിതം ആനന്ദം നിറഞ്ഞതാണെന്ന് ഞാൻ ഇന്ന് അനുഭവിച്ചറിയുന്നു. ഭൂമിയിലെ ഈ ജീവിതത്തിൽ ലോകത്തിന്റേതാകാതെ സ്വർഗത്തിന്റേതാകുന്നതായി ജീവിക്കുന്നതിന്റെ ആനന്ദം പറഞ്ഞറിയിക്കാൻ വയ്യ. ആ ത്രില്ലിൽ ആണ് ഞാനിപ്പോൾ◆

*(സി. ക്രിസ്റ്റി ഇപ്പോൾ MSMI സഭയുടെ കോഴിക്കോട് പ്രൊവിൻഷ്യൽ ഹൗസിൽ വൊക്കേഷൻ പ്രൊമോട്ടർ ആണ്)*




കല്ലറ ഭദ്രമായി മുദ്രവച്ചിരുന്നു. കാവൽക്കാരും ഉണ്ടായിരുന്നു. എന്നാൽ, അരുളിച്ചെയ്തതുപോലെ സകലത്തയും അതിജീവിച്ച് യേശുക്രിസ്തു മരണത്തിൽ നിന്ന് ഉയിർത്തെഴുന്നേറ്റു. അവൻ നാമോരോരുത്തർക്കും വേണ്ടിയാണ് മരിച്ചതും ഉയിർത്തതും. പുനരുത്ഥാനത്തിന്റെ സന്ദേശം മാറ്റമില്ലാത്തതാണ്. മരണത്തിന്റെമേൽ വിജയവും, പാപത്തിന്റെമേൽ മോചനവും, പ്രതിബന്ധങ്ങൾക്കുമേൽ പ്രതീക്ഷയും, പരിശുദ്ധാത്മശക്തിയിലുള്ള ഒരു ജീവിതത്തിന്റെ സാധ്യതയും അതു പ്രഖ്യാപിക്കുന്നു. നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനമായ യേശുവിന്റെ പുനരുത്ഥാനം നമ്മുടെ ജീവിതത്തെ എത്രമാത്രം സ്വാധീനിച്ചിട്ടുണ്ട് ? അത് എപ്രകാരം നമ്മെ രൂപപ്പെടുത്തിയിട്ടുണ്ട്?

യേശുവിന്റെ പുനരുത്ഥാനവും അതിനു നാം ഓരോരുത്തരുമായുള്ള ബന്ധവും ധ്യാനിക്കുമ്പോൾ, ആദ്യം തിരിച്ചറിയേണ്ടത് ദൈവവചനം നിറവേറും എന്ന വാഗ്ദാനത്തിന്റെ പൂർത്തീകരണമാണത് എന്ന സത്യമാണ്. എന്നാൽ, മൂന്നാം ദിവസം അവൻ ഉയർപ്പിക്കപ്പെടും എന്ന വസ്തുത സുവിശേഷം രേഖപ്പെടുത്തിയിട്ടുണ്ട്. 'നിന്റെ വാക്കുപോലെ എന്നിൽ സംഭവിക്കട്ടെ' എന്ന് മറിയം പറഞ്ഞത് അവളിൽ നിറവേറിയതുപോലെ യേശുവിന്റെ ജീവിതത്തിലും അവന്റെ വാക്കുകൾ പൂർണമായി നിറവേറ്റപ്പെട്ടു. ഇവിടെയാണ് ഈസ്റ്റർ നമ്മുടെ ജീവിതത്തെ പുനഃപരിശോധിക്കാൻ നിർബന്ധിക്കുന്നത്. ദൈവവചനം നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തെ എങ്ങനെയാണ് രൂപപ്പെടുത്തുന്നത്? നമ്മുടെ സ്വഭാവത്തെ, തെരഞ്ഞെടുപ്പുകളെ, സ്വപ്നങ്ങളെ,

വിനോദത്തെ, തൊഴിലിനെ, നാം ഭാവിയിലേക്കുവേണ്ടി സൂക്ഷിച്ചുവയ്ക്കുന്നതിനെ എല്ലാം ദൈവവചന കാഴ്ചപ്പാടിലാണോ നാം മെനയുന്നത്? കർത്താവ് അരുളിച്ചെയ്ത കാര്യങ്ങൾ നിറവേറുമെന്നു വിശ്വസിച്ച മറിയത്തിന്റെ ഭാഗ്യത്തിലേക്ക് ഉയിർപ്പ് തിരുനാൾ നമ്മെ ക്ഷണിക്കുന്നു. വചനത്തിലുള്ള ദൃഢവിശ്വാസത്തിലൂടെ, അനുസരണത്തിലൂടെ വാഗ്ദാനം പ്രാപിക്കാൻ യേശുവിന്റെ ഉയിർപ്പ് നമ്മെ വെല്ലുവിളിക്കുന്നു.

രണ്ടാമതായി, യേശുവിന്റെ പുനരുത്ഥാനത്തിന്റെ രഹസ്യവും പരസ്യവും അവനിൽ വിശ്വസിക്കുന്ന ഓരോരുത്തരുടെയും ജീവിതത്തെ അതിശയകരമായ പ്രത്യാശയിലേക്കു കൊണ്ടുപോകുന്നുണ്ട് എന്നതാണ്. സ്വാർഥതയുടെയും മരണസംസ്കാരത്തിന്റെയും മതിലുകൾക്കപ്പുറത്ത് നവജീവിതത്തിന്റെ പുതുപാതകൾ ഉണ്ടെന്ന് അതു വ്യക്തമാക്കുന്നു. തന്റെ ശരീരമാകുന്ന വിരിയിലൂടെ അവൻ നമുക്കായി ഒരു പുതിയ പാത തുറന്നു തന്നിരിക്കുന്നു (ഹെബ്രാ 10, 20). പഴയതു കടന്നുപോയി, പുതിയതു വന്നുകഴിഞ്ഞു എന്ന യേശുവിന്റെ പുനരുത്ഥാനത്തിന്റെ സദ്വാർത്ത നാം നമ്മുടെ ജീവിതത്തോടു തന്നെ പ്രഘോഷിക്കണം. അപ്പോൾ എസെക്കിയേൽ പ്രവചനത്തിൽ വരണ്ട അസ്ഥികൾക്ക് ജീവൻ പ്രാപിച്ചതുപോല നമ്മുടെ ജീവിതാവസ്ഥകളും പുതുമ ആർജിക്കും, ശക്തിപ്പെടും. ഒരു ക്രിസ്ത്യാനിയുടെ ജീവിതം പാപഭാരങ്ങൾകൊണ്ടോ ഭൗതിക സമ്മർദങ്ങൾകൊണ്ടോ തളർന്നുപോകാൻ യേശുവിന്റെ ഉത്ഥാനം അനുവദിക്കുന്നില്ല. അത് ജീവിതത്തിന് അർഥവും ദിശാബോധവും നൽകുന്നതാണ്. നമ്മുടെ സാഹചര്യങ്ങൾ എന്തുതന്നെയായാലും പുനരാരംഭിക്കാനുള്ള അവസരവും. "ഇതാ നിന്റെ മുൻപിൽ ആർക്കും പൂട്ടാൻ കഴിയാത്ത വിധം തുറന്നു കിടക്കുന്ന ഒരു വാതിൽ ഞാൻ സ്ഥാപിച്ചിരിക്കുന്നു." (വെളി 3, 8) ഈ വാതിൽ യേശുവിന്റെ പുനരുത്ഥാനം തന്നെയാണ്.

ഉയിർത്തെഴുന്നേറ്റ ക്രിസ്തു ആദ്യം തന്നെത്തന്നെ വെളിപ്പെടുത്തിയ മഗ്ദലേനമറിയത്തോട് ആവശ്യപ്പെട്ടത് ഉയിർപ്പിന്റെ സദ്വാർത്ത ശിഷ്യരെ അറിയിക്കാനാണ്. ഇതിനായി അവൻ തെരഞ്ഞെടുത്തതാകട്ടെ, ഏഴ് പിശാചുക്കളിൽനിന്നും വിടുതൽ പ്രാപിച്ച ഒരുവളെ. യേശുവിന്റെ മരണത്തിന്റെയും ഉയിർപ്പിന്റെയും ശക്തിയിലൂടെ എത്ര ദൈന്യതയിലായിരുന്നവരെയും പിതാവിന്റെ മഹത്വത്തിലേക്ക് ഉയർത്താനാകും എന്നതിന്റെ ധീരസാക്ഷിയായി മഗ്ദലേനയിലെ മറിയം നമ്മെ  വെല്ലുവിളിക്കുന്നു. അവൻ അവളിൽ ചെയ്ത വൻകാര്യങ്ങൾ നമ്മിലും ചെയ്യാൻ അവനു സാധിക്കുമെന്ന വിശ്വാസം എത്ര മാത്രം നമ്മിലുണ്ട്?

നല്ല വാർത്തയുമായി ജ്വലിക്കുന്ന ഹൃദയത്തോടെ അവൾ ഓടിയതുപോലെ ഉയിർപ്പിന്റെ സദ്വാർത്തയുമായി ഓടുന്ന ജീവിതചര്യം രൂപപ്പെടുവാൻ മാത്രം ഉത്ഥിതന്റെ കണ്ടുമുട്ടലനുഭവം നമ്മിൽ ശക്തമാണോ? ഈ അനുഭവത്തിൽ വളരാൻ ഉതകുന്ന ഒരു കൂട്ടായ്മയുടെ ഭാഗമാണോ നാം ഓരോരുത്തരും?

യേശു ഉത്ഥാനശേഷം നൽകിയ വാഗ്ദാനം ഇതാണ്: നിങ്ങളാകട്ടെ, ഏതാനും ദിവസങ്ങൾക്കകം പരിശുദ്ധാത്മാവിൽ സ്നാനപ്പെടും (അപ്പ. പ്രവ 1,5) യേശുവിന്റെ പുനരുത്ഥാനത്തിന്റെ ഫലം നമ്മുടെ ജീവിതത്തിൽ ഉണ്ടെന്ന് നാം തീർച്ചയാക്കേണ്ടത് ഈ വാഗ്ദാനം പ്രാപിച്ചുകൊണ്ടാണ്. പരിശുദ്ധാത്മാവിന്റെ സ്നാനമേൽക്കുന്ന, ആത്മാവിനാൽ നയിക്കപ്പെടുന്ന ഒരു നവ അപ്പസ്തോല സമൂഹം ആയി നമ്മുടെ ജീസസ് യൂത്ത് കൂട്ടായ്മകൾ രൂപപ്പെടേണ്ടേ? അതിനായി സഹോദരങ്ങളുമായി തോളോടുതോൾ ചേർന്ന് നമുക്ക് മുന്നോട്ട് പോകാം. ആർക്കും അടയ്ക്കാൻ പറ്റാത്ത ഒരു വാതിൽ നമുക്കു മുൻപിൽ തുറന്നു കിടപ്പുണ്ട്. ക്രിസ്തുവിന്റെ ഉത്ഥാനം വാഗ്ദാനം ചെയ്യുന്ന പ്രത്യാശയുടെ വാതിൽ! ലോകം മുഴുവനും ഈ വാതിലിലൂടെ ആനന്ദത്തിന്റെ നിറവിലേക്കു പ്രവേശിക്കട്ടെയെന്നു നമുക്കു പ്രത്യാശയോടെ പ്രാർഥിക്കാം◆

***കെ. കെ. ജോസഫ്***

*ജീസസ് യൂത്ത് മുന്നേറ്റത്തിന്റെ ഫസ്റ്റ് ലൈൻ നേതാക്കളിൽ ഒരാളായ ശ്രീ കെ.കെ. ജോസഫ്, കൊച്ചിൻ ഷിപ്‌യാർഡിൽ നിന്നും വിരമിച്ചു. ജീവിതപങ്കാളി പ്രൊഫ. കൊച്ചുറാണിക്കൊപ്പം കൊച്ചിയിൽ താമസിക്കുന്നു.*

# കരുത്തായിരുന്നു ദൈവത്തിന്റെ

ഫമിലിയ\അഭിമുഖം –
സോണി നോബിൾ

**പുതിയ തലമുറയിലെ ജീസസ് യൂത്തിനു വേണ്ടി ആദ്യം തന്നെ സ്വയം ഒന്ന് പരിചയപ്പെടുത്താമോ?**

എന്റെ പേര് സോണി നോബിൾ. തിരുവനന്തപുരം എയർപോർട്ടിൽ എ.ഐ എഞ്ചിനീയറിങ് സർവീസസ് ലിമിറ്റഡ് എന്ന വിമാനങ്ങൾ നന്നാക്കുന്ന പബ്ലിക് സെക്ടർ കമ്പനിയിൽ ഡെപ്യൂട്ടി ജനറൽ മാനേജരായി ജോലി ചെയ്യുന്നു. ഭർത്താവ് നോബിൾ. ഞങ്ങൾക്ക് സമ്മാനമായി ഈശോ നാലു മക്കളെയും ഇപ്പോൾ രണ്ട് കൊച്ചു മക്കളെയും തന്ന് അനുഗ്രഹിച്ചു.

**ജീസസ് യൂത്ത് ക്യാമ്പസ് മിനിസ്ട്രിയുടെ ആദ്യ കോർഡിനേറ്റർ ആയിരുന്നല്ലോ ചേച്ചി. ജീസസ് യൂത്തിന്റെ ആ കാലഘട്ടത്തിലെ പ്രവർത്തനങ്ങളെയും ജീസസ് യൂത്ത് ശൈലിയെയും കുറിച്ചൊക്കെ ഒന്ന് പങ്കുവയ്ക്കാമോ?**

ഞാൻ എം.എ. കോളേജ് കോതമംഗലത്ത് എഞ്ചിനീയറിങ്ങിന് പഠിക്കുമ്പോഴായിരുന്നു ദൈവം എന്നെ അങ്ങനെ ഒരു ഉത്തരവാദിത്വം എൽപിച്ചത്. ജീസസ് യൂത്തിന്റെ തുടക്ക കാലങ്ങളായിരുന്നു അത്. എന്നെ സംബന്ധിച്ച് ഈ നിയോഗം ഒരു ദൈവാനുഗ്രഹം തന്നെ ആയിരുന്നു. കൃപയിൽ ജീവിക്കുന്ന ഒരുപാട് ചേട്ടന്മാരോടും ചേച്ചിമാരോടുമൊപ്പം വളരുവാനുള്ള അവസരം എനിക്ക് അതുവഴി ലഭിച്ചു. അവരിൽനിന്ന് ഒരുപാട് കാര്യങ്ങൾ കണ്ടും കേട്ടും പഠിച്ചു. ഇന്നത്തെപ്പോലെ ജീസസ് യൂത്ത് അംഗീകരിക്കപ്പെട്ടിരുന്നില്ല എന്നതൊരു വാസ്തവം തന്നെയാണ്. പക്ഷേ, ദൈവത്തിന്റെ വലിയ കൃപയുടെയും അനുഗ്രഹത്തിന്റെയും ഒരു സമയമായിരുന്നു അത്. ജീസസ് യൂത്ത്–85 ന് ശേഷം ക്യാമ്പസുകൾ ഉണർന്നു. ക്യാമ്പസുകളിൽ പ്രാർഥനാ ഗ്രൂപ്പുകൾ രൂപംകൊണ്ടു തുടങ്ങി. ഫസ്റ്റ് ക്യാമ്പസ് ടീം രൂപം കൊണ്ടു. ആ ടീമിലായിരുന്നു ഞാൻ ആദ്യമായി കോർഡിനേറ്റർ ആയത്. എന്റെ ക്യാമ്പസ് ടീം അംഗങ്ങളോടൊപ്പം ഈ ഉത്തരവാദിത്വം ഭംഗിയായി നിർവഹിക്കാൻ എനിക്ക് സാധിച്ചത് ഒരുപാട് പേരുടെ സഹായത്തോടെയാണ്. പള്ളിയച്ചൻ, ആലീസുകുട്ടി ചേച്ചി, എഡ്വിചേട്ടൻ, ബേബിച്ചായൻ, സിസ്റ്റർ ആലിസ് പ്രസന്ന ഇവരൊക്കെ നൽകിയ പ്രോത്സാഹനവും സ്നേഹവും കരുതലുമെല്ലാം വലിയ കരുത്തായിരുന്നു. ഒപ്പം വിവിധ സോണുകളിൽ നിന്നും ഇവരുടെ പിന്നാലെ വളർന്നുവന്ന ഫസ്റ്റ് ലൈൻ ലീഡേഴ്സ്, അവരുടെ സപ്പോർട്ടും എടുത്ത് പറയേണ്ടതാണ്. അതുപോലെ ഏകമനസോടെ ഒന്നിച്ചു പ്രവർത്തിച്ച സന്തോഷ്, ഷാജി, ചാക്കോച്ചൻ, ലൂണ, ട്രീസ, ഷൈനി, ഇങ്ങനെ ക്യാമ്പസ് ടീമിലെ ഓരോ വ്യക്തികളുടെയും സപ്പോർട്ട് വളരെ വലുതായിരുന്നു.

**അന്നത്തെ ക്യാമ്പസ് ടീമിന്റെ പ്രവർത്തനശൈലിയെ കുറിച്ച് ഒന്ന് പറയാമോ?**

പരിശുദ്ധാത്മാവിന്റെ വലിയ ഇടപെടൽ ഞങ്ങൾക്കനുഭവിക്കാൻ കഴിഞ്ഞ നാളുകളായിരുന്നു അത്. പല സോണുകളിലെ ക്യാമ്പസുകളിലും ചെറുതായിട്ടാണെങ്കിലും പലതരം ഇനിഷ്യേറ്റീവ്സ് ആരംഭിച്ചു. അന്നത്തെ ഒരു പ്രധാന പ്രവർത്തനം എന്ന് പറയുന്നത് മധ്യസ്ഥ പ്രാർഥനയായിരുന്നു. കേരളത്തിന്റെ വിവിധ ഭാഗത്തുള്ള ക്യാമ്പസുകൾക്ക് വേണ്ടി പ്രാർഥിക്കുന്ന ഒരു ശൈലിക്ക് തുടക്കം കുറിച്ചു. കോതമംഗലം സോണിലെ ക്യാമ്പസുകൾക്ക് വേണ്ടി പ്രാർഥിച്ചിരുന്നത് സ്റ്റെല്ല ചേച്ചിയും ഞാനുമായിരുന്നു. നിർമല കോളേജും എം.എ. കോളേജും എല്ലാം ഈ പ്രാർഥനയിൽ ഉൾപ്പെട്ടിരുന്നു. എപ്പോഴും പ്രാർഥിക്കുന്നതോടൊപ്പം ആ ക്യാമ്പസുകളുടെ മുന്നിൽ കൂടെ യാത്ര ചെയ്യുമ്പോഴെല്ലാം ക്യാമ്പസുകളെ സമർപ്പിച്ച് പ്രാർഥിച്ചിരുന്നു. പിന്നീട് ഈശോ ഈ ക്യാമ്പസുകളെയെല്ലാം ഉയർത്തിയതും ധാരാളം ലീഡർമാർ ആ കോളേജുകളിൽ നിന്നെല്ലാം ഉണ്ടായതും കാണാനിടയായിട്ടുണ്ട്. അതോടൊപ്പം കേരളത്തിലെ വിവിധ ക്യാമ്പസുകളിൽനിന്ന് ഉയർന്നുവന്ന ലീഡേഴ്സിനെ ഓൾ കേരള ലെവലിൽ ഒന്നിച്ചു കൊണ്ടുവരുവാനും ട്രെയിനിങ്ങുകൾ നൽകുവാനും പിന്നീട് അവരുടെ സഹകരണത്തോടെ ആദ്യത്തെ ക്യാമ്പസ് മീറ്റ് നടത്താനും സാധിച്ചു. ഈശോയോടൊപ്പം പ്രവർത്തിക്കാൻ കഴിഞ്ഞ ആ നാളുകളെ ഓർത്ത് ദൈവത്തിന് നന്ദി പറയുന്നു.

**അപ്പസ്തോലന്മാരുടെ ഇടയിൽ പരിശുദ്ധ കന്യകാമറിയത്തിന്റെ സ്ഥാനമാണ് സഭയിൽ സ്ത്രീക്ക് ഉള്ളതെന്ന് ഫ്രാൻസിസ് മാർപാപ്പ പറയുന്നുണ്ടല്ലോ? എന്നാൽ, അങ്ങനെയല്ലെങ്കിൽ പോലും വേണ്ട ഒരു പ്രാതിനിധ്യം സ്ത്രീകൾക്ക് സഭയിൽ ഇല്ലായെന്ന് പരക്കെ വിമർശിക്കപ്പെടുന്നുണ്ട്. അത്തരം ഒരു പശ്ചാത്തലത്തിൽ ജീസസ് യൂത്തിന്റെ ആരംഭകാലത്തുതന്നെ ഒരു വനിതാ ക്യാമ്പസ് കോർഡിനേറ്റർ എന്ന പദവി ചേച്ചിക്ക് ലഭിച്ചത്. അതിനെ എങ്ങനെയാണ് നോക്കി കാണുന്നത്?**

ജീസസ് യൂത്ത് മുന്നേറ്റത്തിൽ ദൈവകൃപയാൽ എനിക്ക് ആൺ/പെൺ എന്നുള്ള വേർതിരിവ് ഇതുവരെ കാണാൻ കഴിഞ്ഞിട്ടില്ല. സ്ത്രീയെന്ന നിലയിൽ നമ്മുടെ മൂവ്മെന്റിൽ

# കരുതലും സ്നേഹവും

എനിക്ക് അത്തരത്തിലുള്ള എക്സ്പീരിയൻസുകൾ ഒന്നുമുണ്ടായിട്ടില്ല. ജീസസ് യൂത്ത് മൂവ്മെന്റിന്റെ ആരംഭം മുതൽ തന്നെ ദൈവാത്മാവിന്റെ സ്വാതന്ത്ര്യം അനുഭവിച്ചു വളരുന്ന യുവജനങ്ങളെയാണ് കാണാൻ കഴിഞ്ഞിട്ടുള്ളത്. പഠനശേഷം ജോലി സംബന്ധമായി മുംബൈയിലേക്ക് മാറേണ്ടി വന്നു. ഏതാണ്ട് 20 വർഷത്തോളം അവിടെയായിരുന്നു. അക്കാലങ്ങളിലെല്ലാം മൂവ്മെന്റിൽ സജീവമായിരുന്നു. ഇത്തരം പരിധികളോ വേർതിരിവുകളോ ഒന്നും കൂടാതെ പ്രവർത്തിക്കാൻ എനിക്ക് സാധിച്ചു. അതോടൊപ്പം ഇടവകയിലും കല്യാൺ രൂപതയിലെ പാസ്റ്ററൽ കൗൺസിൽ ഉൾപ്പെടെ എല്ലാ മേഖലയിലും സജീവ സാന്നിധ്യമാകാൻ ദൈവം അനുവദിച്ചു. ആദ്യം ജോലി, പിന്നീട്  ഒരു കുടുംബം, എല്ലാം മുംബൈയിൽ ദൈവം ക്രമീകരിച്ചു. അത് വലിയ ദൈവകൃപയുടെ നാളുകളായിരുന്നു. മൂവ്മെന്റിൽ ആനിമേറ്ററായും  സാധിക്കുന്ന എല്ലാവിധത്തിലും സജീവമായി പ്രവർത്തിക്കാൻ ദൈവം അനുഗ്രഹിച്ചു. ജീസസ് യൂത്ത് മൂവ്മെന്റിന് പുറത്ത് മറ്റ് പല ഇടങ്ങളിലും ഈ ആൺ/പെൺ വേർതിരിവ് കാണാനും ചിലപ്പോഴെങ്കിലും അനുഭവിക്കാനും ഇടവന്നിട്ടുണ്ട്. അക്കാലങ്ങളിലെല്ലാം കൃത്യമായി എന്നെ ഗൈഡ് ചെയ്യുകയും ദൈവസ്നേഹത്തിൽ ആഴപ്പെടാനും വളരാനും സഹായിക്കുകയും ചെയ്തത് ആലീസുകുട്ടി ചേച്ചിയാണ്. മുംബൈയിലായിരുന്നപ്പോഴും ചേച്ചിയുമായി നിരന്തരം ബന്ധപ്പെട്ടിരുന്നു. ചേച്ചിയുടെ കരുതലും സ്നേഹവും ഗൈഡൻസും ആത്മീയ സ്വാതന്ത്ര്യത്തിൽ ജീവിക്കാൻ എനിക്ക് ഏറെ സഹായകമായിട്ടുണ്ട്. ഞാൻ ആദ്യത്തെ ക്യാമ്പസ് കോർഡിനേറ്റർ ആയി തെരഞ്ഞെടുക്കപ്പെട്ടത് ഒരിക്കലും എന്റെ മിടുക്കല്ല: ദൈവത്തിന്റെ തെരഞ്ഞെടുപ്പായിരുന്നു അത്. അവിടത്തോട് നന്ദി പറയുന്നു.

**കേരള ക്യാമ്പസ് കോർഡിനേറ്റർ എന്ന നിലയിൽ പ്രവർത്തിച്ചപ്പോൾ സ്ത്രീ ആണ് എന്നത് ഒരു പരിമിതിയായി എപ്പോഴെങ്കിലും അനുഭവിക്കപ്പെട്ടിട്ടുണ്ടോ? സ്ത്രീയാണെന്നതുകൊണ്ട് അംഗീകരിക്കപ്പെടാതിരുന്ന സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ടോ?**

അത്തരത്തിൽ ഒരു പരിമിതിയിലൂടെ കടന്നുപോയതായിട്ടൊന്നും ഞാൻ ഓർക്കുന്നില്ല. അത്തരം പരിമിതികളെ കുറിച്ചൊന്നും ചിന്തിക്കാതെ വളരെ സ്വതന്ത്രമായി എനിക്ക്  പ്രവർത്തിക്കാൻ സാധിച്ചതിന്റെ പിന്നിൽ എന്റെ മമ്മിയോടുള്ള നന്ദി എത്ര പറഞ്ഞാലും മതിയാകില്ല. അടിയുറച്ച ദൈവവിശ്വാസിയായ മമ്മിയാണ് ഈശോയുടെ സ്നേഹത്തിലേക്ക് എന്നെ കൈപിടിച്ച് നടത്തിയത്. മൂവ്മെന്റിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് എവിടെയെങ്കിലും പോകാൻ മമ്മി തന്ന അനുവാദവും മമ്മിയുടെ പ്രാർഥനയുമായിരുന്നു എന്റെ ബലം. പപ്പ ജോലി സംബന്ധമായി  രാജസ്ഥാനിൽ ആയിരുന്നു. എന്നെ വിശ്വസിക്കുകയും എനിക്ക് സ്വാതന്ത്ര്യം നൽകുകയും ചെയ്ത മമ്മിയുടെ വലിയ മനസ്സ് അന്നും ഇന്നും എനിക്ക് കരുത്താണ്. ഞാൻ എവിടെ പോകുമ്പോഴും, എന്ത് ചെയ്യുമ്പോഴും, മമ്മിയോട് പറയും ആ സമയമെല്ലാം മമ്മി എനിക്ക് വേണ്ടി പ്രാർഥിക്കും. ഇപ്പോഴും അത് തുടരുന്നു. അതിലുപരി ദൈവത്തിന്റെ കരുതലും സ്നേഹവും സംരക്ഷണവും എപ്പോഴും കൂടെയുണ്ടായിരുന്നു. തീർച്ചയായും ചലഞ്ചിങ് സിറ്റുവേഷൻസ്



സോണി നോബിൾ കുടുംബാംഗങ്ങളോടൊപ്പം

ഉണ്ടായിട്ടുണ്ട്. ഇപ്പോഴത്തെപോലുള്ള കമ്മ്യൂണിക്കേഷൻ ഫെസിലിറ്റീസ് ഇല്ലാത്തതിന്റെ പോരായ്മകൾ പലപ്പോഴും ഉണ്ടായിട്ടുണ്ട്. എന്നാൽ, അതിനെല്ലാം ഉപരിയായിരുന്നു ദൈവത്തിന്റെ സ്നേഹവും കരുതലും. കേരളത്തിലുടനീളം ഓടിനടക്കാനും ഈശോയുടെ സ്നേഹത്തെക്കുറിച്ച് പറയുവാനും കലാലയങ്ങളിൽ ഈശോയുടെ സ്നേഹം കത്തിപ്പടരുന്നത് കാണുവാനും അതിനായി തീക്ഷ്ണതയോടെ ഓടാനും കഴിഞ്ഞത് ദൈവത്തിന്റെ സ്നേഹവും അനേകരുടെ പ്രാർഥനയുംകൊണ്ട് മാത്രമാണ്.

ഒരു സംഭവം ഓർമ വരുന്നത്, മുൻപ് സൂചിപ്പിച്ചതുപോലെ നിർമല കോളേജിന്റെ മുൻപിൽ പല ദിവസവും നിന്ന് ഞങ്ങൾ (ഞാനും സ്റ്റെല്ല ചേച്ചിയും) പ്രാർഥിക്കുമായിരുന്നു. കുറേ ദിവസത്തെ പ്രാർഥനയ്ക്ക് ശേഷം ധൈര്യം അവലംബിച്ച് അവിടത്തെ പ്രിൻസിപ്പലിനെ കാണാൻ ഞങ്ങൾ രണ്ടുപേരും കൂടെ പോയി. എന്തൊക്കെയാണ് പറഞ്ഞതെന്ന് പോലും ഞങ്ങൾക്ക് ഓർമയില്ല. ഞങ്ങൾ സംസാരിച്ചുകൊണ്ടിരുന്നപ്പോൾ 'ഇപ്പോൾ സമയമില്ല' എന്ന് പറഞ്ഞ് പ്രിൻസിപ്പാൾ ഞങ്ങളെ നിരുത്സാഹപ്പെടുത്തുകയാണ് ചെയ്തത്. അപ്പോഴും ഞങ്ങൾ ഉള്ളിൽ ശക്തമായ പ്രാർഥന തുടർന്നു. പുറത്തേക്ക് പോയ്ക്കൊള്ളാൻ പറഞ്ഞതനുസരിച്ചു ഞങ്ങൾ വാതിലിനടുത്തെത്തി. പെട്ടെന്ന് അച്ചൻ ഞങ്ങളെ തിരിച്ചു വിളിച്ചു. 'നിങ്ങൾ ആരാണെന്നാണ് പറഞ്ഞത്? എന്താണ് നിങ്ങൾ പറയാൻ വന്നത്?' എന്നൊക്കെ ചോദിച്ചു. സ്റ്റെല്ല ചേച്ചി ഊന്നുകല്ലിൽ ഒരു സ്കൂളിൽ അധ്യാപികയാണെന്നും ഞാൻ കോതമംഗലം എം.എ. എഞ്ചിനീയറിങ് കോളേജിലെ വിദ്യാർഥിനിയാണെന്നും ജീസസ് യൂത്തിനെക്കുറിച്ചുമെല്ലാം ഞങ്ങൾ പറഞ്ഞു. എന്തായാലും പ്രിൻസിപ്പാൾ ഞങ്ങൾ പറഞ്ഞത് കേൾക്കാൻ തയ്യാറായി എന്നുള്ളത് ദൈവത്തിന്റെ ഇടപെടലിന്റെ വലിയ അടയാളമായിരുന്നു. തുടർന്ന് ഏതാനും മാസങ്ങൾ കഴിഞ്ഞപ്പോൾ അച്ചൻ ഞങ്ങൾക്ക് സിസ്റ്റർ ആലീസ് പ്രസന്നയെ തന്നു. സിസ്റ്ററിലൂടെ പരിശുദ്ധാത്മാവിന്റെ വലിയ ഇടപെടൽ ഞങ്ങൾ അനുഭവിച്ചറിഞ്ഞു. ഈ ഇടപെടൽ പല ക്യാമ്പസിലും ഞങ്ങൾ അനുഭവിച്ചറിഞ്ഞു.

**തീർച്ചയായും ചലഞ്ചിങ് സിറ്റുവേഷൻസ് ഉണ്ടായിട്ടുണ്ട്.. എന്നാൽ, അതിനെല്ലാം ഉപരിയായിരുന്നു ദൈവത്തിന്റെ സ്നേഹവും കരുതലും.**

### ഇന്നത്തെ ജീസസ് യൂത്തിനെ ചേച്ചി എങ്ങനെ നോക്കിക്കാണുന്നു?

ഞാൻ ഇപ്പോഴും ജീസസ് യൂത്തിന് ഒപ്പമുണ്ട്. പ്രവർത്തനനിരതനായ പരിശുദ്ധാത്മാവിന്റെ ഓരോ ദിവസവുമുള്ള അത്ഭുതകരമായ ഇടപെടൽ അനുഭവിച്ചറിഞ്ഞ് ഒരുമിച്ച് വളരാൻ ശ്രമിക്കുന്ന വ്യക്തിയാണ് ഞാൻ. ഇപ്പോൾ ഞാനും ഹസ്ബൻഡും തിരുവനന്തപുരം ക്യാമ്പസ് ടീമിന്റെ കൂടെയുണ്ട്. അതിനുമുൻപ് പ്രൊഫഷണൽ മിനിസ്ട്രിയുടെ എൽഡേഴ്സ് ആയിരുന്നു. കുടുംബത്തിന്റെ സപ്പോർട്ടും കരുതലും ദൈവത്തിന്റെ വലിയ ദാനമാണ്. ഇവിടെയെല്ലാം ആയിരിക്കുമ്പോൾ വളരെ മനോഹരമായി ഈശോ ഓരോ ദിവസവും കൈപിടിച്ചു നടത്തുന്ന അനുഭവങ്ങളിലൂടെ കടന്നുപോകുന്നു. വിശുദ്ധിയിൽ വളരാനായി ഓരോരുത്തരുടെയും ജീവിതത്തിൽ ഈശോ വ്യക്തിപരമായി ഇടപെട്ട് കൈപിടിച്ച് നടത്തുന്ന അനുഭവങ്ങളാണ് ഉള്ളത്. ജാഗോ കോൺഫറൻസിലും ഇത് കാണാൻ കഴിഞ്ഞു. ഓരോ നിമിഷവും ഈശോയുടെ സ്നേഹവും കരുതലും സംരക്ഷണവും അനുഭവിച്ചുകൊണ്ട് ജീവിക്കുന്നവരാണ് നമ്മൾ ഓരോരുത്തരും. പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നതിന്റെ മനോഹാരിത മൂവ്മെന്റിൽ എപ്പോഴും ഉണ്ട്. അതുകൊണ്ടുതന്നെ ഇന്നത്തെ ജീസസ് യൂത്തും പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട് ഏറെ തീക്ഷ്ണതയോടെ ജീവിക്കുന്നത് കാണുമ്പോൾ സന്തോഷമുണ്ട്.

### ഇന്നത്തെ ജീസസ് യൂത്ത് വനിതാ നേതൃത്വത്തോട് എന്താണ് പറയാനുള്ളത്?

എന്റെ ജോലി മേഖല, സ്ത്രീകളുടെ പ്രാധിനിത്യം വളരെ കുറവുള്ള ഒരിടമാണ്. ഏവിയേഷൻ സെക്ടറിൽ എയർ ക്രാഫ്റ്റ് മെയിന്റനൻസിൽ സ്ത്രീകൾ വളരെ കുറവായിരുന്നു. ഇന്ന് കാലം മാറി. കുറച്ചുകൂടി പെൺകുട്ടികൾ ഈ മേഖലയിലേക്ക് കടന്നുവന്നിട്ടുണ്ട്. അവിടെയും തമ്പുരാന്റെ കൃപയും കരുണയും സംരക്ഷണവും എപ്പോഴും അനുഭവിക്കാൻ കഴിഞ്ഞിട്ടുണ്ട്. എനിക്ക് ഉറപ്പുണ്ട് ഈശോയാണ് എന്നെ ഈ മേഖലയിൽ എത്തിച്ചതെന്ന്. പലപ്പോഴും മീറ്റിംഗുകളിലും മറ്റും ഞാൻ ഒരാൾ മാത്രമായിരുന്നു സ്ത്രീയായി ഉണ്ടായിരുന്നത്. പക്ഷേ, ആ ഒരു വ്യത്യാസം ഒട്ടും ഇല്ലാതെ തന്നെ കൃത്യമായ സ്റ്റാൻഡ് എടുക്കുവാനും പറയേണ്ട കാര്യങ്ങൾ ശക്തമായി പറയാനും ഈശോ എനിക്ക് ശക്തി തന്നു. ഈശോയോടൊപ്പം ആയിരിക്കുമ്പോൾ നമ്മൾ എപ്പോഴും ശക്തരും ധീരരും ആണ്. അതുകൊണ്ടുതന്നെ സ്ത്രീയെന്നോ പുരുഷനെന്നോ വേർതിരിവ് അനുഭവിക്കാൻ ഇടവരില്ല. എനിക്ക് എല്ലാവരോടും ആയിട്ട് പറയാനുള്ളത് എപ്പോഴും ഈശോയോട് ചേർന്ന് നിൽക്കുക നമ്മുടെ നന്മയും ലോകത്തിന്റെ നന്മയും തമ്പുരാന്റെ കൃപയോട് ചേർന്നുനിൽക്കുന്നത് വഴി സാധ്യമാകും.

ചില സ്ട്രഗിൾസിലൂടെ എല്ലാം കടന്നു പോകുമ്പോൾ ഈശോയുടെ സ്നേഹം നമുക്ക് എത്രമാത്രമായിരുന്നു കരുത്ത് പകരുന്നത് എന്ന് ഞാൻ ഓർക്കുകയായിരുന്നു. അതോടൊപ്പം വേദനയോടെ തിരിച്ചറിഞ്ഞ മറ്റൊരു കാര്യം ഈശോയുടെ സ്നേഹം അറിയാത്തവർക്ക് എത്രമാത്രം വലിയ നഷ്ടമാണ് ഉണ്ടായിട്ടുള്ളത് എന്നതാണ്. അതിൽ നിന്നും നമ്മൾ അനുഭവിച്ച ഈശോയുടെ സ്നേഹം എത്രയോ തീക്ഷ്ണതയോടെ വേണം നമ്മൾ മറ്റുള്ളവർക്ക് പകർന്നു കൊടുക്കേണ്ടത് എന്ന വലിയ തിരിച്ചറിവിലൂടെ കടന്നു പോവുകയായിരുന്നു. നമുക്ക് ഒരു ഇന്നർ ഹീലിംഗ് ലഭിച്ചെങ്കിൽ മാത്രമേ ക്രിസ്തു തരുന്ന സ്വാതന്ത്ര്യം അനുഭവിക്കാനും അത് മറ്റുള്ളവരിലേക്ക് പകരാനും സാധിക്കൂ. അതുകൊണ്ടുതന്നെ എപ്പോഴും ഈശോയുടെ സ്നേഹത്തിലും കൃപയിലും ആശ്രയിക്കുന്നവരായി നമുക്ക് ഓരോരുത്തർക്കും മുന്നോട്ടു പോകാം. ദൈവം എല്ലാവരെയും അനുഗ്രഹിക്കട്ടെ◆

*(സോണി നോബിൾ ജീസസ് യൂത്തിലെ ആദ്യ ക്യാമ്പസ് കോർഡിനേറ്റർ. തിരുവനന്തപുരത്ത് ഒരു പബ്ലിക് സെക്റ്റർ കമ്പനിയിൽ ഡെപ്യൂട്ടി ജനറൽ മാനേജരായി ജോലിചെയ്യുന്നു)*




# Subscribe!

to the best Catholic magazine for children!

To purchase
scan QR code or visit:
www.jykairosmedia.org/
kairosbuds

# ജൂബിലി നിറവിൽ
## ഞാനറിഞ്ഞ ജീസസ് യൂത്ത്

**ഫമിലിയ\മൈസ്റ്റോറി - രമ്യ പി. ജോയ്, കുവൈറ്റ്**

2017 ലെ ജനുവരി മാസത്തിലെ നല്ല തണുപ്പുള്ള ഒരു പ്രഭാതത്തിലാണ് ജീസസ് യൂത്ത് എന്ന പേര് ആദ്യമായി എന്റെ ചെവിയിൽ എത്തുന്നത്. കുവൈറ്റിൽ പ്രവാസത്തിലേക്ക് വന്ന എന്നെ ആദ്യമായി ഈ കൂട്ടായ്മയിലേക്ക് എന്റെ ജീവിത പങ്കാളി ക്ഷണിക്കുകയായിരുന്നു. അർധമനസോടെയാണെങ്കിലും സമ്മതം മൂളി. ആയിരക്കണക്കിന് കുടുംബങ്ങളിലേക്കും പതിനായിരക്കണക്കിന് യുവജനങ്ങളിലേക്കും സ്നേഹാഗ്നി ജ്വാലയായി പടർന്നു പിടിച്ച മിഷണറി മൂവ്മെന്റ് ആയ ജീസസ് യൂത്തിന് 2024ൽ കുവൈറ്റിൽ വയസ് 25 തികയുകയായി.

എഴുപതുകളിൽ കേരളത്തിലും ഇന്ത്യയിലും കരിസ്മാറ്റിക് മുന്നേറ്റത്തിന്റ ചുവടുപിടിച്ച് പിന്നീട് 1985കളിൽ ക്യാമ്പസുകളിൽ യുവത്വത്തിന്റ പ്രതീക്ഷയും പ്രത്യാശയുമായ ക്രിസ്തുവിന്റ സ്നേഹാഗ്നി ജ്വാല അനേകം യുവ മനസ്സുകളിലേക്ക് കത്തിക്കയറിയിരിക്കൊണ്ടിരുന്ന കാലം. ഈ കാലഘട്ടത്തിൽ കുവൈറ്റിലെ പ്രവാസ ജീവിതത്തിലേക്ക് കടന്നു വന്ന തീഷ്ണതയുള്ള മിഷണറിമാരിലൂടെ പടർന്നു പന്തലിച്ചതാണ് കുവൈറ്റിലെ ജീസസ് യൂത്തും.

ഏതൊരാവശ്യത്തിനും ഓടിക്കയറിച്ചെല്ലാവുന്ന ജീസസ് യൂത്ത് ഭവനങ്ങളും, അവരുടെ ചിരിക്കുന്ന മുഖങ്ങളുമായിരുന്നു കുവൈറ്റ് ജീസസ് യൂത്തിൽ എന്നെ ആകർഷിച്ച ഘടകങ്ങൾ. ഏത് സമയത്തും കടന്നു ചെല്ലാവുന്ന ഭവനങ്ങളും, ഏത് പ്രതിസന്ധിയും പങ്കുവയ്ക്കാനും, അതോടൊപ്പം ഹോസ്റ്റലിന്റ മടുപ്പുള്ള ഭക്ഷണത്തിൽ നിന്ന് ഗൃഹാതുരത്വത്തിന്റ ഓർമ പുതുക്കുന്ന നാടൻ ഭക്ഷണങ്ങൾ ഞങ്ങൾക്കായി എപ്പോഴും കരുതാറുണ്ടായിരുന്നു ആ ഭവനങ്ങൾ. കുഞ്ഞുങ്ങൾ കുവൈറ്റിൽ എത്തിയപ്പോഴും മറ്റു ജീസസ് യൂത്ത് കുടുംബങ്ങളിൽ നിന്ന് കിട്ടിയ സ്വീകാര്യത ഞങ്ങൾക്ക് ഒരിക്കലും മറക്കാൻ സാധിക്കില്ല. അത് പ്രചോദനമായി സ്വീകരിച്ചു കൊണ്ട് തന്നെയാകാം പ്രാർഥനയ്ക്കും കൂട്ടായ്മയ്ക്കും വലിയ ഹാൾ ഉള്ള ഫ്ളാറ്റ് വേണമെന്ന് ഞങ്ങൾ പ്രാർഥിച്ചതും അത് ലഭിച്ചതും. അതോടൊപ്പം ഞങ്ങളും കുടുംബമായി വീടെടുത്തതിന് ശേഷം യുവജനങ്ങളെ വീട്ടിലേക്ക് ക്ഷണിക്കാനും അവരോടൊത്ത് പ്രാർഥിക്കാനും, പങ്കുവയ്ക്കാനും, ഭക്ഷണം കഴിക്കാനും എപ്പോഴും താത്പര്യം കാണിക്കാൻ തുടങ്ങിയതും.

വെള്ളിയാഴ്ചകൾ പലപ്പോഴും ഹോസ്റ്റലുകളോ ക്യാമ്പുകളോ സന്ദർശനം നിർബന്ധമായിരുന്നു, കാരണം ഞാനടക്കമുള്ളവർക്ക് കിട്ടിയ ജീസസ് യൂത്ത് കൂട്ടായ്മയുടെ മാധുര്യം മറ്റുള്ളവർക്കും ലഭിക്കണമെന്ന് ഞങ്ങൾക്ക് നിർബന്ധമുണ്ടായിരുന്നു. കമ്പനി ക്യാമ്പുകളുടെ നാലു ചുവരുകൾക്കിടയിലെ യുവജനങ്ങളുടെയും, കുടുംബസ്ഥരായവരുടെയും സങ്കടങ്ങളിലേക്ക്, ഒറ്റപ്പെടലുകളിലേക്ക്, നാട്ടിലുള്ള വേണ്ടപ്പെട്ടവരെയും–സ്വന്തക്കാരെയും കുറിച്ചുള്ള വേവലാതികൾക്കിടയിലേക്ക് ആശ്വാസവും പ്രത്യാശയുമായി ഞങ്ങളും മിഷണറിമാരായി കടന്നു ചെന്നു; 'ക്രിസ്തുവിൽ ഒരുമിക്കാനും ആശ്വാസം കണ്ടെത്താനുമുള്ള ആഹ്വാനവുമായി.'

ഞങ്ങൾ കണ്ടുമുട്ടിയവരിൽ അധികം പേരും ആദ്യമായാണ് കുവൈറ്റിൽ ഒരു കത്തോലിക്കാ ദേവാലയം ഉള്ള കാര്യം പോലുമറിയുന്നത്. ആ കാലയളവിൽ ക്യാമ്പുകളിലും ഹോസ്റ്റലുകളിലും ഉള്ളവരെ പള്ളിയിലെത്തിക്കാൻ ബസ് സർവീസുകൾ ഞങ്ങൾ നടത്തുമായിരുന്നു. സ്വന്തമായി വാഹനം ഇല്ലാത്തവർക്കും, ദൂരെ സ്ഥലങ്ങളിൽ നിന്നും വിശുദ്ധകുർബാനയിൽ പങ്കെടുക്കാൻ ആഗ്രഹമുണ്ടായിരുന്നവർക്കുമെല്ലാം ഇത് വലിയ ഉപകാരമായിരുന്നു. കുറഞ്ഞ പൈസ മേടിച്ചു കൊണ്ടും, ശമ്പളം ഇല്ലാത്തവരെ ഫ്രീയായും ബസിൽ കൊണ്ടുപോകാൻ സാധിച്ചിരുന്നു. കുവൈറ്റിന്റെ പല മേഖലകളിൽ നിന്നും ഇന്നും ജീസസ് യൂത്ത് ക്രമീകരിക്കുന്ന ബസ് സർവീസുകൾ ആളുകളെ പള്ളിയിലെത്തിക്കുന്നുണ്ട്.

ദേവാലയത്തെ ക്യാമ്പുകളിലേക്ക് കൊണ്ടുവരുവാനും, ക്യാമ്പുകളെ ദേവാലയത്തി





> ഏതൊരാവശ്യത്തിനും ഓടിക്കയറി ചെല്ലാവുന്ന ജീസസ് യൂത്ത് ഭവനങ്ങളും അവരുടെ ചിരിക്കുന്ന മുഖങ്ങളുമായിരുന്നു കുവൈറ്റ് ജീസസ് യൂത്തിൽ എന്നെ ആകർഷിച്ച ഘടകങ്ങൾ

ലേക്ക് എത്തിക്കുവാനുമുള്ള ചുമതല ജീസസ് യൂത്ത് എന്ന മിഷണറി മൂവ്മെന്റിന്റ ഉത്തരവാദിത്വമാണ് എന്ന് അന്തരിച്ച കമില്ലോ ബാലിൻ പിതാവ് എപ്പോഴും പറയുമായിരുന്നു. ഫർവാനിയ, അബ്ബാസിയ, ഖൈതാൻ, സുലൈബിയ, അഹമ്മദി, മീനബ്ദുള്ള, ഫഹീൽ, മൻഗാഫ് എന്നീ സ്ഥലങ്ങളിലെ ക്യാമ്പുകളും ഹോസ്റ്റലുകളും സന്ദർശിക്കുമ്പോഴെല്ലാം പിതാവ് ഞങ്ങളെ ഏൽപിച്ചിരുന്ന ഉത്തരവാദിത്വം കഴിയുന്നത്ര നിറവേറ്റാൻ ഞങ്ങൾ ശ്രമിച്ചിരുന്നു.

2016ൽ ഇന്റർനാഷണൽ ജീസസ് യൂത്തിന് തങ്ങളുടെ മുന്നോട്ടുള്ള സുഗമമായ പ്രവർത്തനത്തിന് സഭയുടെ ഔദ്യോഗിക അംഗീകാരം (Approval from Holy See) ലഭിച്ചു. അതിന്റ പേപ്പർ വർക്കുകൾ തുടങ്ങിയപ്പോൾ അതിനാവശ്യമായ റെഫറൽ ലെറ്റർ, ഇന്ത്യക്ക് പുറത്തു നിന്ന് ആദ്യമായി കുവൈറ്റിലെ തങ്ങളുടെ പ്രിയപ്പെട്ട ബിഷപ്പിൽ നിന്നുമായിരുന്നു എന്ന് കുവൈറ്റ് ജീസസ് യൂത്ത് നന്ദിയോട് സ്മരിക്കുന്നു.

പടിപടിയായുള്ള ആത്മീയ വളർച്ചയ്ക്കും, കൂദാശകളോട് ചേർന്ന് ജീവിക്കാനും, വിശുദ്ധ കുർബാനയിലെ പങ്കാളിത്തവും, നോമ്പും, ഉപവാസവും, ഫോർമേഷൻ ട്രെയിനിങ്ങുകളും തുടങ്ങി ആത്മീയ ഉന്നതിക്കുതകുന്ന എല്ലാ കാര്യങ്ങൾക്കും വ്യക്തിപരമായി ഞാൻ തുടക്കം കുറിച്ചത് ജീസസ് യൂത്ത് മൂവ്മെന്റ് എന്നിൽ ചെലുത്തിയ സ്വാധീനത്താലാണ്. പ്രോ ലൈഫിന് വേണ്ടി നിലകൊള്ളാനും, സെൽ ഗ്രൂപ്പുകളിലൂടെയുള്ള വളർച്ചക്കും ജീസസ് യൂത്ത് മൂവ്മെന്റ് വളരെയധികം സഹായിച്ചുകൊണ്ടിരിക്കുന്നു. മൂവ്മെന്റിലെ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാനും, സഭയ്ക്കും സമുദായത്തിനും വേണ്ടി നിലകൊള്ളാനും എന്നെ ഒരുക്കുന്നതും ജീസസ് യൂത്ത് തന്നെയാണെന്ന് എനിക്ക് അഭിമാനത്തോടെ പറയാൻ സാധിക്കും.

തുടക്കകാലങ്ങളിലും തുടർന്നും ഈ മിഷണറി മൂവ്മെന്റിന് അടിത്തറപാകിയവരിൽ പല കുടുംബങ്ങളും ഇന്ന് പ്രവാസ ജീവിതം അവസാനിപ്പിച്ചുകൊണ്ട് നാട്ടിലേക്ക് മടങ്ങുകയോ, മറ്റു യൂറോപ്യൻ രാജ്യങ്ങളിലേക്ക് കുടിയേറ്റത്തിന്റ മേച്ചിൽ പുറങ്ങൾ തേടി സുവിശേഷവത്ക്കരണത്തിനായി പോവുകയോ ചെയ്തു കഴിഞ്ഞു. അവർ നൽകിയ അകമഴിഞ്ഞ പ്രോത്സാഹനവും, പങ്കുവച്ച സ്നേഹവും, സ്നേഹകൂട്ടായ്മകൾക്കായി അവർ തുറന്നിട്ട അവരുടെ ഭവനങ്ങളുടെ വാതിലുകളും ഞാനും ഓരോ ജീസസ് യൂത്തും സ്നേഹത്തോടെ സ്മരിക്കുന്നു.

ഫാ. അബ്രഹാം പള്ളിവാതിക്കൽ, അന്തരിച്ച ഫാ. ചെറിയാൻ നേരെവീട്ടിൽ, ഫാ. ജോസഫ് അന്തിക്കാട്ട്, ഫാ. ജോർജ് കുംബ്ലുമൂട്ടിൽ, ഫാ. ബിറ്റാജു മാത്യു, ഫാ. ഷൈജൻ, മനോജ് സണ്ണി, ഡോ. എഡ്വേർഡ് എടേഴത്ത്, സി സി ജോസഫ്, പോലീസ് ബാബു, ബേബിച്ചായൻ, അലക്സ് ഞാവള്ളി, റോണി, ജോഷി മാളിയേക്കൽ, ഇടുക്കി സജി, തങ്കച്ചൻ ചേട്ടൻ, ബീന മനോജ്, ഡോ. സിന്ധു, ചാക്കോച്ചൻ ഞാവള്ളി, ഇടുക്കി സുനിൽ, ജോർജ് ദേവസ്യ, സുബിൻ, ഷോയ്, ടോം മൈക്കിൾ, റൈജു വർഗീസ്, ശശി ഇമ്മാനുവേൽ, ഷാജി വൈക്കത്തുപറമ്പിൽ, റെജി കാരോട്ട്, സണ്ണിച്ചായൻ തുടങ്ങി വിവിധ കാലയളവുകളിൽ ഇന്ത്യയിൽ നിന്നും മറ്റു വിദേശ രാജ്യങ്ങളിൽ നിന്നും കുവൈറ്റിൽ എത്തി ഞങ്ങളെ ആത്മീയമായി വളരുവാൻ സഹായിച്ച ബഹുമാനപ്പെട്ട അച്ചൻമാരെയും പ്രിയപ്പെട്ട സീനിയർ ലീഡേഴ്സിനേയും ഈ ജൂബിലി ആഘോഷത്തിൽ ജീസസ് യൂത്ത് സ്നേഹത്തോടെ ഓർമിക്കുന്നു.

ഇന്ന് ഒമ്പതാമത്തെ നാഷണൽ കൗൺസിൽ വഴിയായി കുവൈറ്റ് ജീസസ് യൂത്ത് നയിക്കപ്പെടുന്നു. ഇരുപത്തഞ്ച് വർഷങ്ങൾക്കിപ്പുറം മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ മൂന്ന് ഭാഷകളിൽ, പത്തിലധികം മിനിസ്ട്രികളും, ടീമുകളുമായി, കുവൈറ്റിലെ നാല് റീജിയനുകളിലും തങ്ങളുടെ ശക്തമായ സാന്നിധ്യം അറിയിച്ചുകൊണ്ട് കുവൈറ്റ് ജീസസ് യൂത്ത് അതിന്റ പ്രയാണം തുടരുകയാണ് – 'ആത്മാക്കളെ നേടണം എന്നുള്ള ദാഹത്തോടെ.'

ഫെബ്രുവരി 8ന് കുവൈറ്റ് ഹോളി ഫാമിലി ചർച്ചിൽ ജൂബിലി ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യപ്പെട്ടു. ഒരു വർഷത്തോളം നീണ്ടുനിൽക്കുന്ന ക്യാമ്പ് വിസിറ്റുകൾ, ഫാമിലി ഔട്ട്റീച്ചുകൾ, ധ്യാനങ്ങൾ, തീർഥാടനങ്ങൾ, യുവജന കൂട്ടായ്മകൾ, ജെറിക്കോ പ്രാർഥനകൾ, പ്രത്യേക പ്രാർഥനാ കൂട്ടായ്മകൾ തുടങ്ങി അനവധി നിരവധി പരിപാടികളുമായി കുവൈറ്റിൽ അങ്ങോളമിങ്ങോളം അനേകരിലേക്ക് ക്രിസ്തുവിന്റ സുവിശേഷവുമായി എത്തിച്ചേരാനാണ് കുവൈറ്റ് ജീസസ് യൂത്ത് ഒരുങ്ങുന്നത്◆

*(ലേഖിക ഭർത്താവ് റോബിനോടും കുടുംബത്തോടുമൊപ്പം കുവൈറ്റിൽ താമസം)*



# നന്ദി പറയാറുണ്ടോ?

അട്ടപ്പാടി സെഹിയോൻ ധ്യാനകേന്ദ്രത്തിൽ നിന്നും ഒരാഴ്ചത്തെ ധ്യാനം കൂടി തിരിച്ച് പാലായ്ക്കുള്ള കെ.എസ്.ആർ.ടി.സി. ബസിൽ യാത്രയിലായിരുന്നു ഞാൻ. ഉച്ചക്ക് 12:45നാണ് ബസ്. തൊട്ടടുത്തുള്ള താവളം ബസ്റ്റോപ്പിൽ ബസ് ജീവനക്കാർ ഉച്ച ഭക്ഷണം കഴിക്കാൻ ബസ് നിറുത്തിയിടാറുള്ളത് കൊണ്ട് അവിടെ ചെന്ന് കയറിയാൽ ഏതായാലും സീറ്റ് കിട്ടുമെന്നുള്ള ശുഭപ്രതീക്ഷയിൽ ഞാൻ അങ്ങോട്ടേക്ക് നടന്നു. ബസ്റ്റോപ്പിൽ ചെന്നിരുന്ന ഞാൻ ഫോൺ വിളിച്ചു കൊണ്ടിരുന്നതിനാൽ ബസ് വന്നത് ശ്രദ്ധയിൽപ്പെട്ടില്ല. ഏതായാലും കുറച്ചു കഴിഞ്ഞു നോക്കിയപ്പോൾ അതാ കിടക്കുന്നു പാലാ എന്ന് വലിയ അക്ഷരത്തിലെഴുതി നമ്മുടെ കെ.എസ്.ആർ.ടി.സി. ബസ്. ഞൊടിയിടയിൽ ഞാനെന്റെ ബാഗുമെടുത്ത് ബസ് ലക്ഷ്യമാക്കി വച്ചുപിടിച്ചു. ആദ്യം ചെന്ന് സൈഡ് സീറ്റ് പിടിക്കണം എന്ന നിഗൂഢ ലക്ഷ്യത്തോടെ ബസിലേക്ക് കാലെടുത്തുവച്ച ഞാൻ ഒന്ന് ഞെട്ടി. നാടൻ ഭാഷയിൽ പറഞ്ഞാൽ... എന്റെ കർത്താവേ പെരുന്നാളിന്റെ ആള്. ഏതായാലും ഈ ബസിന് തന്നെ പോയേ പറ്റൂ. വേറെ വഴിയൊന്നും ഇല്ലാത്തതു കൊണ്ട് ബസിൽ കയറി ഏറ്റവും മുമ്പിൽ പോയി നിന്നു. ബാഗൊക്കെ ഒരുവിധത്തിൽ ഒതുക്കിവച്ചെങ്കിലും നല്ല വളവും തിരിവുമുള്ള റോഡ് ആയിരുന്നതുകൊണ്ട് ആ നിൽപ് ഒന്ന് ബാലൻസ് ചെയ്യാൻ ഞാൻ കുറച്ച് കഷ്ടപ്പെട്ടു. പിന്നെ പരാതിയായി... എന്നാ പരിപാടിയാ കർത്താവേ ഇത്? ഒന്നുവില്ലേലും ഞാൻ ധ്യാനമൊക്കെ കൂടി വന്നതല്ലേ. എനിക്ക് ഒരു സീറ്റ് നീ തരേണ്ടതല്ലായിരുന്നോ.. തൊട്ടടുത്ത നിമിഷം അത്ഭുതമൊന്നും സംഭവിച്ച് എനിക്ക് സീറ്റ് കിട്ടിയില്ല. മണ്ണാർക്കാട് വരെ ഏതാണ്ട് ഒരു മണിക്കൂറോളം ഞാൻ ആ നിൽപ് തുടർന്നു.

മണ്ണാർക്കാട് എത്തിയപ്പോഴാകട്ടെ കർത്താവ് തന്നത് എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട ഏറ്റവും മുമ്പിലെ സൈഡ് സീറ്റാണ്. എല്ലാ കാഴ്ചയും കാണാം. ആഹാ അടിപൊളി; താങ്ക്യൂ കർത്താവേ.. ഞാൻ മനസ്സിൽ പറഞ്ഞു. അതുകഴിഞ്ഞ് ഒന്ന് ചിന്തിച്ചപ്പോഴാണ് ഒരു കാര്യം മനസ്സിലായത്; എനിക്ക് ആദ്യം തന്നെ ഈ സീറ്റ് കിട്ടുയിരുന്നെങ്കിൽ ഒരുപക്ഷേ, ഞാൻ കർത്താവിന് നന്ദി പറയുമായിരുന്നോ..? ഈശോ എന്നെ കുറച്ചുനേരം വെയിറ്റ് ചെയ്യിപ്പിച്ചത് എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട സീറ്റ് തരാനായിരുന്നല്ലോ. വിശന്നിരിക്കുമ്പോൾ കിട്ടുന്ന ഭക്ഷണത്തിന് കുറേക്കൂടി രുചി ഉണ്ടെന്ന് പറയുന്നതുപോലെ; ആ കാത്തിരിപ്പിന്റെ നിമിഷമാണ് എന്നെ നന്ദി പറയാൻ പ്രേരിപ്പിച്ചത്. ഒന്നാലോചിച്ചാൽ നമ്മുടെ ജീവിതത്തിലും ഇങ്ങനെ തന്നെയല്ലേ.. ആഗ്രഹിച്ചും കാത്തിരുന്നും പ്രാർഥിച്ചും ഒക്കെ കിട്ടുന്ന അനുഗ്രഹങ്ങൾക്ക് മൂല്യം വളരെ കൂടുതലല്ലേ അതിനെ ഓർത്ത് നമ്മൾ നന്ദി പറയാറുണ്ടോ?

മറ്റൊരു ചിന്ത വന്നത് ഇപ്രകാരമായിരുന്നു. സീറ്റ് കിട്ടാത്ത സമയത്തും ബസ്സ് കിട്ടിയതിനെ ഓർത്തും സുരക്ഷിതമായ ആ യാത്രയെ ഓർത്തും നന്ദി പറയാൻ എനിക്ക് സാധിച്ചില്ലല്ലോ. ഇതുപോലെ അനുദിന ജീവിതത്തിൽ നാം ഓർക്കാതെ പോകുന്ന കാണാതെ പോകുന്ന അറിയാതെ പോകുന്ന ധാരാളം അനുഗ്രഹങ്ങളും നന്മകളും ദൈവപരിപാലനയുടെ നിമിഷങ്ങളുമുണ്ട്. ഈ നിമിഷം എനിക്ക് ശ്വസിക്കാൻ സാധിക്കുന്നുണ്ടെങ്കിൽ അതുപോലും ദൈവ പരിപാലനയാണെന്ന് തിരിച്ചറിയാനും അതിനെ ഓർത്ത് നന്ദി പറയാനും നമുക്ക് കഴിയണ്ടേ?

ബസ് യാത്ര തുടരുകയാണ്... എപ്പോഴും സന്തോഷത്തോടെയിരിക്കുവിൻ. ഇടവിടാതെ പ്രാർഥിക്കുവിൻ. എല്ലാക്കാര്യങ്ങളിലും നന്ദി പ്രകാശിപ്പിക്കുവിൻ. ഇതാണ് യേശുക്രിസ്തുവിൽ നിങ്ങളെ സംബന്ധിച്ചുള്ള ദൈവഹിതം.


1 തെസലോനിക്കാ 5,16-18 എന്ന വചനം ഓർമ വന്നു. ഈ യാത്രയിൽ കർത്താവ് എനിക്ക് തന്ന ഈ ബോധ്യത്തെ ഓർത്ത് നന്ദി പറഞ്ഞുകൊണ്ട് പതുക്കെ സീറ്റിലേക്ക് ചാരി ഞാൻ എന്റെ യാത്ര തുടർന്നു◆

# എക്സ്ട്രാ മൈൽ

ഇന്നും അവൾ വന്നു അയേൺ ബോക്സ് ചോദിച്ചുകൊണ്ട്. ഉടുപ്പ് ചോദിക്കുന്ന വന് മേലങ്കികൂടി കൊടുക്കാൻ നീ പറഞ്ഞത് കൊണ്ടാ കർത്താവേ ഞാൻ ഇത്രേം നാളും അവൾക്ക് ചോദിക്കുമ്പോഴെല്ലാം അയേൺ ബോക്സ് എടുത്ത് കൊടുത്തിരുന്നത് അവളെന്നെ ഒരു ഫ്രണ്ടായി പരിഗണിച്ചിട്ടുകൂടി യില്ലെന്ന് ഓർക്കുമ്പോളാ ഇത്രേം സങ്കടം. ആവശ്യവുമായി വാതിലിൽ മുട്ടുമ്പോൾ മാത്രം ഒരു ചിരി തരും അത്ര തന്നെ. നിന്നെ സ്നേഹിക്കുന്നവനെ തിരിച്ച് സ്നേഹിക്കുന്നത് അത്ര വല്യ ഹീറോയിസം ഒന്നുമല്ലെന്ന് കാതി ലാരോ മന്ത്രിക്കുന്നപോലെ.

കാര്യമായിട്ട് ഒന്ന് കുമ്പസാരിക്കണം എന്ന ആഗ്രഹവുമായ.ി രാവിലെ തന്നെ കുർബാന കൂടി. കുമ്പസാരക്കൂട്ടിലേക്ക് ഓടുമ്പോൾ അവൾക്കെതിരെ പറയാനുള്ളതൊക്കെ മനസ്സിൽ ആവർത്തിച്ച് പറഞ്ഞോണ്ടിരുന്നു. കുമ്പസാരക്കൂട്ടിൽ മുട്ടുകുത്തി മനസ്സുതു റന്നു പറഞ്ഞുകഴിഞ്ഞപ്പോൾ അപ്പുറത്തു നിന്ന് ഒരു statement വന്നു 'there is pain in walking an extra mile' എന്ന്. എന്റെയു ള്ളിലെ ന്യായവാദങ്ങളുടെ കൂടാരം ചെറു തായി ഒന്ന് പൊളിഞ്ഞു. ഒരു മൈൽ കൂടെ അധികം നടക്കാനല്ലേ നിന്നെ വിളിച്ചിരിക്കു ന്നത് എന്ന ചോദ്യം വളരെ ക്ലിയറായി അച്ചൻ മുന്നിലേക്ക് ഇട്ടു തന്നപ്പോൾ എന്റെയുള്ളം ശൂന്യമായി. കുമ്പസാരക്കൂട്ടിൽ നിന്നും ഒരി ളങ്കാറ്റ് തലോടുന്നതറിഞ്ഞു. ക്രിസ്തുവിനെ നോക്കി നടക്കുമ്പോൾ നമുക്ക് ലോകം വയ്ക്കുന്ന അതിരുകൾ കടന്നു പോകേണ്ടി വരുമല്ലോ. അങ്ങനെ നടന്നു നീങ്ങുമ്പോൾ വേദനകളും ഒപ്പം കൂടും. നമുക്ക് വേണ്ടി 'അധികം' നടക്കാൻ ഒട്ടും മടി കാണിക്കാതി രുന്ന ക്രിസ്തുവിനുവേണ്ടി ചങ്ങാതിയെന്ന് പറയുന്ന ഞാനും അധിക ദൂരം നടക്കാൻ തയാറാകണ്ടേ.

കുമ്പസാര കൂട്ടിൽ നിന്ന് എന്നെ തിരികെ വിടുമ്പോൾ സ്നേഹത്തിന്റെ നോവുകൾ നമുക്ക് ഒരുമിച്ച് ഏറ്റുവാങ്ങാമെന്ന് പറഞ്ഞ് തന്റെ കരം തോളിലിട്ട് അവനെന്നെ ആശ്വസി പ്പിച്ചു. രണ്ടുമൈൽ കൂടി അധികം നടക്കാൻ വല്ലാത്തൊരു കോൺഫിഡൻസ് അവൻ തരുന്നുണ്ടായിരുന്നു. നിന്നെ സ്നേഹിക്കുന്ന വനെ തിരിച്ച് സ്നേഹിക്കുന്നത് അത്ര വല്യ ഹീറോയിസം ഒന്നുമല്ലെന്ന് വീണ്ടും അവനെ ന്നെ ഓർമപ്പെടുത്തി◆





ടീൻസ്പിരിറ്റ്/ചർച്ച് & സയൻസ് - ജൂഹി എൽസ് ജോർജ് & സിന്റോ വി. വർഗീസ്

# ഫാ. ക്രിസ്റ്റഫർ ക്ലാവിയസ്

ഫാ. ക്രിസ്റ്റഫർ ക്ലാവിയസ് ഒരു ജർമൻ ജെസ്യൂട്ട് പുരോഹിതനും ജ്യോതിശാസ്ത്രജ്ഞനും ഗണിതശാസ്ത്രജ്ഞനുമായിരുന്നു. ബിസി 46–ൽ ജൂലിയസ് സീസർ അവതരിപ്പിച്ച ജൂലിയൻ അധിവർഷ നിയമം, 385 വർഷത്തെ എല്ലാ കാലഘട്ടത്തിലും 3 അധിവർഷങ്ങൾ (leap year) സൃഷ്ടിച്ചു. തത്ഫലമായി, വിഷുവങ്ങളുടെയും (Equinox) അയനാന്തങ്ങളുടെയും യഥാർഥ സംഭവങ്ങൾ അവയുടെ കലണ്ടർ തീയതികളിൽ നിന്ന് പതുക്കെ നീങ്ങി മാറി. സ്പ്രിങ്ങിലെ വിഷുവമാണ് ഈസ്റ്റർ തീയതി നിർണയിക്കുന്നത്. അതിനാൽ കത്തോലിക്കാസഭ ഈ മേഖല യിലെ പരിഷ്കരണത്തിനായി സമ്മർദം ചെലുത്താൻ തുടങ്ങി. 1511–ലെ കൗൺസിലും പിന്നീട് 1563–ലെ ട്രെന്റ് കൗൺസിലും ഇക്കാര്യത്തിൽ ഒരു നടപടിയെടുക്കാൻ മാർപാപ്പയെ പ്രേരിപ്പിച്ചു. അതിന്റെ ഫലമായി പോപ്പ് ഗ്രിഗറി പതിമൂന്നാമൻ തന്റെ ഗണിതശാസ്ത്ര വിദഗ്ധ രുമായി ഇക്കാര്യത്തിൽ കൂടിയാലോചിച്ചു. അവരിൽ ഏറ്റവും മുതിർന്ന ശാസ്ത്രജ്ഞനായി രുന്നു ഫാ. ക്ലാവിയസ്. 1582 ഒക്ടോബർ 4 ബുധ നാഴ്ച (ജൂലിയൻ) യെ തുടർന്ന് 1582 ഒക്ടോബർ 15 വ്യാഴാഴ്ച (ഗ്രിഗോറിയൻ) വരണമെന്ന് അദ്ദേഹം നിർദേശിച്ചു. അധിവർഷങ്ങൾ കൃത്യമായി നാലാൽ ഹരിക്കാവുന്ന വർഷങ്ങളിലാണെന്ന് അദ്ദേഹം നിർദേശിച്ചു. ഇതിനു വിഗാതമായി 00 ൽ അവസാ നിക്കുന്ന വർഷങ്ങളെ 400 കൊണ്ട് കൃത്യമായി ഹരിക്കാമെങ്കിൽ അവയും അധിവർഷത്തിന്റെ ഗണ ത്തിൽ പെടും. വളരെ കൃത്യമായ ഈ നിയമം ഇന്നും ഉപയോഗിക്കപ്പെടുന്നു. അതുകൊണ്ടുതന്നെ നിരവധി നൂറ്റാണ്ടുകളായി കലണ്ടർ പരിഷ്കരിക്കേണ്ട ആവശ്യകത വന്നിട്ടില്ല. വാസ്തവത്തിൽ, ഒരു ദിവ സത്തെ പിശക് സംഭവിക്കുന്നതിന് 3500 വർഷ ങ്ങൾ ആവശ്യമാണ്. കലണ്ടർ ക്രമീകരിക്കുന്നതിന് സൗരവർഷത്തിന്റെ ദൈർഘ്യവും നാനൂറ് വർഷം കൂടുമ്പോൾ ആവശ്യമായ അധിദിനങ്ങളുടെ എണ്ണവും അദ്ദേഹം എങ്ങനെ കണക്കാക്കി എന്നത് പണ്ഡിത ന്മാരെ ഇന്നും അമ്പരപ്പിക്കുന്ന വസ്തുതയാണ്.



കാടും നാടും തിരിച്ചറിയാതെ മൃഗങ്ങൾ വാഴുന്ന കാലമാണിത്. തങ്ങളുടെ സ്വൈര്യജീവിതത്തിനു വിഘാതം സൃഷ്ടിക്കുന്ന മനുഷ്യരെ ആട്ടിയോടിച്ചും കൊലപ്പെടുത്തിയും ആനയും കടുവയും വിലസുന്നു. കാട്ടുപോത്തും കുരങ്ങും മാനും കാട്ടുപന്നിയും ഒക്കെ മനുഷ്യനെന്ന ശത്രുവിനെ ഇല്ലാതാക്കാൻ തീവ്രമായി പരിശ്രമിച്ചുകൊണ്ടിരിക്കുന്നു.

പലയിടങ്ങളിൽ നിന്നും മൃഗങ്ങളെ കൊണ്ടുവന്നു കാടിനകം തിക്കിനിറയ്ക്കുന്നു. കാടുവെട്ടി തേക്കും യൂക്കാലിയും കാറ്റാടിയും അക്കേഷ്യയുമൊക്കെ ലക്ഷക്കണക്കിനു കൃഷി ചെയ്യുന്നു. അതിന്റെ ചെലവിലേക്ക് കോടാനുകോടി രൂപ അടിച്ചു മാറ്റുന്നു. തേക്കിന്റെ ഇല തിന്ന് മൃഗങ്ങൾ ജീവിച്ചുകൊള്ളുമെന്നു കരുതുന്നവന്റെ ബുദ്ധി അപാരം തന്നെ. പുല്ലു തിന്നാൻ കഴിയാത്തതുകൊണ്ട് നെല്ലു വിതച്ചും വാഴ നട്ടും കപ്പ കൃഷി ചെയ്തും ജീവിക്കുന്ന ഇരുകാലിമൃഗങ്ങളെ ചവിട്ടിയൊതുക്കി കാട്ടുമൃഗങ്ങൾ അധികാരം സ്ഥാപിക്കുമ്പോൾ അതിനുള്ള പശ്ചാത്തലമൊരുക്കിക്കൊടുക്കുന്നവർ മനുഷ്യനു കൽപിക്കുന്ന മൂല്യമെന്താണ്? മനുഷ്യർ വേട്ടയാടപ്പെട്ട് മൃഗങ്ങളുടെ ആധിപത്യത്തിൻ കീഴിലെത്തുമ്പോൾ രക്ഷ എവിടെ നിന്നാണു കടന്നു വരേണ്ടത്?

# ഭ്രമയുഗം



പരിഷ്കൃത രാജ്യങ്ങൾ സംരക്ഷിത മൃഗങ്ങളായാൽ പോലും എണ്ണം വർധിച്ചാൽ അതിനെ നിയന്ത്രിക്കാനുള്ള ഏർപ്പാടുകൾ ചെയ്യും. അവിടെ മനുഷ്യനു വിലയുണ്ട്. മനുഷ്യനു മൂല്യം നൽകാത്ത ഒരു ഭരണവും ദൈവികമല്ല. അതു മാനുഷികം പോലുമല്ല. ബൈബിൾ പ്രകാരം മനുഷ്യനാണ് എല്ലാ ജീവികളെക്കാളും ഉയർന്ന സ്ഥാനമുള്ളത്. മനുഷ്യ മഹത്വത്തെ ഇടിച്ചു താഴ്ത്തി ഏതെങ്കിലും ജീവികൾക്കു പ്രാധാന്യം കൊടുക്കുന്ന നിയമനിർമാണം നടത്തിയവരെ ഏതു വർഗത്തിലാണ് ഉൾപ്പെടുത്തേണ്ടത്?

ഉദ്പാദിപ്പിക്കുന്ന കാർഷിക വിഭവങ്ങൾക്കു വേണ്ടത്ര വില കിട്ടാത്തതിനാൽ സർക്കാരോഫീസിലെ പ്യൂണിന്റെ നിലവാരത്തിൽ പോലും ജീവിക്കാൻ ഒരു സാധാരണ കർഷകന് ഇന്ന് കഴിയുന്നില്ല. അത്തരമൊരു സാഹചര്യത്തിൽ കാട്ടുമൃഗങ്ങൾ വിളവു നശിപ്പിക്കുകകൂടി ചെയ്താലുള്ള അവസ്ഥയെന്താണ്? അതിനെക്കാളുപരി ഹിംസമൃഗങ്ങൾ ജീവനുംകൂടി എടുക്കുന്ന സ്ഥിതിവിശേഷം വന്നാലെന്തു ചെയ്യും? വീടിനു പുറത്ത് ഒരാനയോ കടുവയോ നിൽക്കുന്നുണ്ടെന്ന ഭയവുമായി എത്രനാൾ തള്ളിനീക്കാൻ പറ്റും?

വനാതിർത്തിയിലുള്ള ഗ്രാമങ്ങളിൽ വസിക്കുന്നവരുടെ ദയനീയാവസ്ഥ നഗരങ്ങളിലുള്ളവർക്കു മനസ്സിലാവുകയില്ല. അതു മനസ്സിലാകണമെങ്കിൽ പാമ്പും കടുവയും ഒറ്റയാനുമൊക്കെ അവരുടെ മുറ്റത്തു കടന്നു വരണം. കപട മൃഗസ്നേഹികളുടെയും പ്രകൃതി സ്നേഹികളുടെയും വീട്ടുമുറ്റത്തേക്ക് ഇത്തരം ഹിംസമൃഗങ്ങളെ കൊണ്ടുവിടുക. അവരും നേരിട്ടനുഭവിക്കട്ടെ പ്രകൃതിസ്നേഹത്തിന്റെ അപാരത. അജീഷ് എന്ന ചെറുപ്പക്കാരൻ വയനാട്ടിൽ ആനയുടെ ചവിട്ടേറ്റു പിടഞ്ഞു മരിച്ചപ്പോൾ അധികാരികളുടെ തുടർ നടപടികൾ ജനങ്ങൾക്ക് ആശങ്ക ഉളവാക്കുന്നു. ഏതാനും ലക്ഷം രൂപകൊണ്ട് നാഥൻ നഷ്ടപ്പെട്ട ഒരു കുടുംബം ജീവിക്കുമോ? തേക്കും കാറ്റാടിയുമൊക്കെ നട്ട് കാട്ടിൽ കൃത്രിമ വനം സൃഷ്ടിച്ചത് സർക്കാരാണ്. ഇതിന്റെ ഇല മൃഗങ്ങൾക്കു തിന്നാൻ കഴിയില്ലെന്നും ഈ മരങ്ങളിൽ പഴങ്ങളുണ്ടാവുകയില്ലെന്നും അറിയാത്തവരല്ലല്ലോ വനംവകുപ്പുദ്യോഗസ്ഥർ! ആണ്ടുതോറും വനവത്കരണം എന്ന പേരിൽ കോടികൾ തട്ടണം; അത്രമാത്രം. ഇതൊന്നും ചോദ്യം ചെയ്യാൻ ഇവിടെയാരുമില്ല. എന്നാൽ, വൈവിധ്യമാർന്ന കൃഷി ചെയ്ത് യഥാർഥ വനം തന്നെയാണു കർഷകർ സൃഷ്ടിച്ചെടുത്തത്. ഇത്രയും മരങ്ങൾ വച്ചു പിടിപ്പിച്ച് കാർബണിന്റെ കാഠിന്യം കുറച്ചതിന് കർഷകനെ ശ്ലാഘിക്കുകയും പരിപാലിക്കുന്നതിനുള്ള ചെലവു കൊടുക്കുകയുമാണു ചെയ്യേണ്ടത്. അന്തർദേശീയതലത്തിൽ ചെലവഴിക്കപ്പെടുന്ന കാർബൺ ഫണ്ടിന്റെ പങ്കുപറ്റുന്നവർ ആരൊക്കെയാണെന്ന് അന്വേഷിച്ചിട്ടുണ്ടോ?


1960കളിൽ മനുഷ്യന്റെ എണ്ണം പെരുകുന്നു എന്നു പറഞ്ഞ് നിയന്ത്രണവിധേയമാക്കാൻ കുടുംബാസൂത്രണമെന്ന പേരിൽ നിയമങ്ങളുണ്ടാക്കി. അതുപോലെ മൃഗങ്ങളുടെ സംഖ്യ ഉയരുമ്പോഴും അതിനെ നിയന്ത്രിക്കാൻ നിയമങ്ങളുണ്ടാക്കാൻ സാധിക്കുകയില്ലേ? കൃഷി അസാധ്യമായതുകൊണ്ടാണ് അടുത്ത നാളുകളിൽ കുടിയേറ്റ മേഖലകളിൽ നിന്നും യുവജനങ്ങൾ വിദേശത്തേക്കു ചേക്കേറിയതെന്ന യാഥാർഥ്യം മനസ്സിലാക്കണം. വന്യമൃഗശല്യം അതിന്റെ പരമകോടിയിലേക്ക് എത്തിക്കൊണ്ടിരിക്കുന്നു. മനുഷ്യന്റെ അവകാശങ്ങൾക്കുവേണ്ടി നിലകൊള്ളുന്ന ഒരു ഭരണസംവിധാനത്തിനുവേണ്ടി ഇനിയും എത്രനാൾ കാത്തിരിക്കേണ്ടിവരും?



# കുടുംബമാണു വലുത്

കുടുംബത്തിലാണു കുട്ടികൾ ജനിക്കേണ്ടതും വളരേണ്ടതുമെന്ന് ഈയിടെ സുപ്രീം കോടതി വിധി പ്രസ്താവിച്ചു. അവിവാഹിതകൾക്ക് വാടക ഗർഭധാരണത്തിലൂടെ കുട്ടികളെ വളർത്താനുള്ള അവകാശത്തിനുവേണ്ടി കോടതിയിൽ ഫയൽ ചെയ്ത കേസിന്റെ വിധിയിലാണ് സുപ്രീം കോടതിയുടെ സുപ്രധാന വിധി വന്നിരിക്കുന്നത്. കുടുംബജീവിതത്തെപ്പറ്റിയുള്ള കാഴ്ചപ്പാടുകളിൽ വലിയ മാറ്റമാണ് പുതുതലമുറയിൽ വന്നുകൊണ്ടിരിക്കുന്നത്. ചില പാശ്ചാത്യ രാജ്യങ്ങളിലെ രീതികളെ അനുകരിച്ച് കുടുംബമില്ലാതെ ജീവിക്കാനുള്ള പരീക്ഷണങ്ങൾ പുതുതലമുറയെ ആകൃഷ്ടരാക്കുന്നുവെന്നു റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. കുടുംബത്തെ പഴഞ്ചൻ രീതിയായി ചിലർ കാണുന്നു. പ്രശസ്ത സാഹിത്യകാരനായ എൻ.എസ്. മാധവന്റെ മകൾ മീനാക്ഷി റെഡ്ഡിയുടെ അനുഭവം എഴുത്തുകാരനായ റാം മോഹൻ പാലിയത്ത് ഫെബ്രുവരി 15ലെ മനോരമ ദിനപ്പത്രത്തിൽ എഴുതിയിട്ടുണ്ട്. മീനാക്ഷി മൂന്നു വർഷം ഒരാളുമായി ഒരുമിച്ചു ജീവിച്ചിരുന്നു. മൂന്നു വർഷം ജീവിച്ചപ്പോഴാണ് മുന്നോട്ടുള്ള പ്രയാണം അത്ര സുഖകരമല്ലെന്നു തോന്നിയത്. പിന്നീട് അവർ വേർപിരിഞ്ഞു. പിന്നെ മറ്റൊരാളെ കണ്ടുപിടിച്ചു. ആറു വർഷം ഒരുമിച്ചു ജീവിച്ചപ്പോഴാണ് ബന്ധം മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുമെന്ന തോന്നലുണ്ടാകുന്നത്. അപ്പോൾ ഔദ്യോഗികമായി വിവാഹം നടത്തി.

ഇന്ന് ഇന്ത്യയിലെ ഉന്നത സ്ഥാനീയരിൽ ചിലരെങ്കിലും ഇത്തരം ഒന്നിച്ചുള്ള സഹവാസത്തെ ന്യായീകരിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു. കുടുംബത്തെപ്പറ്റി വ്യക്തമായ കാഴ്ചപ്പാടുള്ള ക്രൈസ്തവരിലെ അത്യാധുനികരിൽ ചിലരെങ്കിലും ഈ വിധത്തിൽ ചിന്തിക്കുന്നുവെന്നു കാണാവുന്നതാണ്. വേഷത്തിലും ഭക്ഷണത്തിലുമൊക്കെ പാശ്ചാത്യരെ അനുകരിക്കുന്നതിന്റെ ഭാഗമായി ഇത്തരം ആശയങ്ങളെയും സ്വീകരിക്കുന്നതായിരിക്കാം. കുറച്ചുകാലം ഒന്നിച്ചു താമസിച്ചതിനുശേഷം വിവാഹിതരായാൽ പോരേയെന്നു ചോദിക്കുന്ന പലരെയും കാണാൻ കഴിഞ്ഞിട്ടുണ്ട്. വിവാഹം ഒരു കൂദാശയാണെന്നും ദൈവിക പദ്ധതിയാണെന്നും മനസ്സിലാക്കാത്തവരാണ് അത്തരക്കാരിലേറെയും.



17–19 നൂറ്റാണ്ടുകളിൽ സവർണരാൽ പീഡിപ്പിക്കപ്പെട്ടിരുന്ന ദളിതരുടെ രേഖാചിത്രം.
Courtesy: Artist M.R. Renukumar

# സവർണ ഫാസിസ്റ്റുകൾ ചരിത്രത്തെ തമസ്കരിക്കുമ്പോൾ

ആർഷഭാരത സംസ്കാരത്തിന്റെ മേന്മയെക്കുറിച്ച് സവർണ ഫാസിസ്റ്റുകൾ എപ്പോഴും വാചാലകരാകാറുണ്ട്. മഹത്തായ ഒരു കാലഘട്ടം ഇവിടെ നിലനിന്നിരുന്നു എന്നു വിശ്വസിക്കുന്നവരാണധികവും. വായനയുടെ സംസ്കാരം മനുഷ്യനു നഷ്ടപ്പെട്ടപ്പോൾ നിറംപിടിപ്പിച്ചെഴുതുന്നതൊക്കെ ഹൃദയം നിറച്ചു സ്വീകരിക്കുന്നവരെയാണ് ഇക്കാലത്ത് കണ്ടുമുട്ടുന്നവരിലധികവും. നമ്മുടെ നാടിന്റെ സംസ്കാരത്തെ തൊട്ടറിയണമെങ്കിൽ ചരിത്രത്തെ മനസ്സിലാക്കിയേ പറ്റൂ. 17, 18, 19 നൂറ്റാണ്ടുകളിലെ കേരള ചരിത്രം എത്ര പേർ വായിച്ചിട്ടുണ്ടെന്നറിയില്ല. അന്നത്തെ ദളിത് സമൂഹം സവർണരാൽ പീഡിപ്പിക്കപ്പെട്ട കൊടിയ അനുഭവങ്ങൾ മറച്ചുവയ്ക്കാൻ തത്രപ്പെടുന്നവരാണധികവും.

തിരുവിതാംകൂറിലെ ദളിതരിൽ ഗണ്യമായ വിഭാഗം ക്രൈസ്തവ മതത്തിലേക്കു വരാനുണ്ടായ കാരണങ്ങൾ നാമറിയണം. അയ്യങ്കാളി, പണ്ഡിറ്റ് കറുപ്പൻ തുടങ്ങിയവരുടെ കൃതികളിലൊക്കെ ഇതു രേഖപ്പെടുത്തിയിട്ടുണ്ട്. വയലിൽ ഉഴവു ജോലിക്ക് പോത്തിന്റെ കൂടെ ദളിതരെയും ഉപയോഗിച്ചിരുന്നുവെന്നു പറയുമ്പോൾ ക്രൂരതയുടെ വ്യാപ്തി ചിന്തിച്ചാൽ മതി. ഗർഭിണിയായ സ്ത്രീ വരെ ഇങ്ങനെ ഉഴവിനുനിന്ന് മരണപ്പെട്ടിട്ടുണ്ട്. ദളിത് കുട്ടി സ്കൂളിൽ പ്രവേശിച്ചതിനാൽ സ്കൂൾ അപ്പാടെ കത്തിച്ച സംഭവമുണ്ട്. ക്രിസ്ത്യൻ മിഷണറിമാരെ കുറ്റപ്പെടുത്തുന്ന സവർണ ഫാസിസ്റ്റുകൾ കഴിഞ്ഞ നൂറ്റാണ്ടുകളിലെ ഇവിടത്തെ സാമൂഹ്യവ്യവസ്ഥിതിയെ കണ്ണടച്ചിരുട്ടാക്കരുത്. ക്രിസ്ത്യൻ മിഷണറിമാരും അതോടൊപ്പം ചാവറയച്ചനും നൽകിയ നവോത്ഥാന പ്രവർത്തനങ്ങളെ ഉയർത്തിക്കാണിക്കാൻ നമുക്കു കഴിയണം. നുണകളെ നൂറു പ്രാവശ്യമാവർത്തിച്ച് ശരിയാണെന്നു വരുത്തിത്തീർക്കുന്ന പ്രവണതകളെ തള്ളിക്കളയാൻ സാധിക്കണം. കഴിഞ്ഞ കാലത്തെപ്പറ്റിയുള്ള നിഷ്പക്ഷമായ വായനകളും വിലയിരുത്തലുകളും പൊതുബോധത്തിൽ ഇടംപിടിക്കാത്ത സാഹചര്യം കടന്നുവരുന്നതിനാൽ നാം ഏറെ ജാഗ്രത പുലർത്തേണ്ടതുണ്ട്.



**സ്മാർട്ട് കിഡ്സ് –**
**ചിത്രീകരണം:** വെങ്കി / **കഥ:** സി. ജിയ എം.എസ്.ജെ.

# ഈശോയുടെ ഡാൻസർ

“ഓ, എന്റെ ദൈവമേ, എങ്ങനെയെങ്കിലും ഒന്ന് സ്കൂൾ തുറന്നാൽ മതിയായിരുന്നു. ഈ രണ്ടു മാസം കൊണ്ട് അപ്പൂസ് എന്നെ ഭ്രാന്തിയാക്കും.” അപ്പൂസിന്റെ അമ്മയുടെ വലിയ ശബ്ദത്തിലുള്ള ശകാരം അയൽവക്കത്തെ വീടുകളിൽ വരെ കേൾക്കാം. എല്ലാറ്റിനും കാരണം ആ നശിച്ച മൊബൈൽ തന്നെ. ഊണും ഉറക്കവുമില്ലാതെ രാത്രി വൈകിയും അപ്പൂസ് മൊബൈൽ ഗെയ്മിന്റെ മായാലോകത്ത് അങ്ങനെ പറന്നു നടക്കുകയാണ്. എന്നും സന്ധ്യാ പ്രാർഥനയ്ക്ക് സമയമാവുമ്പോഴേക്കും അപ്പൂസിന് കണ്ണുകളിൽ ഉറക്കം കേറും. തല ചൊറിഞ്ഞും ഉറക്കം തൂങ്ങിയും പ്രാർഥനാ സമയം എങ്ങനെയെങ്കിലും തള്ളിനീക്കും. പ്രാർഥന കഴിഞ്ഞാൽ വീണ്ടും അവൻ ഉന്മേഷവാനാകും. വീണ്ടും ആർത്തിയോടെ ഓട്ടമാണ്; മൊബൈലിന്റെ ലോകത്തേക്ക്. പപ്പ ഉപദേശിച്ചു നോക്കി, ചേച്ചിയും മമ്മിയും ഉപദേശിച്ചു നോക്കി. എന്തിന്, വികാരിയച്ചൻ പറഞ്ഞിട്ടുപോലും അപ്പൂസിന് തന്റെ മൊബൈൽ അഡിക്ഷൻ മാറ്റാൻ കഴിഞ്ഞില്ല. വീട്ടുകാരുടെയും കൂട്ടുകാരുടെയുമൊക്കെ ലോകത്ത് നിന്ന് അവനിപ്പോൾ വളരെ അകലെയാണ്. ക്ലാസ്സിൽ പഠനത്തിൽ ഒന്നാമനായിരുന്ന അവനിപ്പോൾ പല വിഷയങ്ങൾക്കും തോൽക്കുകയാണ്. മറ്റ് ആൺകുട്ടികളെ പോലെ ആയിരുന്നില്ല എട്ടാം ക്ലാസ്സുകാരൻ അപ്പൂസ്. അവൻ വളരെ ചെറുപ്പം മുതൽ നന്നായി ഡാൻസ് ചെയ്തിരുന്നു. കുഞ്ഞുനാളിൽ അവൻ മാതാപിതാക്കളോട് പറയുമായിരുന്നു; എനിക്ക് ഈശോയ്ക്ക് വേണ്ടി ഒരു ഡാൻസുകാരൻ ആകണം; ഡാൻസർ ഓഫ് ജീസസ്. പക്ഷേ, മൊബൈലിന്റെ പിടിയിൽ പെട്ടതോടുകൂടി ദൈവം അവന് സമ്മാനമായി നൽകിയ ഓരോ കഴിവുകളും സ്വയമേ നശിപ്പിക്കുകയായിരുന്നു അവൻ.


പതിവുപോലെ അന്നും മൊബൈൽ ഗെയിമിൽ മുഴുകി നേരം വെളുപ്പിച്ചുകൊണ്ടിരിക്കുകയായിരുന്നു അവൻ. വെളുപ്പിന് മൂന്നുമണിയോടുകൂടി പതിയെ മയക്കത്തിലേക്ക് വീണു. ക്ഷീണിച്ചവശനായ അവന്റെ കൈകളിൽ ആരോ ബലമായി പിടിച്ചു വലിച്ചു. കണ്ണുകൾ തുറന്നു നോക്കാനേ കഴിയുന്നില്ല. അത്രമാത്രം ക്ഷീണം ഉണ്ടായിരുന്നു. ബലമുള്ള ആ കൈകൾ അവനെ പിടിച്ചു വലിച്ചു ഒരു ആശുപത്രി വരാന്തയിലൂടെ കൊണ്ടുപോയി. കട്ടിലിലും നിലത്തും കസേരയിലുമൊക്കെയായി അവനെപ്പോലെയുള്ള കുട്ടികൾ. ചിലർ അലറി വിളിച്ച് ഓടുന്നു; ചിലർ ഭിത്തിയിൽ തലതല്ലി കരയുന്നു. മറ്റു ചിലർ അരികിലിരിക്കുന്നവരെ ഉപദ്രവിക്കുന്നു. കൈകാലുകൾ കട്ടിലിനോട് ചേർത്തു ബന്ധിക്കപ്പെട്ട് കുറച്ചുപേർ; കൈയിൽ ഒന്നുമില്ലാതെ തന്നെ മൊബൈലിൽ കളിക്കുന്നതുപോലെ കൈവിരലുകൾ കൊണ്ട് ചേഷ്ഠകൾ കാണിക്കുകയും വികൃതമായ ശബ്ദങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യുന്ന കുറെയധികം കുട്ടികളെ പലപല സെല്ലുകളിലായി അടച്ചിട്ടിരിക്കുന്നു. അവനൊന്നും മനസ്സിലായില്ല. ക്ഷീണം കൊണ്ട് അവനൊന്നും സംസാരിക്കാനും കഴിയുന്നില്ല. ഭിത്തിയിൽ തൂക്കിയിരിക്കുന്ന വലിയ ബോർഡ് അവന്റെ ശ്രദ്ധയിൽപ്പെട്ടു. 'മൊബൈൽ ഡി അഡിക്ഷൻ സെന്റർ ഫോർ കിഡ്സ് & യൂത്ത്.'

തന്റെ കൈയിൽ പിടിച്ചിരിക്കുന്ന ആളുടെ മുഖത്തേക്ക് അവൻ ഒന്ന് നോക്കി. അപ്പൂസ് ഞെട്ടിപ്പോയി. അയാൾ തലയിൽ ഒരു മുൾക്കിരീടം അണിഞ്ഞിരിക്കുന്നു. മുഖത്തും വസ്ത്രത്തിലും ചോര പടർന്നിരിക്കുന്നു. ഭയപ്പാടോടെ അപ്പൂസ് അയാളുടെ കൈകളിലേക്ക് നോക്കി. രണ്ട് കൈകളിലും ആണി തറച്ചിറങ്ങിയ മുറിവുണ്ട്. ആ ചോര അപ്പൂസിന്റെ കൈകളിലും പടർന്നിരുന്നു. അയാൾ അപ്പൂസിനെ ആർദ്രമായി ഒന്ന് നോക്കി. "എന്റെ പൊന്നു മോനെ, ദാ അങ്ങോട്ട് നോക്കൂ. അങ്ങേ അറ്റത്ത് ആരും ഇല്ലാതെ കിടക്കുന്ന ഒരു കട്ടിൽ കാണുന്നുണ്ടോ?" അപ്പൂസിന്റെ ദേഹമാസകലം വിറയ്ക്കാൻ തുടങ്ങി. കുട്ടികളുടെ ആ ഭ്രാന്താലയത്തിൽ അവശേഷിക്കുന്ന ആ അവസാനത്തെ കട്ടിൽ തനിക്ക് വേണ്ടിയാണോ എന്നവൻ ഭയപ്പെട്ടു. ഈശോ തന്റെ മുറിവേറ്റ കരങ്ങളാൽ അവന്റെ ശിരസ്സിൽ പതിയെ തലോടി. അപ്പൂസ് അവന്റെ മറുകൈയിലിരുന്ന അവന്റെ മൊബൈൽ ഫോൺ ഈശോയുടെ കൈകളിലേക്ക് വച്ചു. "ഈശോയെ എനിക്ക് മാപ്പ് തരണേ." അവൻ ഉറക്കെ കരഞ്ഞു. "എനിക്കിവിടെ വരണ്ട... വാ നമുക്കുവിടെ നിന്നും വേഗം പോകാം." അപ്പൂസിന്റെ ഉച്ചത്തിലുള്ള കരച്ചിൽ കേട്ട് അടുത്ത മുറികളിൽ നിന്നും അവന്റെ മമ്മിയും പപ്പയും ചേച്ചിയുമെല്ലാം ഓടിയെത്തി. വിയർത്തു കുളിച്ചു കട്ടിലിൽ എഴുന്നേറ്റിരുന്ന് കരയുന്ന അപ്പൂസിനെയാണവർ കണ്ടത്. മുറിയിലേക്ക് കടന്നുവന്ന അവരുടെ മുൻപിൽ മുട്ടുകുത്തി അവൻ എങ്ങിയേങ്ങി കരഞ്ഞു. ചാർജ് തീർന്നു കട്ടിലിന്റെ ഒരു മൂലയിൽ കിടന്നിരുന്ന മൊബൈൽ ഫോണെടുത്ത് അവൻ പപ്പയുടെ കൈകളിൽ വച്ചുകൊണ്ട് പറഞ്ഞു: സോറി പപ്പാ, മമ്മി, എനിക്ക് ഈശോയുടെ ഡാൻസർ ആകണം. അവർ അപ്പൂസിനെ ചേർത്തുപിടിച്ചു. അവന്റെ നെറ്റിയിലും മുഖത്തുമെല്ലാം അവർ ഉമ്മവച്ചു. അന്നുമുതൽ അപ്പൂസ് പഴയ അപ്പൂസായി. ഒടുവിൽ ഈശോയുടെ ഡാൻസറും.◆



# വഴുതന മാത്തൻ

കാർട്ടൂൺ - സിനിൽ കെ.ജെ





**കാറ്റ് വീശുന്ന വഴികൾ** – ഒരു കുളിർതെന്നലായി അനേകം യുവജനങ്ങളുടെ ഹൃദയത്തെ തഴുകിയുണർത്തിയ ജീസസ് യൂത്ത് മുന്നേറ്റത്തിന്റെ നാൾവഴികൾ. ഓരോ ജീസസ് യൂത്തും വായിച്ചിരിക്കേണ്ട പുസ്തകം. ഡോ. എഡ്വേർഡ് എടേഴത്ത്. വില: 140/–

**കുളിർമയുള്ള തീച്ചൂള** – അക്ഷരങ്ങളെ അഗ്നിയാക്കി യുവജന ഹൃദയങ്ങളെ ജ്വലിപ്പിച്ച കെയ്റോസ്; ജീസസ് യൂത്തിന്റെ മാധ്യമ മുഖമായി തീർന്ന കെയ്റോസ് പിന്നിട്ട വിസ്മയ വഴികളിലൂടെ സഞ്ചരിക്കുന്നു. സണ്ണി കൊക്കാപ്പിള്ളിൽ. വില: 200/–

**ദിവ്യകാരുണ്യത്തിന്റെ വാനമ്പാടി** – സുകൃതജീവിതത്തിലൂടെ വിശുദ്ധിയുടെ പരിമളം പരത്തിയ അജ്നയുടെ ജീവിതത്തിന്റെ നേർ സാക്ഷ്യം. ഫാ. ജോസഫ് കുമ്പുക്കൽ & ജിത്ത് ജോർജ്. വില: 200/–

**ദൈവത്തിന്റെ മൗനം** – മൗനത്തിലൂടെ വാചാലമായ ചിന്തകൾ പങ്കുവയ്ക്കുന്നു ശശിഇമ്മാനുവേൽ. വില: 200/–


**ഞങ്ങടെ സ്വന്തം പള്ളിയച്ചൻ** – പള്ളിയച്ചൻ എന്ന വ്യത്യസ്തനായ ഒരു പള്ളീലച്ചനെക്കുറിച്ചുള്ള 57 പേരുടെ അനുഭവക്കുറിപ്പുകൾ. ഡോ. ചാക്കോച്ചൻ ഞാവള്ളിൽ, സാജൻ സി എ, ജിന്റോ ജോൺ കോക്കാപ്പിള്ളിൽ. വില: 199/–

**ആലീസുകുട്ടിയും അത്ഭുതലോകവും** – ഇങ്ങനെയും ഒരു മനുഷ്യന് ജീവിക്കാൻ സാധിക്കുമോ !? ഏത് വായനക്കാരനെയും വിസ്മയിപ്പിക്കുന്ന പ്രൊഫ. സി.സി. ആലീസുകുട്ടിയുടെ ജീവിതം പങ്കുവയ്ക്കുന്നു. സുജമോൾ ജോസ്. വില: 150/–

**ഒലേല** – കെയ്റോസ് മാസികയിൽ പ്രസിദ്ധീകരിച്ച കുട്ടികൾക്കായുള്ള കഥകളുടെ മനോഹരമായ സമാഹാരം. ആൽഡ്രിൻ ജോസഫ്, സി. ജിയ എം.എസ്.ജെ., ജോസി ജോസഫ് ആലഞ്ചേരി. ചിത്രീകരണം: വെങ്കി. വില: 130/–

**നിശ്ശബ്ദനായ കൊലയാളി** – ഇന്നത്തെ യുവത്വം നേരിടുന്ന പ്രധാന വെല്ലുവിളികളിലൊന്നായ പോണോഗ്രഫിയെ കുറിച്ചുള്ള ഈടുറ്റ ലേഖനങ്ങൾ. യുവജനങ്ങളിലും കൗമാരക്കാരിലും തിരിച്ചറിവും ബോധ്യവും സൃഷ്ടിക്കാനുതകുന്ന പുസ്തകം. **(The silent killer)** എന്ന പേരിൽ ഇംഗ്ലീഷിലും ലഭ്യമാണ്. ബാബു ജോൺ. വില: 30/–




**Rivers of living Water** – Understanding the Jesus Youth movement from different perspectives. Dr Edward Edezhath. Price: 200/–

**Participatory Church** – Pope Francis' Vision for a Renewed Ecclesial Landscape. Leo Tom Vadakkan. Price: 180/–

**Activity Book** – A collection of art and puzzles to help children draw closer to their Catholic faith.

**Kairos Diary** – An undated journal filled with Bible verses, inspiration from the saints, art, activities and prayers.

**Kairos Buds** – Letting children discover the beauty and wellsprings of grace in the Catholic faith through fun and activities.

**Nightingale of the Holy Eucharist** – The life of Ajna George, who spread the fragrance of purity through her virtuous life. Fr Joseph Kumbuckal & Jith George. Translated by: Tania Rose Josun. Price: 200/–

**കെയ്റോസ്** *(കൗമാരക്കാർക്കും യുവജനങ്ങൾക്കുമായുള്ള കത്തോലിക്കാ മാസിക)* – അറിവും അനുഭവങ്ങളും ആത്മീയതയും സമന്വയിച്ച കാലത്തിനൊപ്പം സഞ്ചരിക്കുന്ന, കൗമാരക്കാർക്കും യുവജനങ്ങൾക്കും വേണ്ടിയുള്ള കത്തോലിക്കാ മാസിക. വില: 50/–

**Kairos Global** (Catholic magazine for youth and young families) – Helping youth and young families grow deeper in their Catholic faith through inspiring experiences, relevant information & food for thought, and wisdom of the ages. Price: 50/–





Kairos Media, 8/174, Navodaya Studio Complex, Thengode P.O, Kochi 682 030, Kerala, India
✉ kairosmag@jykairosmedia.org ✆ +91 484 2984327 ✆ 91 62382 79115 www.jykairosmedia.org

RNI No.KERMAL/2002/12027, Postal Registered No. KL/EKM/734/2022-24, Date of publication: 01/03/2024, ₹50.00




SUBSCRIBE!
TO THE BEST CATHOLIC MAGAZINE FOR YOUTH & YONG FAMILIES

To purchase
scan QR code or visit:
www.jykairosmedia.org/kairosglobal

Kairos Media, 8/174, Navodaya Studio Complex, Thengode P.O, Kochi 682 030, Kerala, India
kairosmag@jykairosmedia.org | +91 484 2984327 | 91 62382 79115 | www.jykairosmedia.org

Printed Published by Reji J. Karot on behalf of Kairos Trust Chevayur P.O., Kozhikode-673017, Kerala. Printed at Sterling Print House (P) Ltd. , Door No.49/1849, Ponekkara- Cheranalloor Road, AIMS, Ponekkara P.O, Kochi-682 041 Cell: 98479 00555. Place of Publication Kairos, 8/174, Navodaya Studio Complex, Thengod P.O, Kakkanad, Ernakulam – 682 030. Editor Adv. K.J. Johnson, Kunnathuparambil (H), P.O. Vellangallur, Thrissur 680 662